# സാമൂഹ്യപാഠങ്ങൾ

ഏഴാം സ്റ്റാൻഡേർഡിലേയ്ക്കു്

MUNAVVIRUL ISLAM HIGH SCHOOL
Date 3-5-64
ERNAKULAM.
1725

എസ്സ് ആർ. ബുക്കു് ഡിപ്പോ

തിരുവനന്തപുരം

# സാമൂഹ്യപാഠങ്ങൾ

ഏഴാം സ്റ്റാൻഡേർഡിലേയ്ക്കു്
അംഗീകരിക്കപ്പെട്ടതു്

(FORM II)

2564

പുതിയ സിലബസ്സ് അനുസരിച്ചു തയ്യാറാക്കിയിട്ടുള്ളതു്

ആർ. നാരായണപ്പണിക്കർ
ബി. ഏ., എൽ. ററി.

എസ്സ്. ആർ. ബുക്ക ഡിപ്പോ
തിരുവനന്തപുരം.

1957.

Price 85 NP.

MUNAVVIRUL ISLAM HIGH SCHOOL
Date 25.6.64
ERNAKULAM

# വിഷയ സൂചിക

അദ്ധ്യായം 1. പുറങ്ങൾ.

ഏ. പ്രകൃതിസമ്പത്ത്—1 മൃഗസമ്പത്ത് 2 സസ്യവിഭവം. 3 ഭക്ഷ്യവിളവുകൾ. 4 അസംസ്കൃതസാധന രൂപമായ വിളവുകൾ. 5 ആരാമോൽപന്നങ്ങൾ. 6 എണ്ണക്കുരുക്കൾ. 7 ധാതുവിഭവം. 1—19

ബി. സമ്പത്തു വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ—1 നദീതടപദ്ധതികൾ, 2 കൃഷിയും വ്യവസായങ്ങളും. 20—26

അദ്ധ്യായം 2.

നഗരങ്ങളും അവയുടെ പ്രധാന ഹേതുക്കളും—ഇൻഡ്യയിലെ ജനങ്ങൾ, അവരുടെ ഭാഷകളും ജനവിതരണവും 27—39

അദ്ധ്യായം 3.

ഇൻഡ്യയുടെ പാരമ്പര്യം-അശോകൻ, ഗുപ്തരാജവംശം, ശ്രീഹർഷൻ, ഹ്യുവന്ത്സാംഗ്, രജപുത്രനായകന്മാർ, രവിവർമ്മ സംഗ്രാമധീരൻ, ചോളരാജാക്കന്മാർ, വിജയനഗരം, മുകിലചക്രവർത്തിമാർ. 40—80

അദ്ധ്യായം 4.

ഇൻഡ്യയുടെ ഭരണകൂടം, നിർവാഹകസമിതി, നിയമസഭ, നീതിന്യായപരിപാ

ലനം, ക്ഷേമരാജ്യം, പൊതുമരാമത്തു്, കൃഷിവ്യവസായാഭിവൃദ്ധി, തൊഴിൽശാലാനിയമങ്ങൾ, രാഷ്ട്രം സന്ദേശവാഹകനെന്ന നിലയിൽ—
വിദ്യാഭ്യാസവും പൊതുജനാരോഗ്യവും—പഞ്ചവത്സരപദ്ധതികൾ. 81–96

അദ്ധ്യായം 5.

സുപ്രസിദ്ധ മഹതീമഹാന്മാർ—ഹാനിബാൾ, ക്യാപ്റ്റൻകുക്ക്, നെപ്പോളിയൻ, ഫ്ളോറൻസ് നൈററിംഗേൽ, ടാൾസ്റ്റായി, എഡിസൻ, റൈററു് സഹോദരന്മാർ, രവീന്ദ്രനാഥടാഗ്ഗൂർ. 97–120

അദ്ധ്യായം 6.

ഭൂമിയും സൂര്യനും—ശീതോഷ്ണ മേഖലകൾ, ഉഷ്ണമേഖലയിലെ വനപ്രദേശങ്ങൾ, ഉഷ്ണമേഖലയിലെ പുൽപ്രദേശങ്ങൾ, ഉഷ്ണമേഖലയിലെ മരുപ്രദേശങ്ങൾ, ഉപോഷ്ണമേഖലാപ്രദേശങ്ങൾ, ശീതമേഖലാപ്രദേശങ്ങൾ. 121–137

25-64

# ചിത്രങ്ങൾ


| | | പുറം |
|---|---|---|
| 1. | ഇൻഡ്യൻ റിപ്പബ്ലിക്ക് | 28 |
| 2. | അശോകൻ | 41 |
| 3. | അശോകസാമ്രാജ്യം | 44 |
| 4. | അശോകസ്തംഭം | 45 |
| 5. | സമുദ്രഗുപ്തന്റെ അക്രമണപ്രദേശങ്ങൾ | 47 |
| 6. | അക്ബർ | 75 |
| 7. | താജ്മഹൽ | 78 |
| 8. | ഔരംഗസേബ് | 79 |
| 9. | നെപ്പോളിയൻ ബോണപ്പാട്ട് | 105 |
| 10. | ഫ്ളോറൻസ് നൈറ്റിംഗേൽ | 111 |
| 11. | ടാൾസ്റ്റായി | 114 |
| 12. | എഡിസൻ | 116 |
| 13. | വിൽബർ റൈറ്റ് | 117 |
| 14. | രവീന്ദ്രനാഥടാഗോർ | 119 |
| 15. | രാത്രിയും പകലും | 122 |
| 16. | ഭൂമേഖലകൾ | 124 |
| 17. | സൗരവ്യൂഹം | 126 |
| 18. | ഉഷ്ണമേഖലാ പുൽപ്രദേശങ്ങൾ | 130 |
| 19. | ശീതമേഖലാ മരുപ്രദേശങ്ങൾ | 132 |

# സാമൂഹ്യപാഠങ്ങൾ

MUNAVVIRUL ISLAM HIGH SCHOOL, ERNAKULAM.
2564

## അദ്ധ്യായം 1

## ഇൻഡ്യയുടെ സമ്പത്ത്

### എ. പ്രകൃതിസമ്പത്ത്

പ്രകൃതിവിഭവങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യ അനുഗ്രഹീതമായ ഒരു രാജ്യമാകുന്നു. ഈ പ്രകൃതിവിഭവങ്ങളെ വേണ്ടപോലെ ചൂഷണം ചെയ്ത് പരിഷ്കരിക്കയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിലാണു് നമ്മുടെ രാജ്യത്തിന്റെ ഐശ്വര്യം സ്ഥിതിചെയ്യുന്നതു്. പാശ്ചാത്യരാജ്യങ്ങൾ, പ്രത്യേകിച്ചു് ഗ്രേറ്റുബ്രിട്ടൻ, അമേരിക്ക, ജർമ്മനി, റഷ്യ മുതലായവ ഈ വിഷയത്തിൽ പൌരസ്ത്യരാജ്യങ്ങളെക്കാൾ തുലോം പുരോഗമിച്ചിരിക്കുന്നതായി നാം കാണുന്നു. അവയോടൊപ്പം എത്തുന്നതിനാണു് ഇന്നു് ഇൻഡ്യയും പഞ്ചവത്സരാദി പദ്ധതികൾ കൊണ്ടു് ഉദ്ദേശിക്കുന്നതു്.

#### 1. മൃഗസമ്പത്തു്

മൃഗങ്ങളെ നാട്ടുമൃഗങ്ങളെന്നും കാട്ടുമൃഗങ്ങളെന്നും രണ്ടായി തരംതിരിക്കാം. നാട്ടുമൃഗങ്ങളിൽ സർവ്വപ്രധാനം പശുവും, അതിനടുത്തതു് ആടും ആണു്. പശുക്കളെ ഗോമാതാവു് എന്ന പേരിൽ ഹിന്ദുക്കൾ ഇന്നും ആരാധിച്ചുപോരുന്നതിനു കാരണമുണ്ടു്. മനുഷ്യശരീരത്തിനു പോഷകമായ പാലും, തൈരും, വെണ്ണയും അവയിൽനിന്നാണല്ലോ നമുക്കു ലഭിക്കുന്നതു്. കാളകളെ നിലം ഉഴുന്നതിനും വണ്ടി വലിക്കുന്നതിനും, ആഴമേറിയ കിണറുകളിൽനിന്നു ജലം ചുട്ടുക്കുന്നതിനും, ചക്കാട്ടുന്നതിനും മററുമായും ഉപയോഗിച്ചുവരുന്നു. ചത്തുപോകുന്ന

കന്നുകാലികളുടെ തോലുപോലും വളരെ ഉപയോഗപ്രദമാണ്. എല്ലാററിനും പുറമേ ചാണകം കൃഷിക്ക് അത്യന്താവശ്യകവുമാണ്.

ലോകത്തിൽവച്ച് ഏററവും കൂടുതൽ പശുക്കളെ വളർത്തുന്ന രാജ്യം ഭാരതമാണ്. 1951-ലെ കണക്കനുസരിച്ച് ഇൻഡ്യയിൽ നാലുകോടി അറുപത്തിമൂന്നു ലക്ഷം കറവപ്പശുക്കളും, രണ്ടുകോടി പത്തുലക്ഷം എരുമകളും ഉണ്ടായിരുന്നത്രേ. എന്നാൽ ഓരോ പശുവിൽനിന്നും എരുമയിൽനിന്നും ലഭിക്കുന്ന പാൽ അവുസ്ത്രേലിയ മുതലായ രാജ്യങ്ങളിലേതിനേക്കാൾ വളരെ കുറവാണ്. ആ ന്യൂനതകളെ പരിഹരിപ്പാനുള്ള ഏർപ്പാടുകൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ചെയ്തിട്ടുണ്ട്. ഏററവും കൂടുതൽ പശുക്കളെ വളർത്തുന്ന ഇൻഡ്യൻ പ്രദേശങ്ങൾ, ഗുജറാററ്, ഉത്തരപ്രദേശം, ബംഗാൾ, മദ്രാസ്, ബീഹാർ, പഞ്ചാബ്, രാജസ്ഥാനം ഇവയാകുന്നു. ഗുജറാത്തിപ്പശുക്കൾ ആകൃതിയിൽ വലിപ്പവും അഴകും ഏറിയവയും കൂടുതൽ പാല് നൽകുന്നവയും ആണ്.

ജലസമൃദ്ധിയുള്ള സ്ഥലങ്ങളിലെല്ലാം എരുമകളെ ധാരാളമായി കാണാം. എരുമപ്പാലിനു പശുവിൻപാലിനേക്കാൾ കൂടുതൽ കൊഴുപ്പുള്ളതിനാൽ, അതിൻെറ ആവശ്യം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പോത്തുകളെ നിലം ഉഴുന്നതിനായും ഉപയോഗിച്ചു വരുന്നു.

ആടുകൾ ഗിരിമയമായ വരണ്ട പ്രദേശങ്ങളിൽ എല്ലാം കാണപ്പെടുന്നു. ദക്ഷിണ പീഠഭൂമി, പഞ്ചാബ്, ഒറിസ്സാ, ബീഹാർ, ഉത്തരപ്രദേശം, ബോംബേ, കാശ്മീരം എന്നീ ദിക്കുകളിലെല്ലാം ആടുകൾ വളർത്തപ്പെടുന്നുണ്ട്. കേരളത്തിൽ ആടുകളെ പ്രാധാന്യേന പാലിനു വേണ്ടിയും മാംസത്തിനു വേണ്ടിയും മാത്രമാണ് വളർത്തിവരുന്നതു്.

ISLAM HIGH SCHOOL ERNAKULAM

എന്നാൽ പഞ്ചാബ്, കാശ്മീരം, ദക്ഷിണ പീഠഭൂമി, എന്നീ ദേശങ്ങളിൽ രോമത്തിനായി വളർത്തപ്പെടുന്ന ചെമ്മരിആടുകൾ അധികമായി കാണപ്പെടുന്നു.

തോലുകൾ കൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ മിക്ക നഗരങ്ങളിലും ചെറുതോതിൽ നടത്തപ്പെടുന്നു; എന്നാൽ കാൺപൂരിൽ വൻതോതിൽ നടത്തപ്പെടുന്ന തോൽവ്യവസായശാലകളുണ്ട്. പക്ഷേ ഇൻഡ്യയിൽ നിന്നു ലഭിക്കുന്ന തോലുകളിൽ ഒരു അംശം മാത്രമേ, ആ തൊഴിൽശാലകളിൽ ഉപയോഗിക്കപ്പെടുന്നുള്ളൂ. ബാക്കിയുള്ളവ വിദേശരാജ്യങ്ങളിലേക്ക കയററി അയയ്ക്കപ്പെട്ടുവരുന്നു. ആ സ്ഥാനത്തിൽ നാട്ടിനു് അനേക ലക്ഷം രൂപ പ്രതിവർഷം ലഭിക്കുന്നുണ്ടു്.

നാട്ടുമൃഗങ്ങളിൽവച്ചു് കുതിരകൾക്കും പ്രാധാന്യം ഉണ്ടു്. 1929-ൽ 17 ലക്ഷം കുതിരകൾ ഉണ്ടായിരുന്നതു് ഇപ്പോൾ ഏകദേശം ഇരട്ടിച്ചിരിക്കുന്നു. ഒട്ടകം വളരെ കുറവാകുന്നു. ഉള്ളവയിൽ അധികഭാഗവും രാജസ്ഥാനത്തിലാണു്.

ഇൻഡ്യയിൽ വനപ്രദേശങ്ങൾ നാൾക്കുനാൾ കുറഞ്ഞുവരുന്നതിനാൽ, കാട്ടുമൃഗങ്ങളും കുറഞ്ഞു കുറഞ്ഞു വരുന്നു. സിംഹവും കാണ്ടാമൃഗവും മിക്കവാറും ഇല്ലാതായെന്നു പറയാം. ആന കേരളത്തിലും മൈസൂറിലും ഉണ്ടു്. അവയെ പിടിച്ചു് ഇണക്കി പലവിധത്തിൽ ഉപയോഗപ്പെടുത്താറുമുണ്ടു്. മലകളിൽ തടി പിടിക്കുന്ന ജോലി സാധാരണമായി ആനകളാണു് ചെയ്തുവരുന്നതു്. ആനകളിൽനിന്നു ലഭിക്കുന്ന ദന്തം വളരെ വിലയേറിയതാകുന്നു. ദന്തവേലയ്ക്കു് മൈസൂറും തിരുവനന്തപുരവും അതിപ്രസിദ്ധപ്പെട്ടതാണു്.

ഇവയ്ക്കു പുറമേ, കടുവാ, കാട്ടുപോത്തു്, ചീററപ്പുലി, പന്നി, കരടി, മാൻ, കുറുക്കൻ മുതലായ മൃഗങ്ങളും

നമ്മുടെ വനങ്ങളിൽ ഉണ്ട്. വന്യമൃഗങ്ങളെ കൊന്നൊടുക്കിക്കളയാതിരിക്കുന്നതിനുവേണ്ടി, ഗവൺമെൻറിൽ നിന്നു പല മൃഗസംരക്ഷണകേന്ദ്രങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. അതിലൊന്നാണ് കേരളത്തിലെ തേക്കടിയിലുള്ള കേന്ദ്രം.

## 2. സസ്യവിഭവം

ഒരു രാജ്യത്തിൻെറ ശ്രേയസ്സ് സുരക്ഷിതമായ വനപ്രദേശത്തിൻെറ പരിമാണത്തെ ആശ്രയിച്ചിരിക്കുന്നു. വനങ്ങൾ കണ്ടമാനം വെട്ടിത്തെളിച്ചു കളഞ്ഞതിനാൽ, വെറും മരുഭൂമികളായിത്തീർന്നുപോയ പ്രദേശങ്ങൾ പലതുമുണ്ട്. രാജപുട്ടാണ അതിനുദാഹരണമാണ്. ഹിമവാൻെറ താഴ്വരകളിലും, വിന്ധ്യാപ്രദേശത്തും അസ്സാമിലും പശ്ചിമഘട്ടത്തിൻെറ പടിഞ്ഞാറേ ചരിവിലും വലിയ വനങ്ങൾ ഇപ്പോഴുമുണ്ട്. ഏതാണ്ട് മൂന്നിലൊരു ഭാഗമെങ്കിലും വനം ഉണ്ടായിരിക്കേണ്ടതാണ്. ഇന്നു കഷ്ടിച്ചു അഞ്ചിലൊന്നു വനമെന്ന നിലയിൽ സംരക്ഷിക്കപ്പെട്ടുന്നുള്ളു. ആറുലക്ഷം ഏക്കർ സ്ഥലത്തു പുതിയ വനങ്ങൾ ഉണ്ടാക്കാൻ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

വനങ്ങളിൽനിന്നു സക്കാരിലേക്ക് ആണ്ടുതോറും ലഭിക്കുന്ന ആദായം വളരെ വലുതാണ്. അതിനും പുറമേ യഥാകാലം മഴ പെയ്യിക്കുന്നതിനും, മണ്ണൊലിപ്പു തടയുന്നതിനും, നദികൾ വഴിക്ക് കൃഷിക്കുപയുക്തമായ എക്കലുകൾ നല്കുന്നതിനും വനങ്ങൾ അത്യന്തം ഉപകരിക്കുന്നു.

വനങ്ങളിൽനിന്നു ലഭിക്കുന്ന തടികളെ മൃദുദാരുക്കൾ എന്നും കഠിനദാരുക്കൾ എന്നും രണ്ടായി തരംതിരിക്കാം. ഈ രണ്ടുവിധ തടികളും നമുക്കു വളരെ ഉപയോഗപ്രദമാണ്. ഉത്തര ഇൻഡ്യയിൽ സമൃദ്ധമായുണ്ടാകുന്ന മൃദുദാരു

ക്കൾ കടലാസ്സ് പൾപ്പ്, തീപ്പെട്ടി മുതലായവ ഉണ്ടാക്കാനായി ഉപയോഗിച്ചുവരുന്നു. കേരളത്തിലെ മൃദുദാരുക്കൾ അതുപോലെ പൊങ്ങുതടിക്കും തീപ്പെട്ടി നിർമ്മാണത്തിനും കൊള്ളാം. ഇലവ് അത്തരത്തിലുള്ള ഒരു തടിയാണ്.

ശാന്തമേഖലയിൽ ഋജുവായി കോണാകാരത്തിലുള്ള ഇലപ്പരപ്പോടുകൂടി വളരുന്ന മൃദുദാരുക്കൾ കമ്പത്തൂണുകൾക്കു പററിയവയാകുന്നു. അവയിൽനിന്ന് എടുക്കുന്ന ഒരു മാതിരി കുന്തുരുക്കം പെയിൻറുകൾ (ചായങ്ങൾ) ഉണ്ടാക്കുന്നതിന് ഉപയുക്തമാണ്. ഹിമവൽപ്രദേശങ്ങളിൽ അത്തരം വൃക്ഷങ്ങൾ സമൃദ്ധിയായി വളരുന്നു.

കഠിനദാരുക്കളിൽവച്ച് പ്രധാനം തേക്കാണ്. അതിനെ 'ദ്രുമരാട്ട്' എന്നു വിളിച്ചുവരുന്നു. വീടുകൾ പണിയിക്കാനും, വീട്ടുസാമാനപ്പണികൾക്കും, വഞ്ചികൾ കപ്പലുകൾ, റയിൽവേക്കോച്ചുകൾ മുതലായവ ഉണ്ടാക്കാനും തേക്കാണ് ഉത്തമം. ആണ്ടുതോറും അനേകലക്ഷം ഉറുപ്പിക വിലവരുന്ന തേക്കുതടികൾ ഇൻഡ്യയിൽനിന്നു കയററി അയയ്ക്കാറുണ്ട്. കേരളത്തിലും, ആസ്സാമിലും, മധ്യസംസ്ഥാനത്തും തേക്കുതടി ധാരാളം വളരുന്നു.

ഈട്ടി, കരുന്താളി, ചന്ദനം, തോതകത്തി, മരുത്, തമ്പകം, ഉങ്ങ്, വേങ്ങ, തേമ്പാവ്, അകിൽ മുതലായവയും കഠിനദാരുക്കളാകുന്നു അവയിൽ ഈട്ടി മരപ്പണിക്കു നന്ന്. ചന്ദനത്തിരി, ചന്ദനത്തൈലം മുതലായവ ഉണ്ടാക്കാനും ഔഷധങ്ങൾക്കും ചന്ദനം ഉപകരിക്കുന്നതിനാൽ റാത്തലിനു രണ്ടു രൂപയോളം വില കൊടുക്കണം. വിലക്കൂടുതൽകൊണ്ട് ചന്ദനം വീട്ടുപണിക്ക് അധികമായി ഉപയോഗിക്കാറില്ല. മൈസൂറിലും തിരുവിതാംകൂറിലും ചന്ദനമരം ധാരാളം ലഭിക്കുന്നു. മററു കഠിനദാരുക്കളെല്ലാം വീട്ടുപണിക്കു കൊള്ളാം. തേമ്പാവിൻെറ

യും പയിനിന്റെയും തടികൾ റയിൽവേപാളങ്ങൾ ഇടാനുള്ള സ്ലിപ്പറുകൾക്കായി ഉപയോഗിച്ചുവരുന്നു. വീട്ടു പണിക്കും തേമ്പാവു് ഉപയോഗിക്കാറുണ്ടു്.

തമ്പകം വള്ളപ്പണിക്കു കൊള്ളാം. ആഞ്ഞിലി (അയിനി) കെട്ടിടപ്പണി, വഞ്ചിനിർമ്മാണം, സാമാന്യപ്പണി ഇവയ്ക്കെല്ലാം നല്ലതാകുന്നു.

ഈ മരങ്ങളെല്ലാം പശ്ചിമപർവ്വതത്തിന്റെ ചരിവുകളിൽ കാണാം. മധുരഫലങ്ങൾ തരുന്ന മാവും പ്ലാവും മലംപ്രദേശങ്ങളിലെന്നപോലെ നാട്ടുംപുറങ്ങളിലും വളരുന്നു. മാവിന്റെ തടി വളരെ വേഗത്തിൽ ജീർണ്ണിച്ചു പോകുന്നു; എന്നാൽ പ്ലാവിൻതടി അങ്ങനെ അല്ല. അതു ബലവും ഭംഗിയും ഉള്ളതാകുന്നു. അതിനാൽ മേശ, കസേര, അലമാരി മുതലായ സാമാനപ്പണിക്കും വീട്ടുപണിക്കും അതു വളരെ നന്നാണു്.

സുന്ദരവനത്തിൽ വളരുന്ന കണ്ടൽ (mangrove) എന്നൊരുജാതി മരത്തിൽനിന്നും, ഹിമവൽ പ്രദേശങ്ങളിൽ വളരുന്ന വേലമരത്തിൽനിന്നും, ചായനിർമ്മാണത്തിനു് ഉപയുക്തമായ 'കച്ച്' എന്ന സാധനം ലഭിക്കുന്നു.

തെങ്ങു് കേരളത്തിലും കരുമണ്ഡലതീരത്തും ബംഗാളിലും വളരുന്നുണ്ടെങ്കിലും, അതു കേരളത്തിലെ കല്പവൃക്ഷമായിട്ടാണു് അറിയപ്പെടുന്നതു്. നെയ്തൽ (മണൽ)പ്രദേശങ്ങളിൽ തെങ്ങുകൂടാതെ, കരിമ്പന, പുന്ന മുതലായവയും ധാരാളം വളരുന്നു.

വനങ്ങളിൽനിന്നു തടിക്കു പുറമേ, നമുക്കു് തേൻ, പച്ചമരുന്നുകൾ, വല്ക്കലങ്ങൾ, കോലരക്കു്, ഈഞ്ച, ചൂരൽ, മുളകൾ, കുന്തുരുക്കം മുതലായവയും ലഭിക്കുന്നു. ലോകത്തിനു് ആവശ്യമുള്ള കോലരക്കിന്റെ ഏറിയ കൂറെന്നല്ല, മുഴുവൻ ഭാഗവും, ഇൻഡ്യൻ വനങ്ങളാണു് സംഭരിച്ചുകൊടുക്കുന്നതു്. കേരളത്തിലെ വനങ്ങളിൽ

കോലരക്ക് അത്ര സുലഭമല്ലെങ്കിലും പശ്ചിമബംഗാളിലും, ഒറീസ്സായിലും ചോട്ടാനാഗപ്പൂരിലും കോലരക്കെട്ടുക്കുന്ന മരങ്ങൾ ധാരാളമുണ്ടു്.

ഇതുവരെ നാം വന്യസസ്യങ്ങളെപ്പററിയാണു് പഠിച്ചതു്. എന്നാൽ മനുഷ്യൻ കൃഷിചെയ്തുണ്ടാക്കുന്ന സസ്യങ്ങളും മരങ്ങളും അനവധി ഉണ്ടു്.

അവയെ 'ഭക്ഷ്യ' വിളവുകൾ, അസംസ്കൃത സാധനരൂപമായ വിളവുകൾ, ആരാമവിളവുകൾ എന്നിങ്ങനെ തരം തിരിക്കാം. മണ്ണിൻെറ ഗുണം, ഓരോതരം കൃഷിക്കപററിയ ശീതോഷ്ണസ്ഥിതിഭേദങ്ങൾ, നദികളുടെ ആധിക്യം, ജലസേചനപദ്ധതികളുടെ വികാസം ഇവ നിമിത്തം ഇൻഡ്യയിൽ കൃഷിയാണു് പ്രധാന ജീവിത മാർഗ്ഗം. ജനങ്ങളിൽ മുക്കാൽ ഭാഗവും കൃഷിയിൽ ഏല്പെട്ടിരിക്കുന്നു.

## 3. ഭക്ഷ്യവിളവുകൾ

**നെല്ല്**—ഭാരതീയരുടെ പ്രധാനമായ ആഹാര സാധനം നെല്ലാകുന്നു. കാലവർഷം ധാരാളമുള്ള സ്ഥലങ്ങളിലേ നെല്ലു വിളയൂ. നല്ല ചൂടും ഈർപ്പവും വളവുമുള്ള മണ്ണും നെൽക്കൃഷിക്ക് ആവശ്യമാണു്. നാല്പതിഞ്ചിൽ കുറവായി മഴചെയ്യുന്ന ദിക്കുകളിൽ നെൽക്കൃഷി ചെയ്യുന്നതിനു കൃത്രിമ ജലസേചനം കൂടിയേതീരൂ. നദികൾ കൊണ്ടുവരുന്ന എക്കലുകൾ അടിഞ്ഞു തങ്ങത്തക്കവണ്ണം താഴ്ചയും നിരപ്പും ഉള്ള വയലുകളാണെങ്കിൽ കൃത്രിമവളങ്ങളുടെ ആവശ്യമേയില്ല. അതിനാൽ ഗംഗാ, മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി മുതലായി നദികളാൽ സേചനം ചെയ്യപ്പെടുന്ന ബംഗാൾ, ബീഹാർ, ഒറീസ്സാ, മദ്രാസ് എന്നീ പ്രദേശങ്ങളിൽ നെൽക്കൃഷി വിപുലമായ തോതിൽ ചെയ്യപ്പെടുന്നു. കേരളത്തിലെ

നദികളും നെൽക്കൃഷിക്ക് അത്യന്തം ഉപകരിക്കുന്നുണ്ട്. എന്നാൽ വയലുകളിൽ അധികഭാഗവും വെട്ടിപ്പൊക്കി പുരയിടമാക്കിക്കളഞ്ഞതിനാൽ, ഇന്നാട്ടിലെ ആവശ്യത്തിനു വേണ്ടിടത്തോളം നെല്ല് ഇവിടെ ഉണ്ടാകുന്നില്ല.

ലോകത്തിൽ ആകെ വിളയുന്ന നെല്ലിൻെറ അഞ്ചിൽ രണ്ടുഭാഗവും ഇൻഡ്യയിൽനിന്നാണ് ലഭിക്കുന്നതു്. എന്നിട്ടും നമുക്കു നെല്ല് ഇറക്കുമതി ചെയ്യേണ്ടി വന്നിരിക്കുന്നു. ഒന്നാം പഞ്ചവത്സരപദ്ധതിയിൽപെട്ട ജലസേചനപദ്ധതികൾകൊണ്ടു് ഈ പോരായ്മ ഒട്ടുമുക്കാലും നികന്നുവെന്നുവരികിലും ജനസംഖ്യ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഗവണ്മെൻറ് ആരാഞ്ഞുകൊണ്ടുതന്നെ ഇരിക്കുന്നു.

**ഗോതമ്പ്**—ഗോതമ്പിനു് 40 ഇഞ്ചിൽ കൂടുതൽ മഴ പാടില്ല. വലിയ ചൂടും ദോഷകരമാകുന്നു. എന്നാൽ മണ്ണ് വളരെ ഫലപുഷ്ടിയുള്ളതായിരിക്കുകയും വേണം. സെപ്റ്റംബർ മാസത്തിൽവിതച്ച് ഇടവപ്പാതിക്കുമുമ്പ് കൊയ്ത്തു കഴിഞ്ഞിരിക്കണം. ഉത്തരപ്രദേശത്തിലും പഞ്ചാബിലും, ഹൈദ്രാബാദിലും ഗോതമ്പുകൃഷി ചെയ്തുവരുന്നു. പഞ്ചാബികളുടെ പ്രധാനമായ ആഹാരം ഗോതമ്പാണ്. ലോകത്തിലെ ആകെ വിളവിൻെറ പത്തിലൊന്നു് ഇൻഡ്യയിൽ വിളയുന്നുണ്ടെങ്കിലും, നാട്ടിലെ ആവശ്യത്തിനു് ആസ്ട്രേലിയാ, ക്യാനഡാ, അമേരിക്കാ എന്നീ ദിക്കുകളിൽനിന്നു ഗോതമ്പ് ഇറക്കുമതി ചെയ്യേണ്ടതായിരിക്കുന്നു.

## തിനവർഗ്ഗം (Millets).

തിന, വരക്, ചോളം, ചാമ ഇവ ഈ ഇനത്തിൽ പെടുന്നു. പാവപ്പെട്ട വർഗ്ഗക്കാരുടെ പ്രധാനമായ ആഹാര സാധനങ്ങളാണിവ. ഇവയ്ക്കു് 60 ഇഞ്ചിൽ കൂടുതൽ മഴ

പാടില്ല. ഉത്തരപ്രദേശം, ബിഹാർ, പഞ്ചാബ് എന്നീ സ്ഥലങ്ങളിലും മദ്രാസ് പ്രദേശത്തും ചോളക്കൃഷി നടത്തിവരുന്നുണ്ട്.

പയറുവർഗ്ഗങ്ങൾ.

ഇവ കൃഷിയുടെ നട്ടെല്ലാണെന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അവ നട്ടുപിടിപ്പിച്ചാൽ, ഭൂമിയുടെ വളം എടുത്തുകളയുന്നതിനുപകരം, ഫലപുഷ്ടി വർദ്ധിപ്പിക്കയേ ഉള്ളൂ. അതിനാൽ നെല്ല്, ഗോതമ്പ് മുതലായവ കൊയ്തതിനുശേഷം, പയറുവർഗ്ഗങ്ങൾ സാധാരണ കൃഷി ചെയ്തുവരുന്നു. ഉഴുന്ന്, പെരുമ്പയറ്, ചെറുപയറ്, കടല, തുവര, മുതിര ഇവയാണ് പ്രധാന പയറുവർഗ്ഗങ്ങൾ.

സസ്യഭുക്കുകൾക്ക പയറുവർഗ്ഗം ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാത്ത ആഹാരസാധനമാകുന്നു. അതിനാൽ അവ ഇൻഡ്യയുടെ മിക്ക പ്രദേശങ്ങളിലും കൃഷിചെയ്യപ്പെടുന്നു.

മററു ഖാദ്യപദാർത്ഥങ്ങൾ, ചേന, കാച്ചിൽ, ഉരുളൻകിഴങ്ങ്, മരച്ചീനി മുതലായ കിഴങ്ങുവർഗ്ഗങ്ങളാണ്. മരച്ചീനി പാവപ്പെട്ടവൻെറ പ്രധാന ആഹാരമാണ്. കേരളത്തിൽ മാത്രമേ അതു് വൻതോതിൽ കൃഷി ചെയ്യപ്പെടാറുള്ളു. ഏതാനും വർഷങ്ങൾക്കുള്ളിൽ അതു് ഇൻഡ്യയൊട്ടുക്ക പരക്കുവാനുള്ള ലക്ഷണങ്ങൾ കാണുന്നു.

4. അസംസ്കൃതസാധനരൂപമായ വിളവുകൾ.

**പരുത്തി**—കരുമണൽ പ്രദേശത്താണ് ഇതു നല്ലപോലെ വളരുന്നതു്. 40 ഇഞ്ചിൽ കുറവായി മഴപെയ്യുന്ന ദിക്കും ഫലപുഷ്ടിയുള്ള മണ്ണും അതിനു് ആവശ്യമാണ്. അതിനാൽ ദക്ഷിണപീഠഭൂമി, ഉത്തരപ്രദേശം മുതലായ പ്രദേശങ്ങളിൽ പഞ്ഞിക്കൃഷി നടന്നുവരുന്നു.

പരുത്തിയുടെ പഞ്ഞികൊണ്ടു് നൂലു ഉണ്ടാക്കി, ആ നൂലുകൊണ്ടു് പലതരം വസ്ത്രങ്ങൾ നിർമ്മിച്ചുവരുന്നു. നൂലുനൂല്പുയന്ത്രങ്ങളുടേയും വസ്ത്രനിർമ്മാണശാലകളുടേയും സംഖ്യ വർദ്ധിച്ചുവരുന്നതിനാൽ, നമ്മുടെ ആവശ്യത്തിനു് അമേരിക്ക, ഈജിപ്റ്റു് എന്നീ രാജ്യങ്ങളിൽനിന്നു് പഞ്ഞി ഇറക്കുമതി ചെയ്യേണ്ടിയിരിക്കുന്നു. യു. എസ്. ഏ. (ഐക്യനാടുകൾ) കഴിഞ്ഞാൽ പഞ്ഞിക്കൃഷിക്കു് ഏററവും പ്രസിദ്ധമായ രാജ്യം ഇൻഡ്യയാണു്.

1932-ൽ 280 ലക്ഷം ഏക്കർ സ്ഥലത്തു് പഞ്ഞി കൃഷിചെയ്തുവന്നു. പ്രതിവർഷം 400 റാത്തൽ വീതമുള്ള 60 ലക്ഷം ബയിൽ പഞ്ഞി ഉൽപാദിപ്പിക്കപ്പെട്ടുവന്നതിൽ 20 ലക്ഷം ബയിൽ ഇൻഡ്യൻമില്ലുകളിൽ ഉപയോഗിച്ചിട്ടു് ബാക്കി ജപ്പാൻ, ചൈന, ഇംഗ്ലണ്ടു് മുതലായ വിദേശങ്ങളിലേയ്ക്കു കയററി അയയ്ക്കുയായിരുന്നു പതിവു്. 1951-ൽ പഞ്ഞിയുടെ ഉൽപാദനം 29 ലക്ഷമായി വർദ്ധിച്ചു. ഒന്നാം പഞ്ചവത്സരപദ്ധതി അവസാനിച്ചപ്പോഴേക്കും അതു് നാല്പത്തിരണ്ടു ലക്ഷമായി.

**ചണം**—ധാരാളം മഴയും ചൂടും ചണക്കൃഷിക്കു് ആവശ്യമാണു്. നല്ല വളവും വേണം. മററുകൃഷികൾക്കു പററാത്ത സ്ഥലങ്ങളിൽ മാത്രമേ ചണക്കൃഷി ചെയ്യാറുണ്ടായിരുന്നുള്ളു; എന്തുകൊണ്ടെന്നാൽ ചണച്ചെടി ഭൂമിയിലെ വളമെല്ലാം അപഹരിച്ചുകളയും. ചണം ധാരാളം ഉണ്ടാകുന്നതു് പാക്കിസ്ഥാനിൽപ്പെട്ട പൂർവ്വബംഗാളത്തും ചണമില്ലുകളിൽ ഏറിയ കൂറും പശ്ചിമബംഗാളത്തും ആയിപ്പോയതുനിമിത്തം ഭാരതീയ വ്യവസായികൾ വളരെ വിഷമിച്ചു. അതിനാൽ ചണക്കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നമ്മുടെ ഗവണ്മെൻറു് ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി. 1956-ൽ 49

ലക്ഷം ബെയിൽ ചണം ഇൻഡ്യയിൽതന്നെ വിളയിച്ചതായി കാണുന്നു.

ബംഗാൾ, ആസ്സാം, ബീഹാർ, ഒറീസാ എന്നീ സ്ഥലങ്ങളിലാണ് ചണക്കൃഷി വൻതോതിൽ നടത്തപ്പെടുന്നതു്. കേരളത്തിലും ചണക്കൃഷിക്കു സാദ്ധ്യതയുണ്ടു്.

## 5. ആരാമോൽപന്നങ്ങൾ

കാപ്പി, തേയില, റബ്ബർ, നീലം, സിങ്കോണ, യൂക്കാലിപ്‌റ്ററസ്, പുകയില, ഏലം, കുരുമുളക്, മുതലായവയത്രേ അവയിൽ പ്രധാനം. തെങ്ങിനെയും ആ ഇനത്തിൽ കൂട്ടാവുന്നതാണ്.

കാപ്പി അധികം ഉയരത്തിൽ വളരാത്ത ഒരു ചെടിയാണ്. 2000 മുതല്ക്കു് 500 വരെ അടി ഉയരമുള്ള മലപ്രദേശങ്ങളിൽ അതു കൃഷി ചെയ്യപ്പെടുന്നു. നല്ല പശിമയും വളവും ഉള്ള മണ്ണും 70 ഇഞ്ചു മുതൽ 120 ഇഞ്ചുവരെ മഴയും, ചൂടും തണലും ഈ ചെടിയുടെ വളർച്ചയ്ക്കു് ആവശ്യമാണ്. വെള്ളം ചുവട്ടിൽ കെട്ടിക്കിടന്നാൽ വേരുകൾ നശിച്ചുപോകും.

കാപ്പിച്ചെടിയുടെ കുരുക്കൾ പറിച്ചുണക്കി പരിപ്പെടുത്തു വറുത്തു്, യന്ത്രത്തിൽ പൊടിച്ചു് തകരങ്ങളിലാക്കി വിദേശങ്ങളിലേക്ക് അയയ്ക്കപ്പെടുന്നു. മുൻകാലങ്ങളിൽ പൊടിയാക്കുന്ന ജോലി വിദേശീയ യന്ത്രശാലകളാണു നടത്തിവന്നതു്. ഇപ്പോൾ ഈ വ്യാപാരം പ്രായേണ ആംഗ്ലേയരുടെ അധീനതയിലാണെന്നിരുന്നാലും പൊടിക്കാനുള്ള യന്ത്രശാലകൾ ഇൻഡ്യയിൽത്തന്നെയാണ്.

കാപ്പിക്കൃഷിക്ക് പ്രസിദ്ധപ്പെട്ട സ്ഥലങ്ങൾ കുടക്, മൈസൂർ, നീലഗിരി, തിരുവിതാംകൂർ ഇവയാകുന്നു.

**തേയില**—ഇതും അധികം ഉയരത്തിൽ വളരാത്ത ഒരു ചെടിയാണ്. മഴ ധാരാളം വേണമെങ്കിലും വെള്ളം

കെട്ടിക്കിടന്നുകൂടാ. മന്ദോഷ്ണതയും ആർദ്രതയും സമതയും ഉള്ള ശീതോഷ്ണസ്ഥിതിയും, പശിമരാശിമണ്ണും അവശ്യമുള്ളതിനാൽ ആയിരം അടിക്കുമേൽ ഉയരമുള്ള മലഞ്ചരിവുകളാണു് തേയിലക്കൃഷിക്കു പററിയതു്. തളിരിലകൾ നുള്ളി, യന്ത്രത്തിലിട്ടുതന്നെ ഉണക്കി, തെള്ളിയെടുത്തു പലയിനങ്ങളാക്കി വലിയ വീഞ്ഞപ്പെട്ടികളിലാക്കി വിദേശങ്ങളിലേക്കു് അയയ്ക്കപ്പെടുന്നു. ആസ്സാമിലേയും കേരളത്തിലേയും ഉന്നതപ്രദേശങ്ങളിൽ തേയിലക്കൃഷി വിപുലമായ തോതിൽ നടത്തപ്പെടുന്നു.

തേയിലയുടെ ആവശ്യം നാൾക്കുനാൾ വദ്ധിച്ചുവരുന്നതിനാൽ, വിലയും കൂടിക്കൊണ്ടിരിക്കുന്നു. പ്രതിവഷം കോടിക്കണക്കിനു് രൂപാ വിലയുള്ള തേയില ഇവിടെ നിന്നും വിദേശങ്ങളിലേക്കു കയററി അയച്ചുകൊണ്ടിരിക്കുന്നു.

**റബ്ബർ**—മനുഷ്യപുരോഗതിക്കു് അത്യന്താപേക്ഷിതമായ വസ്തുക്കളിലൊന്നാണു് റബ്ബർ. ഒരുതരം മരത്തിൻെറ കറയിൽനിന്നാണു് അതെടുക്കുന്നതു്. ആ മരങ്ങളുടെ വളച്ചയ്ക്കു് 80" മുതല്ക്കു 120" വരെ മഴയും 76° മുതല്ക്കു 90° വരെയുള്ള ചൂടും ആവശ്യമാണു്. മധ്യരേഖയ്ക്കു് ഇരുപുറങ്ങളിലും ഉള്ള വർഷമേഖലയിൽ 2000 അടിക്കു താഴെ ഉയരമുള്ള സ്ഥലങ്ങളിൽ അതു വളരുന്നു. ഇൻഡ്യയിലുണ്ടാകുന്ന റബ്ബറിൻെറ ഏററിയ കൂറും മുണ്ടക്കയം, കാഞ്ഞിരപ്പള്ളി, കോന്നി, റാന്നി, പത്തനാപുരം, തൊടുപുഴ മുതലായ സ്ഥലങ്ങളിൽനിന്നാണു് ലഭിക്കുന്നതു്. കൊച്ചി, മലബാർ എന്നീ മററു കേരളവിഭാഗങ്ങളിലും കുടകിലും, സേലത്തും റബ്ബർക്കൃഷി ചെയ്തുവരുന്നുണ്ടു്.

**കരിമ്പു്**—ഇതു് ഒരു ഖാദ്യവസ്തുവാണെങ്കിലും, ഇൻഡ്യയിൽ വിളയുന്ന കരിമ്പിൻെറ അധികാംശം ശക്

രയും പഞ്ചസാരയും ഉണ്ടാക്കാനായി ഉപയോഗിക്കപ്പെടുന്നു. 60 ഇഞ്ചു് മഴയോ അത്രകണ്ടു ജലസേചനമോ ഉള്ളതും 75 ഡിഗ്രിക്കും 80 ഡിഗ്രിക്കും മദ്ധ്യേ ചൂടുള്ളതും ആയ സ്ഥലങ്ങളിൽ, വിശേഷിച്ചു് നദീതീരങ്ങളിലെ സമതലങ്ങളിൽ, കരിമ്പു കൃഷിചെയ്യുവരുന്നു ഇൻഡ്യയ്ക്കു് ആവശ്യമുള്ള പഞ്ചസാരയിൽ വലിയൊരു ഭാഗം അടുത്ത കാലംവരെ ജാവായിൽനിന്നും മററും ഇറക്കുമതി ചെയ്തു കൊണ്ടാണിരുന്നതു്. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി പഞ്ചസാരയുടെ ഉൽപാദനം വളരെ വർദ്ധിച്ചു. ഉത്തരപ്രദേശം, ബീഹാർ, പഞ്ചാബു്, ഒറീസ്സാ, ആസ്സാം, മദ്രാസ്, ബോംബേ, കേരളം എന്നീ സ്ഥലങ്ങളിലെല്ലാം ഇപ്പോൾ കരിമ്പു് കൃഷിചെയ്തുവരുന്നു. ഇൻഡ്യയിൽ നിന്നു പഞ്ചസാര കയററുമതി ചെയ്യാൻ കഴിയുന്ന നില യിൽ നാം ഇന്നു് എത്തിയിട്ടുണ്ടു്.

ഏലം, ഇലവങ്ങം, കുരുമുളകു്, ജാതി, ഗ്രാമ്പൂ, ഇഞ്ചി മുതലായവയ്ക്കു മസാലക്കൂട്ടുകൾ എന്നാണു പേരു്. അതിപുരാതനകാലം മുതല്ക്കേ കേരളം ഇവയ്ക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു. ഇവയാണു് പാശ്ചാത്യരെ ഇൻഡ്യയിലേയ്ക്കു് ആകർഷിച്ചതു്. സഹ്യാദ്രിയുടെ സാനുപ്രദേശങ്ങളിൽ ഇവ സമൃദ്ധമായി കൃഷിചെയ്തുവരുന്നു.

**പുകയില**—അടുത്തകാലംവരെ നമുക്കാവശ്യമുള്ള പുകയിലയിൽ അധികഭാഗവും സിലോണിൽനിന്നു് ഇറക്കുമതിചെയ്തുവന്നു. എന്നാൽ ഇപ്പോൾ വിപുലമായ തോതിൽ പുകയിലക്കൃഷി ഇൻഡ്യയിൽ നടന്നുവരുന്നു. ചുരുട്ടു്, സിഗററു്, പൊടി മുതലായ സാധനങ്ങളും ഇവിടെത്തന്നെ തയ്യാറാക്കിവരുന്നു. അതിനാൽ അവക സാധനങ്ങളുടെ ഇറക്കുമതി നാൾക്കുനാൾ കുറഞ്ഞു വരുന്നു.

**തെങ്ങ്, കമുക്, പന**—തെങ്ങ് കേരളത്തിലെ കല്പവൃക്ഷമാകുന്നു. സോപ്പുവ്യവസായം വർദ്ധിച്ചുവരുന്നതിനാൽ വെളിച്ചെണ്ണയുടെ ആവശ്യവും കൂടിക്കൊണ്ടിരിക്കുന്നു. കേരളത്തിലും, കരമണ്ഡലതീരത്തും ബംഗാളിലും തെങ്ങു വളരുന്നു. കമുകുകൃഷി അപ്രധാനമായിട്ടാണ് ഗണിച്ചുപോന്നിരുന്നത്. എന്നാൽ അടയ്ക്കാ, കയററുമതിചെയ്യ തുടങ്ങിയതിനോടുകൂടി കേരളത്തിൽ കമുകുകൃഷിയും വർദ്ധിച്ചുവരുന്നു. തീരപ്രദേശങ്ങളിലെല്ലാം പന വളരുന്നു. തെങ്ങിൽനിന്നും പനയിൽനിന്നും കള്ളെടുക്കുന്നു. ആ കള്ളുകൊണ്ട് കരുപ്പട്ടി, പഞ്ചസാര ഇവ ഉണ്ടാക്കാം.

ഇവകൂടാതെ ആറഞ്ച്, ചെറുനാരകം, വള്ളിനാരകം മുതലായവയും ഇൻഡ്യയിൽ പലേടത്തും കൃഷി ചെയ്തുവരുന്നു.

### 6. എണ്ണക്കുരുക്കളും പരിപ്പുകളും.

നിലക്കടല, എള്ള്, കടുക്, ആവണക്ക്, മരോട്ടി ഇവയിൽനിന്ന് എടുക്കുന്ന എണ്ണകൾക്ക പലവിധത്തിലുള്ള ഉപയോഗമുണ്ട്. നിലക്കടലഎണ്ണ ചില ദിക്കുകളിൽ കറികൾ പാകം ചെയ്യുന്നതിനും മററു ചില സ്ഥലങ്ങളിൽ വിളക്കുകൾ കത്തിക്കുന്നതിനും ഉപയോഗിച്ചുവരുന്നു. എന്നാൽ ഏറിയകൂറും വനസ്പതി നിർമ്മാണത്തിനും സോപ്പു നിർമ്മാണത്തിനും മററുമായി ഉപയോഗിച്ചിട്ടു ബാക്കിവരുന്നവയെ കയററുമതിചെയ്യുന്നു. ദക്ഷിണപീഠഭൂമി പോലെ മഴ കുറഞ്ഞ പ്രദേശങ്ങളിലാണ് നിലക്കടലകൃഷി ധാരാളം ചെയ്തുപോരുന്നത്. ഹൈദ്രാബാദ്, ബോംബെ, മദ്രാസ് എന്നീ പ്രദേശങ്ങൾ നിലക്കടലയ്ക്കു പ്രസിദ്ധമാണ്.

എള്ള്—ഇതു് രുചികരമായ ഒരു ഖാദ്യപദാർത്ഥം കൂടിയാണു്. കേരളീയർക്ക് എള്ളെണ്ണ ഒഴിച്ചുകൂടാൻ നിവൃത്തിയില്ലാത്ത പദാർത്ഥമാകുന്നു. കേരളത്തിന്റെ മിക്ക ഭാഗങ്ങളിലും എള്ളു് കൃഷിചെയ്യുന്നുണ്ടു്. മദ്ധ്യപ്രദേശം, ഉത്തരപ്രദേശം, മദ്രാസു് എന്നീ പ്രവിശ്യകളിലാണു് എള്ളു് സമൃദ്ധമായി കൃഷി ചെയ്യപ്പെടുന്നതു്.

ചണക്കുരു—ചണം വളരുന്ന ദിക്കുകളിലെല്ലാം അതിന്റെ കുരുവിൽനിന്നു് എണ്ണ ആട്ടി എടുക്കുന്നു.

കടുകു്—ഇൻഡ്യയിൽ മിക്ക സ്ഥലങ്ങളിലും കടുകു് കൃഷി ചെയ്യപ്പെടുന്നു ബംഗാൾ മുതലായ ദിക്കുകളിൽ കടുകെണ്ണ ആഹാരം പാകം ചെയ്യുന്നതിനും മററും ഉപയോഗിക്കാറുണ്ടു്.

മരോട്ടി—മരോട്ടി വളരാത്ത സ്ഥലങ്ങൾ കുറയും. അതിന്റെ കുരുവിൽ നിന്നെടുക്കുന്ന എണ്ണ കുഷ്ഠരോഗത്തിനു കൈകണ്ട ഒരു മരുന്നാണു്.

ഈ എണ്ണക്കുരുക്കൾ ആട്ടിയതിന്റെ ശേഷം കിട്ടുന്ന പിണ്ണാക്കുകൾ ഭൂമിക്കു് ഉരമായും കന്നുകാലികൾക്കു് ആഹാരമായും പ്രയോജനപ്പെടുന്നു.

## 7. ധാതുവിഭവം

ഭാരതത്തിന്റെ ധാതുവിഭവം അതിവിപുലമാകുന്നു. ധാതുക്കളിൽ വച്ചു് അതിപ്രധാനം കല്ക്കരിയും ഇരുമ്പുമാണല്ലോ. ബംഗാൾ, ബീഹാർ, ഒറീസ്സാ, ഹൈദ്രാബാദു്, മദ്ധ്യപ്രദേശം ഈ പ്രദേശങ്ങളിലൊക്കെ കല്ക്കരി വിളയുന്നുണ്ടെങ്കിലും ഏററവും വലിയ ഖനികൾ റാണിഗഞ്ജ് (പശ്ചിമ ബംഗാൾ) ഝരിയാ (ബീഹാർ) എന്നീ സ്ഥലങ്ങളിലാണു്. 1930-ൽ ഏകദേശം 39 ലക്ഷം

പവൻ വിലവരുന്ന കല്ക്കരി ഇൻഡ്യയിൽ ഉൽപാദിപ്പിക്കപ്പെട്ടു. 1951–ൽ 323 ലക്ഷം ടൺ കല്ക്കരിയുണ്ടായിരുന്നതു് 1956–ൽ 368 ലക്ഷമായി വർദ്ധിച്ചു.

കല്ക്കരി ഉള്ള സ്ഥലങ്ങൾക്കു് അടുത്തുതന്നെ ഇരുമ്പും ലഭിക്കുന്നതു് ഉരുക്കുവ്യവസായത്തിനു സാഹായകമായിരിക്കുന്നു. ബംഗാൾ, ബീഹാർ, ഒറീസ്സാ, എന്നീ സ്ഥലങ്ങളിൽ അയിരുരുന്ന വലിയ ഉലകൾ സ്ഥാപിച്ചിട്ടുണ്ടു്. 1956–ൽ 43 ലക്ഷം ടൺ അയിരു എടുക്കപ്പെട്ടു. ഇപ്പോൾ ഇരുമ്പും ഉരുക്കും ഉണ്ടാക്കുന്ന വൻ വ്യവസായശാലകൾ പലതും ഇൻഡ്യയിൽ ഉണ്ടു്. ടാററാ നഗരിലും അസൻസോളിലും, ഭദ്രാവതിയിലും ഉള്ള സ്ഥാപനങ്ങളിലാണു് അയിരുകളിൽ ഭൂരിഭാഗവും ശുദ്ധീകരിക്കപ്പെടുന്നതു്. ബീഹാർ, ഒറീസ്സാ, മദ്ധ്യപ്രദേശം, മദ്രാസ്, ബോംബേ, മൈസൂർ എന്നീ പ്രദേശങ്ങളിലുള്ള അയിരുകളെല്ലാം ഉപയോഗപ്പെടുത്തിയാൽത്തന്നെയും ഇൻഡ്യക്കാവശ്യമുള്ള അയസ്സാമാനങ്ങളെല്ലാം ഇവിടെത്തന്നെ നിർമ്മിക്കാൻ കഴിയുമോ എന്നു സംശയമാണു്.

മാംഗനീസ്—ഇരുമ്പു വ്യവസായത്തിനു് അത്യന്തം ഉപകരിക്കുന്ന ഒരു ധാതുവാണു് മാംഗനീസ്. യൂ. എസ്. എസ്. ആറിൽ ഒഴിച്ചു് മറെറാരിടത്തും ഇൻഡ്യയിലോളം മാംഗനീസ് ഉറവയില്ല. മദ്ധ്യപ്രദേശം, മദ്ധ്യഭാരതം, മദ്രാസ്, മൈസൂർ, ബോംബേ, ഒറീസായിലും ബീഹാറിലും ഉള്ള ചില ദേശങ്ങൾ, ഇവയിൽനിന്നെല്ലാം മാംഗനീസ് ലഭിക്കുന്നു. കഴിഞ്ഞ നാല്പതു കൊല്ലങ്ങളിൽ ശരാശരി ആറുലക്ഷം ടൺ വീതം പ്രസ്തുത ധാതു എടുത്തിട്ടുണ്ടു്.

ക്രോമൈററു്—1950–ൽ 16729 ടണ്ണും, 1951–ൽ 15802 ടണ്ണും ലഭിച്ചു. അതിലധികഭാഗവും

കയററുമതി ചെയ്യപ്പെട്ടു. ബിഹാർ, മൈസൂർ, ബോംബേ, മദ്രാസ്, ഒറീസ്സാ എന്നീ പ്രദേശങ്ങളിലെല്ലാം ഈ ധാതു സുലഭമാണ്. കാശ്മീരിലെ ലഡാക് എന്ന ദേശത്ത് അത് ധാരാളമുണ്ടെങ്കിലും ദുഷ്പ്രവേശ്യമായിരിക്കുന്നു.

**ബാക്സൈററ്**—അത് അലൂമിനിയത്തിന്റെ പ്രധാന ഘടകമാണ്. ബോംബേ, മദ്ധ്യഭാരതം, മദ്ധ്യപ്രദേശം, ബിഹാർ എന്നീ സ്ഥലങ്ങളിൽ ധാരാളമായും, ഒറീസ്സാ, മദ്രാസ്, കാശ്മീർ എന്നീ പ്രദേശങ്ങളിൽ അവിടവിടെയായും കാണപ്പെടുന്നു. കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ 40000 ടൺ തന്നെ അലൂമിനിയ നിർമ്മാണത്തിനായി ഇൻഡ്യയിൽ ഉപയോഗിച്ചിട്ടുണ്ട്.

**മാഗ്നേസൈററ്**—മാഗ്നേസിയ ലവണങ്ങളുടെയും ലൌഹിക മാഗ്നേസ്യത്തിന്റെയും നിർമ്മിതിക്ക് ഉപയോഗമുള്ള ഈ ധാതു മദ്രാസ്, മൈസൂർ, ഉത്തരപ്രദേശം, കുടക്, ബോംബേ, രാജസ്ഥാൻ, ബിഹാർ എന്നീ പ്രദേശങ്ങളിൽ നിന്നു ലഭിക്കുന്നു. അതിൽ അധികഭാഗവും വിദേശങ്ങളിലേക്കു അയയ്ക്കപ്പെടുന്നു.

**അഭ്രം(മൈക്ക)**—വൈദ്യുത വ്യവസായത്തിനു ഇതു് അത്യന്താപേക്ഷിതമാകുന്നു. ലോകത്തിൽ ആകെ ഉണ്ടാകുന്ന അഭ്രകത്തിന്റെ എൺപതു ശതമാനത്തോളം ഇൻഡ്യയിൽ നിന്നാണു ലഭിക്കുന്നതു്. രണ്ടു മൂന്നുകോടി രൂപ വിലയ്ക്കുള്ള അഭ്രകം പ്രതിവർഷം അന്യരാജ്യങ്ങളിലേക്ക് കയററി അയക്കാറുണ്ട്. യുദ്ധനയം പ്രമാണിച്ചു പ്രാധാന്യമുള്ളതിനാൽ അമേരിക്ക ഏതാനും വർഷമായി മൈക്ക ശേഖരിച്ചു വയ്ക്കുന്നതുകൊണ്ടു് മൈക്കയുടെ ആവശ്യം പ്രതിദിനം വർദ്ധിച്ചുവരുന്നു.

ബീഹാർ, രാജസ്ഥാൻ, മദ്രാസ് എന്നീ പ്രദേശങ്ങളിൽ മെക്ക സുലഭമായി കാണപ്പെടുന്നു. പ്രതിവഷം, റയിൽവേയുടേയും വൈദ്യുത ഡിപ്പാർട്ടുമെൻറിൻേറയും ആവശ്യത്തിലേക്ക് നാലായിരം റാത്തൽ ഇൻഡ്യയിൽ തന്നെ ഉപയോഗിക്കുന്നുണ്ട്.

ജിപ്സം (ചുണ്ണാമ്പുകല്ല്)— വ്യാവസായിക പ്രാധാന്യമുള്ള മറെറാരു ധാതുവാണിതു്, സിമൻറ്, പ്ലാസ്റ്റർ ആഫ് പാരീസ് ഇവയുടെയും, അമ്മോണിയം സൾഫേററിൻേറയും, ഗന്ധികാമ്ലത്തിൻേറയും, മററും നിർമ്മിതിക്കു ഇതു് ഉപകരിക്കുന്നു. രാജസ്ഥാനത്തിലും ദക്ഷിണേൻഡ്യയിലും ഹിമാചലപ്രദേശങ്ങളിൽ ചിലേടങ്ങളിലും കൽചുണ്ണാമ്പ് സുലഭമാകുന്നു.

1951-ൽ രണ്ടുലക്ഷം ടണ്ണിലധികം ചുണ്ണാമ്പുകല്ല ലഭിച്ചതിൽ ഒരു ലക്ഷത്തോളം സിന്ധ്റി ആലുവാ ഫാക്ട് കമ്പനി എന്നീ വളനിർമ്മാണശാലകളിൽ തന്നെ ഉപയോഗപ്പെട്ടു.

ഗന്ധകം—നാടൻ ഗന്ധകത്തിൻേറയും ലോഹശിലയുടേയും രൂപത്തിൽ അല്പാല്പമായിമാത്രം കാശ്മീർ, ബിഹാർ, ബോംബെ, മൈസൂർ, നീലഗിരി മുതലായ ദിക്കുകളിൽ കാണപ്പെടുന്നു. അതിനാൽ നമ്മുടെ രാജ്യത്തിൻെറ ആവശ്യത്തിനു് ആണ്ടുതോറും അറുപതിനായിരം ടണ്ണോളം വിദേശങ്ങളിൽ നിന്നു വരുത്തേണ്ടിയിരിക്കുന്നു.

ചെമ്പ്—വളരെ ചുരുക്കമായിട്ടേ ലഭിക്കുന്നുള്ളു. അതു് ബീഹാറിൽ സിംഹ്ഭൂം ജില്ലയിൽ നിന്നുമാണു്.

NURUL ISLAM HIGH SCHOOL ERNAKULAM

**ഇൽമിനൈററു്, മോണോസൈററു്, സിർക്കോൺ**—ഈ ലോഹങ്ങൾ വളരെ പ്രാധാന്യമുള്ളവയാണു്. കന്യാകുമാരി, ചവറ എന്നീ ദിക്കുകളിൽ നിന്നു ലഭിക്കുന്നു.

**ഉപ്പു്**—സാംഭർ തടാകം, ലവണഗിരിപംക്തി, പഞ്ചാബു് ഇവിടങ്ങളിൽ സുലഭം.

**മണ്ണെണ്ണ**—ആസാമിൽ ഡിഗ്ബോയി എന്ന സ്ഥലത്തു മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളു.

**സ്വർണ്ണം**—മൈസൂറിലെ കോളാർ ഖനികളിൽ നിന്നു ചുരുങ്ങിയ തോതിൽമാത്രം എടുക്കപ്പെടുന്നു. ബോംബേയിലെ ധാർവാർ ഡിസ്ട്രിക്ടിലും മദ്രാസിലെ അനന്തപൂർ ഡിസ്ട്രിക്ടിലും സ്വർണ്ണമുണ്ടു്.

## മണ്ണു്

ഇൻഡ്യയിലെ കൃഷിപ്രദേശങ്ങളിൽ നാലുതരം മണ്ണുകൾ കാണപ്പെടുന്നു.

(1) സിന്ധുഗംഗാ വണ്ടൽമണ്ണു്.

(2) ദക്ഷിണ പീഠഭൂമിയിലെ കറു(പരുത്തി) മണ്ണു് (Black Cotton soil)

(3) പശിമരാശി മണ്ണു്.

(4) ചെങ്കല്മണ്ണു്.

ഇവയിൽ വണ്ടൽമണ്ണു് നദീതീരങ്ങളിലെ സമതലപ്രദേശങ്ങളിലൊക്കെ കാണാം. അതു നെൽകൃഷിക്കു് അത്യന്തം ഉപകരിക്കുന്നു. ഡക്കാണിലെ കറുമണ്ണു് പരുത്തിക്കൃഷിക്കും, പശിമരാശി മണ്ണു് തേയില, കാപ്പി മുത

ലായവയുടെ കൃഷിക്കും ഉപയോഗപ്പെടുന്നു. ചെങ്കൽമണ്ണ് കൃഷിക്ക് അത്ര പററിയതല്ല; എന്നാൽ മാവു്, പ്ലാവു് ഇവയ്ക്കുകൊള്ളാം. സമുദ്രതീരത്തെ നൈതൽമണ്ണു തെങ്ങു കൃഷിക്കു വളരെ നല്ലതാണു്.

ബി. സമ്പത്തു വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ

പ്രകൃതി നമുക്കു നല്കിയിരിക്കുന്ന വിഭവങ്ങളെ വർദ്ധിപ്പിക്കാതിരുന്നാൽ, ആ സമ്പത്തു ക്ഷയിച്ചുപോകും. നമ്മുടെ നദികളിൽകൂടി ആണ്ടോടാണ്ടു പാഞ്ഞുവരുന്ന ജലത്തിൻെറകാര്യംതന്നെ നോക്കുക. പെരുവെള്ളം വന്നു പലേ നാശങ്ങൾ വരുത്തീട്ടു് സമുദ്രത്തിൽചെന്നു പതിക്കുകയാണല്ലോ ചെയ്യുന്നതു്. ആ ജലത്തെ തടംപരു നിറുത്തി മനുഷ്യനു് ഉപകാരപ്രദമായ എത്രയോ നല്ല കാര്യങ്ങൾ അതുകൊണ്ടു് സാധിക്കാൻ കഴിയുമെന്നു സ്വല്പം ആലോചിച്ചാൽ അറിയാം.

നമുക്കു സ്വാതന്ത്ര്യം ലഭിച്ചശേഷം നമ്മുടെ ഗവണ്മെൻറു കോടിക്കണക്കിനു രൂപാ ചെലവിട്ടു് ജനോപകാരമായ പലേ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

1. നദീതടപദ്ധതികൾ

ജലദൌർല്ലഭ്യംകൊണ്ടു കൃഷിചെയ്യാൻ തരമില്ലാതെ കിടക്കുന്ന പ്രദേശങ്ങളെ കൃഷിക്കു് ഉപയുക്തമാക്കിത്തീർക്കുക, നിരുപയോഗമാംവിധം കടലിൽചെന്നു വീഴുന്ന ജലത്തെ ഉപയോഗപ്രദമാക്കിത്തീർക്കുക—ഇവയാണു് നദീതടപദ്ധതികൾകൊണ്ടു സാധിക്കുന്നതു്.

(1) കോശിപദ്ധതി ബീഹാറിലും നേപ്പാളിലും ഉള്ള 2620,000 ഏക്കർ ഭൂമിക്കു് ജലസേചനം നിർവ്വഹിക്കാൻ പര്യാപ്തമാണു്. വൈദ്യുതശക്തിയും അതിൽനിന്നുൽപാദിപ്പിക്കാം.

(2) കോയ്നാ പദ്ധതി ബോംബേയിലെ ഒട്ടവള രെ പ്രദേശങ്ങൾക്ക ജലസേചനസൌകര്യവും 240 കിലോവാൾട്ട് വൈദ്യുതശക്തിയും നല്കും.

(3) ചാംബൽപദ്ധതി മദ്ധ്യഭാരതത്തിലും രാജസ്ഥാനിലും ഉള്ള 12,00,000 ഏക്കർ ഭൂമിക്ക ജലസേചനം ചെയ്യുന്നു.

(4) ഭക്രാനംഗൽ പദ്ധതി.

(5) ദാമോദർവാലി പദ്ധതി.

(6) ഹീരാക്കഡ്പദ്ധതി

ഒടുവിലത്തെ മൂന്നു പദ്ധതികളും കൃഷിക്കും വ്യവസായത്തിനും ഉപകരിക്കുന്ന വൻ പദ്ധതികളാകുന്നു. അവ പൂർത്തിയാകുമ്പോൾ വൈദ്യുതദീപവും സമീപപ്രദേശങ്ങൾക്ക ലഭിക്കുന്നതാണു്.

ആദ്യത്തെ പഞ്ചവത്സരപദ്ധതി ആരംഭിക്കുന്നകാലത്തു 500 ലക്ഷം ഏക്കർ സ്ഥലങ്ങളിൽ ആണു് ജലസേചനം നടന്നുകൊണ്ടിരുന്നതു്. അതു സർക്കാർവകയും സ്വകാര്യ ഉടമയിലുള്ളതുമായ തോടുകളാലും കുളങ്ങൾ, കിണറുകൾ മുതലായവയാലും സാധിച്ചുപോന്നു. മുൻവിവരിച്ച പദ്ധതികളുടെ ഫലമായി 10 ലക്ഷം ഭൂമികൂടി കൃഷിയോഗ്യമായിത്തീൎന്നു. ആ പദ്ധതികളോടൊപ്പം രണ്ടാം പഞ്ചവത്സരപദ്ധതിയും പൂർത്തിയാകുമ്പോൾ 120 ലക്ഷം ഏക്കർ കൃഷിയോഗ്യമാവുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

വ്യവസായാഭിവൃദ്ധി വൈദ്യുതശക്തിയെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള സംഗതി ആലോചിക്കുമ്പോൾ ഈ പദ്ധതികളുടെ പ്രാധാന്യം വ്യക്തമാവും.

**കൃഷിയും വ്യവസായങ്ങളും**—കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടണമെങ്കിൽ ചെറുനഗരങ്ങളിലെന്നല്ല, ഗ്രാമങ്ങളിൽ പോലും വൈദ്യുതശക്തി വ്യാപിപ്പിക്കണം. ആദ്യത്തെ പദ്ധതി അവസാനിച്ചപ്പോൾ 20,000 വും അധികവും ജനങ്ങളുള്ള പട്ടണങ്ങളിൽ മിക്കവയും വൈദ്യുതദീപ്തമാക്കപ്പെട്ടു. രണ്ടാംപദ്ധതി പൂർത്തിയാവുമ്പോഴേക്കും 5000 മുതല്ക്കു 20,000 വരെ ജനങ്ങളുള്ള ചെറുനഗരങ്ങളെല്ലാം ദീപ്തമാവുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

2, ഇൻഡ്യയിലെ പ്രധാന വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

**ഉരുക്കുവ്യവസായം**—ഇൻഡ്യയിൽ ഇപ്പോൾ 13 ലക്ഷം ടൺ ഉരുക്കുണ്ടാക്കപ്പെടുന്നു. അതിനു പുറമേ 380,000 ടൺ വാർപ്പിരുമ്പും നിർമ്മിച്ചുവരുന്നു. ടാററാനഗർ, ഭദ്രാവതി ഇവയാണ് പ്രധാനകേന്ദ്രങ്ങൾ.

**അലൂമിനിയം വ്യവസായം**—ഇപ്പോൾ രണ്ടു മൂന്നു വ്യവസായശാലകളിലെല്ലാംകൂടി 75 ലക്ഷം ടൺ അലൂമിനിയം നിർമ്മിച്ചുവരുന്നു.

**സിമൻറ്**—തിരുച്ചിരാപ്പള്ളിയിലെ ഡാൽമിയാ കമ്പനിയാണ് ഏററവും വലുത്. നീലഗിരിയിലും, കോട്ടയത്തും മററു പല സ്ഥലങ്ങളിലും ഈ വ്യവസായം നടന്നുവരുന്നു. പുതിയ ഫാക്ടറികൾ നിർമ്മിക്കാൻ ആലോചനയുമുണ്ട്. 1955-ൽ 75 ലക്ഷം ടൺ സിമൻറ് ഇൻഡ്യയിൽ നിർമ്മിക്കപ്പെട്ടു.

**പഞ്ചസാരവ്യവസായം**—ബിഹാർ, ഉത്തരപ്രദേശം, തിരുവിതാംകൂർ എന്നിപ്രദേശങ്ങളിൽ പഞ്ചസാര നിർമ്മിച്ചുവരുന്നു.

**കടലാസ്**—ബംഗാൾ, മൈസൂർ, തിരുവിതാംകൂർ ഇവയാണു് പ്രധാന കേന്ദ്രങ്ങൾ.

**പുകയിലവ്യവസായം**—ബീഡി എല്ലാ സ്ഥലങ്ങളിലും ഉണ്ടാക്കപ്പെടുന്നുണ്ടു്. ഇതുകൂടാതെ ഡിണ്ടിക്കൽ ചുരുട്ട പ്രസിദ്ധമാണു്. സിഗററും ഉണ്ടാക്കിവരുന്നു.

**റബ്ബർ**—റബ്ബർവ്യവസായശാലകൾ ഇപ്പോൾ അധികമില്ലെങ്കിലും, അതു വികസിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടു്. റബ്ബർകൊണ്ടുള്ള കളിപ്പാട്ടങ്ങളും ബലൂണുകളും പല ദിക്കുകളിൽ നിർമ്മിച്ചുവരുന്നു. ടയറുകൾ, ഷീററുകൾ മുതലായവ തിരുവനന്തപുരത്തു നിർമ്മിക്കപ്പെടുന്നുണ്ടു്.

**പഞ്ഞിവ്യവസായം**—ഇൻഡ്യയിലെ ഏററവും വലിയ വ്യവസായം ഇതാണു്. അഹമ്മദാബാദു്, കൽക്കത്ത, ബോംബെ, മദ്രാസു്, കോയമ്പത്തൂർ, മധുര, തിരുവനന്തപുരം, ആലുവാ, എറണാകുളം മുതലായ നഗരങ്ങളിലെല്ലാം പഞ്ഞിനൂൽ വ്യവസായശാലകളും തുണിവ്യവസായശാലകളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ നിരവധി കൈത്തറികളും പ്രവർത്തിച്ചുപോരുന്നു. ഇപ്പോൾ ഇൻഡ്യയിൽ നിന്നു നൂലും തുണിത്തരങ്ങളും വിദേശങ്ങളിലേക്കു കയററി അയയ്ക്കുന്നുമുണ്ടു്.

**ചണവ്യവസായം**—അനേകം ചണ മില്ലുകൾ കൽക്കത്തയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇൻഡ്യയിലെപ്പോലെ മററെങ്ങും ഈ വ്യവസായം അത്ര പുരോഗമിച്ചിട്ടില്ല. ചണത്തിനു നമുക്കു പാകിസ്ഥാനെ ആശ്രയിക്കേണ്ടിയിരിക്കുന്നു എന്നുള്ള കുറവു കാലക്രമത്തിൽ നീങ്ങാൻ ഇടയുണ്ടു്.

**പട്ടുവ്യവസായം**— ബംഗാൾ, മൈസൂർ, പഞ്ചാബ് എന്നീ സ്ഥലങ്ങളിൽ അനേകം പട്ടുനിർമ്മാണ യന്ത്രങ്ങൾ സ്ഥാപിച്ചു പ്രവർത്തിച്ചുപോരുന്നു. കുടിൽ വ്യവ്യസായം എന്ന നിലയിലും പട്ടുണ്ടാക്കാറുണ്ട്. കാശി സേലം, ആഗ്രാ, മധുര എന്നീ നഗരങ്ങൾ പട്ടിനു പ്രസിദ്ധപ്പെട്ടവയാണ്.

**രോമവ്യവസായം**—ഏററവും പ്രധാനമായ രോമവ്യവസായകേന്ദ്രം കാൺപൂരാണ്. ഉത്തരഭാരതം, മദ്ധ്യഭാരതം, മൈസൂർ, മദ്രാസ്, കാശ്മീരം എന്നീ സ്ഥലങ്ങളിൽ നല്ലതരം കമ്പിളികൾ നിർമ്മിച്ചുവരുന്നു.

**തുകൽവ്യവസായം** — പശ്ചിമബംഗാൾ, പഞ്ചാബ്, ഉത്തരപ്രദേശം, മദ്രാസ് എന്നീ പ്രവിശ്യകളാണ് തുകൽ വ്യവസായത്തിൽ മുന്നിട്ടുനില്ക്കുന്നതു്.

ഇവയ്ക്കു പുറമേ ഇൻഡ്യയിൽ മോട്ടാർ വാഹനങ്ങളും, ലോക്കോമോട്ടീവുകളും, കപ്പലുകളും, വിമാനങ്ങളും സൈക്കിളുകളും ചുരുങ്ങിയ തോതിലെങ്കിലും ഉണ്ടാക്കിവരുന്നുണ്ട്. വിശാഖപട്ടണത്തിൽ ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു് അനേകം കപ്പലുകൾ നിർമ്മിച്ചു കടലിൽ ഇറക്കിക്കഴിഞ്ഞിരിക്കുന്നു. ഹിന്ദുസ്ഥാൻ മോട്ടാറുകൾ ഇപ്പോൾ എവിടെയും കാണാം. ചിത്തരഞ്ജൻ ലോക്കോമോട്ടീവ് ഫാക്ടറിയിൽ നിന്നു നമ്മുടെറെയിൽവേയ്ക്കു് ആവശ്യമുള്ള നൂറോളം ലോക്കോമോട്ടീവ് യന്ത്രങ്ങൾ ഉണ്ടാക്കീട്ടുണ്ട്.

**ഇൻഡ്യൻ ടെലിഫോൺ വ്യവസായം**—

രണ്ടു കോടി രൂപ വിലവരുന്ന ടെലഫോൺ സാമാനങ്ങൾ 1956 വരെ നിർമ്മിച്ചു.

**ഹിന്ദുസ്ഥാൻ കേബിൾസ് കമ്പനി--**

1956 വരെ ഒരുകോടി രൂപ വിലയുള്ള കേബിൾ (കമ്പിക്കയർ) ഉണ്ടാക്കി.

**ഡി. ഡി. ടീ. ഫാക്ടറി**— ഇതുവരെ 700 ടൺ ഡി–ഡി–ടീ നിർമ്മിച്ചു.

**നാഷനൽ ഇൻസ്റ്റ്റുമെൻറ് ഫാക്ടറി–** നിർമ്മാണം ആരംഭിച്ചതേയുള്ളു.

**പെൻസിലിൻ ഫാക്ടറി**— പെൻസിലിൻ എന്ന അത്ഭുത ഔഷധം ഉണ്ടാക്കിത്തുടങ്ങി.

**സോപ്പു വ്യവസായം**—എണ്ണക്കുരുക്കൾ ധാരാളം കിട്ടുന്നതിനാൽ ഈ വ്യവസായം അടിക്കടി വദ്ധിച്ചുവരുന്നു. ഇപ്പോൾ വിദേശസോപ്പുകൾ അധികമായി ഇറക്കുമതി ചെയ്യാറില്ല.

**കണ്ണാടി വ്യവസായം**—ഇപ്പോൾ പലതരം ഗ്ലാസുകളും ബൾബുകളും ഉണ്ടാക്കിവരുന്നു. കൽക്കത്തയിലാണ് ഈ വ്യവസായം മുന്നിട്ടു നില്ക്കുന്നതു്. ആലുവായിലെ ഒഗൈൽ ഫാക്ടറി ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു.

**തയ്യൽ മെഷീൻ വ്യവസായം**—ഈ വ്യവസായവും നാൾക്കുനാൾ വദ്ധിച്ചുവരുന്നു.

**റയൺ ഫാക്ടറി**—പെരുമ്പാവൂരിൽ ഒരു റയൺ ഫാക്ടറി പ്രവർത്തിച്ചുവരുന്നുണ്ടു്. അതുപോലെ മററു പല ഫാക്ടറികളും ഇപ്പോൾ ഇൻഡ്യയിലുണ്ടു്.

**തീപ്പെട്ടി വ്യവസായം**—നാട്ടിൻെറ പല ഭാഗങ്ങളിൽ നടന്നുവരുന്നു.

വളനിമ്മാണം —സിന്ധ്റി, ആലുവാ— ഈ സ്ഥലങ്ങളിലാണ് പ്രധാനമായി ഈ വ്യവസായം നടന്നുവരുന്നതു്.

ചവിട്ടുവണ്ടി നിമ്മാണം—42900 ചവിട്ടുവണ്ടികൾ 1956-ൽ നിർമ്മിക്കപ്പെട്ടു.

ചുരുക്കിപ്പറഞ്ഞാൽ നാലഞ്ചുകൊല്ലങ്ങൾക്കുള്ളിൽ ഇൻഡ്യയിൽ അത്ഭുതകരമായ വ്യവസായവികാസം ഉണ്ടായിട്ടുണ്ട്.

ചോദ്യങ്ങൾ

1. ഇൻഡ്യയുടെ സാമ്പത്തിക ഘടകങ്ങൾ എന്തെല്ലാം?
2. ഇൻഡ്യയിലെ പ്രധാന വന്യമൃഗങ്ങൾ ഏതെല്ലാം?
3. ഭാരതീയർ ഗോക്കളെ ആരാധിക്കുന്നതിന്റെ അത്ഥമെന്തു്?
4. ഏററവും കൂടുതൽ പശുക്കളെ വളത്തുന്ന ഭാരതപ്രദേശങ്ങൾ ഏവ? എന്തു കാരണത്താൽ?
5. എങ്ങനെയുള്ള പ്രദേശങ്ങൾ ആണു് ആടുകളെ വളത്താൻ ഏററവും പററിയതു്?
6. ഭാരതത്തിലെ വനവൃക്ഷങ്ങളെ തരംതിരിച്ചു് അവ എവിടെ അധികമായി വളരുന്നു എന്നും അവകൊണ്ടുള്ള ഉപയോഗങ്ങൾ എന്തെന്നും വിവരിക്കുക.
7. വനങ്ങൾകൊണ്ടു മനുഷ്യനുള്ള പ്രയോജനം എന്തു്?
8. ഭാരതത്തിലെ പ്രധാന ധാന്യവിളവുകൾ എന്തെല്ലാം? അവയിൽ ഓരോന്നിനും പററിയ ശീതോഷ്ണസ്ഥിതികൾ എന്തെല്ലാം?
9. ഭാരതത്തിനു വിദേശനാണ്യം നേടിത്തരുന്ന പ്രധാന ആരാമോൽപന്നങ്ങളെ വിവരിക്കുക.
10. ഇരുമ്പു്, കല്ക്കരി, മാംഗനീസ്, അഭ്രം, ഇൽമിനൈററു്, ഉപ്പു് ഇവ കിട്ടുന്ന സ്ഥലങ്ങൾ ഏവ?
11. പ്രധാന നദീതട പദ്ധതികളും അവകൊണ്ടു സിദ്ധിക്കുന്ന ഗുണങ്ങളും വിവരിക്കുക?
12. ഇൻഡ്യയിലെ പ്രധാന വൻ വ്യവസായങ്ങൾ എന്തെല്ലാം?

അദ്ധ്യായം 2

# നഗരങ്ങളും അവയുടെ പ്രധാനഹേതുക്കളും.

ഇൻഡ്യയിലെ ജനങ്ങളിൽ ഭൂരിഭാഗവും ഗ്രാമങ്ങളിലാണു് പാക്കുന്നതു്. അതിനാൽ നഗരങ്ങളുടെ സംഖ്യ കുറയും. പുതിയ പുതിയ വ്യവസായങ്ങളുടെ അഭിവൃദ്ധിയോടുകൂടി പുതിയ നഗരങ്ങളും ക്രമേണ ഉണ്ടായേക്കാം. ലക്ഷത്തില്പരം ജനങ്ങൾ അധിവസിക്കുന്ന വൻ നഗരങ്ങളെപ്പററി നമുക്കു് പഠിയ്ക്കാം.

## ദില്ലിപ്രദേശം

**പഴയ ഡൽഹി**—മുസ്ലീംഭരണകർത്താക്കളുടെ തലസ്ഥാന നഗരിയായിരുന്നതിനാൽ അവിടെ അനവധി പ്രധാന ചരിത്രാവശിഷ്ടങ്ങൾ കാണാം. ഒൻപതു ലക്ഷത്തിൽ പരം ജനങ്ങൾ അവിടെ അധിവസിക്കുന്നു.

**പുതുഡൽഹി**—ഇതാണു് ഇപ്പോഴത്തെ തലസ്ഥാനം. കോടിക്കണക്കിനു പണം ചെലവിട്ടു് ഇവിടെ മനോഹരങ്ങളായ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. രാജഭവനം, സിക്രിട്ടേറിയേററു്, പാർലമെൻറു്ഹൌസ്, സർവ്വകലാശാല മുതലായവയാണു് അവയിൽ പ്രധാനം. രണ്ടേമുക്കാൽ ലക്ഷം ജനങ്ങൾ പാക്കുന്നു. ഇവിടെ ഒരു വിമാനത്താവളവും ഉണ്ടു്.

## പഞ്ചാബു് പ്രദേശം

**ചാന്ദീഗർ**—പഞ്ചാബിൻെറ പുതിയ തലസ്ഥാനം.

**അമൃതസരസ്**—മൂന്നേകാൽ ലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ സ്ഥലം സിക്കുകാരുടെ ഒരു പുണ്യസ്ഥലം കൂടിയാണു്.


ഇൻഡ്യൻ റിപ്പബ്ലിക്
പ്രധാന പട്ടണങ്ങൾ
കാശ്മീർ
ശ്രീനഗർ
പശ്ചിമ പാകിസ്ഥാൻ
ഹിമാലയം
പഞ്ചാബ്
ഉത്തര പ്രദേശം
നേപ്പാൾ
രാജസ്ഥാനം
ആസ്സാം
ലക്നോ
പാട്നാ
മദ്ധ്യ പ്രദേശം
ഭോപ്പാൽ
അഹമ്മദാബാദ്
ഇൻഡോർ
ജബൽപ്പൂർ
ഒറീസ്സാ
ഭുവനേശ്വരം
ബോംബേ
പൂനാ
ഷോലാപ്പൂർ
വിശാഖപട്ടണം
ഹൈദരാബാദ്
ബംഗാൾ ഉൾക്കടൽ
മൈസൂർ
ബാംഗ്ലൂർ
മദ്രാസ്
മംഗലപുരം
കോഴിക്കോട്
കൊച്ചി
തിരുവനന്തപുരം
നിക്കോബാർ
ഇൻഡ്യൻ മഹാ സമുദ്രം

പടം 1

ജലന്ധർ—ഇവിടെ ഒന്നരലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്നുണ്ട്.

ലൂധിയാനാ—ഇവിടെ അനേകം കമ്പിളിമില്ലുകളും പട്ടുനിർമ്മാണശാലകളും ഉണ്ട്.

## ഉത്തരപ്രദേശം

കൂടുതൽ നഗരങ്ങളുള്ള പ്രദേശം ഇതാണ്. നല്ല ഫലപുഷ്ടിയും സഞ്ചാരസൌകര്യവും ധാതുവിഭവവും ഉള്ള സ്ഥലമായതിനാൽ നഗരങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു.

കാൺപൂർ—ഇതു് ഒരു കമ്പിളിവ്യവസായ കേന്ദ്രമാകുന്നു. അനവധി മില്ലുകൾ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മൂന്നേകാൽ ലക്ഷം ജനങ്ങൾ പാർക്കുന്നു.

ലഖ്നൌ—ഇതു ഉത്തരപ്രദേശത്തിൻെറ തലസ്ഥാനവും ഒരു സർവ്വകലാശാലാ കേന്ദ്രവുമാണ്—ജനസംഖ്യ അഞ്ചുലക്ഷം.

ആഗ്രാ—മുകിലന്മാരുടെ രണ്ടാംതലസ്ഥാനമായിരുന്നതിനാൽ, ഇവിടെ മനോഹരമായ പള്ളികളും സ്മാരകങ്ങളും, സർവ്വകലാശാലാ മന്ദിരങ്ങളും മററു് എടുപ്പുകളുമുണ്ട്. താജ്മഹൽ എന്ന സ്മാരകമന്ദിരം ലോകത്തിലെ അത്ഭുതങ്ങളിലൊന്നായി വിളങ്ങുന്നു.

ബനാറസ്—ഇതു ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലം കൂടിയാണ്. പട്ടുകൾക്ക പ്രസിദ്ധപ്പെട്ടിരിക്കുന്നു. (ഹിന്ദു) സർവ്വകലാശാലയുടെ ഇരിപ്പിടമാണ്. മൂന്നേമുക്കാൽ ലക്ഷം ജനങ്ങൾ.

**അലഹാബാദ്**—പുരാതന പ്രയാഗയായതി നാൽ, ആണ്ടോടാണ്ടു ബഹുലക്ഷം ഹിന്ദുക്കൾ ഇവിടെ തീൎത്ഥാടനത്തിനു വരുന്നു. ഇവിടെ മൂന്നര ലക്ഷത്തില ധികം ജനങ്ങൾ അധിവസിക്കുന്നു. ഇതും ഒരു സൎവ്വക ലാശാലാ കേന്ദ്രമാകുന്നു.

മീററ്റ്, മൊറാദാബാദ്, സഹറാൻപൂർ, റാംപൂർ, ആലിഗർ, ഡറാഡൂൺ, ത്സാൻസി, ഷാജഹാൻപൂർ മുത ലായി വേറെയും പലേ നഗരങ്ങളുണ്ടു്. അവയിൽ ഡെറാഡൂണിൽ സൈനികവിദ്യാലയവും, ഫാറസ്റ്റ് കോളേജ്, കർഷക കോളേജ് മുതലായവയും നടത്തിവ രുന്നു. നല്ല സുഖവാസസ്ഥലമാണു്. ഒന്നരലക്ഷം ജന ങ്ങൾ വരും

**ആലിഗർ**—മുസ്ലീംസൎവ്വകലാശാലാ കേന്ദ്രമാകുന്നു.

ബിഹാർ

**പാട്നാ**—പുരാതന പാടലീപുത്രം ഇവിടെ ആയിരുന്നു, ബിഹാറിന്റെ തലസ്ഥാന നഗരിയും ഒരു സൎവ്വകലാശാലാകേന്ദ്രവും ആണ്. ഏകദേശം മൂന്നു ലക്ഷം ജനങ്ങൾ പാൎക്കുന്നു.

**ജംഷേഡ്പൂര്**—ഇതു് ഇൻഡ്യൻ ഉരുക്കുവ്യവ സായകേന്ദ്രമാകുന്നു. രണ്ടേകാൽ ലക്ഷമാണു് ജനസംഖ്യ.

**ഗയാ**—ഇതു ഹിന്ദുക്കൾക്കും ബുദ്ധമതക്കാൎക്കും ഒരു പോലെ പരിപാവനമായ ഒരു പുണ്യസ്ഥലമാണു്. ഭഗൽ പൂർ, റാഞ്ചി എന്നീ നഗരങ്ങളിൽ ഓരോ ലക്ഷത്തിൽ പരം ജനങ്ങൾ അധിവസിക്കുന്നു.

മദ്ധ്യപ്രദേശം

**ഭോപാൽ**—നാഗപ്പൂർ, ബോംബേപ്രദേശത്തോടു ചേൎക്കപ്പെട്ടുകയാൽ ഇപ്പോൾ മദ്ധ്യപ്രദേശത്തിന്റെ തലസ്ഥാനമായിരിക്കുന്നു.

**ജബൽപൂര്**—ഒരു വ്യവസായ കേന്ദ്രമായതിനാൽ രണ്ടരലക്ഷത്തിൽപരം ജനങ്ങൾ ഇവിടെ ഉണ്ടു്.

പശ്ചിമ ബംഗാൾ

**കൽക്കത്താ**—ഇൻഡ്യയുടെ പഴയ തലസ്ഥാനമായിരുന്നു. ഇതു് ഒരു വലിയ വാണിജ്യവ്യവസായ കേന്ദ്രവും വിദ്യാഭ്യാസകേന്ദ്രവുമാകുന്നു, ഇവിടെ അനേകം ചണനൂൽ മില്ലുകൾ ഉണ്ടു്. കൽക്കത്താത്തുറമുഖത്തുനിന്നു് ആണ്ടോടാണ്ടു് അനേകകോടി രൂപയ്ക്കു് ചരക്കുകൾ കയററി വിദേശങ്ങളിലേക്ക് അയയ്ക്കാറുണ്ടു്. ബോംബെ കഴിഞ്ഞാൽ ഇൻഡ്യയിലെ ഏററവും വാണിജ്യപ്രാധാന്യമുള്ള പട്ടണം കൽക്കത്തയാകുന്നു. ഇവിടെ ഒരു വിമാനത്താവളവുമുണ്ടു്.

**ഹൌറാ**—ബംഗാളിലെ രണ്ടാമത്തെ പട്ടണമാണിതു്. ഇവിടെ അത്ഭുതകരമായ ഒരു പാലമുണ്ടു്—ജനസംഖ്യ നാലരലക്ഷം.

ആസ്സാം

**ഷില്ലാങ്**--ഇതു് ആസ്സാമിൻെറ തലസ്ഥാനനഗരിയാണു്. നല്ല സുഖവാസസ്ഥാനം.

ഒറീസ്സാ

**ഭുവനേശ്വരം**—ഇതു ഒറീസ്സായുടെ തലസ്ഥാനമാകുന്നു.

**പൂരി**—ഇതു ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലമാണു്. പ്രസിദ്ധപ്പെട്ട ജഗന്നാഥക്ഷേത്രം ഇവിടെ ആകുന്നു.

ബോംബേ പ്രദേശം

**ബോംബേ**—ഇൻഡ്യയുടെ വാണിജ്യതലസ്ഥാനമെന്നു പറയപ്പെടുന്നു. നമ്മുടെ പ്രധാന തുണിമില്ലുകളിൽ ഏറിയ ഭാഗവും ഇവിടെ ആണു്. പ്രകൃതിസിദ്ധമായ

ഇവിടുത്തെ തുറമുഖത്തു് എപ്പോഴും കപ്പലുകൾ ചരക്കുകൾ കയററുകയും ഇറക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു കാണാം. വിദേശവാണിജ്യത്തിൻെറ ഭൂരിഭാഗവും ബോംബേവഴിയാണു് നടത്തപ്പെടുന്നതു്. ഇവിടെ ഒരു വിമാനത്താവളവും ഉണ്ടു്. ഇതാണു് ബോംബേ സംസ്ഥാനത്തിൻെറ തലസ്ഥാനം. 29 ലക്ഷം ജനങ്ങൾ ഇവിടെ പാക്കുന്നു.

അഹമ്മദാബാദ്—ഇതു ഇൻഡ്യയിലെ മറെറാരു പ്രധാന പഞ്ഞിവ്യവസായ കേന്ദ്രമാകുന്നു. ജനസംഖ്യ എട്ടുലക്ഷം.

പൂനാ—ഇവിടെയാണു് ഭാരതസേവാസംഘത്തിൻെറ ആസ്ഥാനം. ഒരു സർവ്വകലാശാലകേന്ദ്രം.

ഷോലാപൂർ—ഒരു വലിയ വ്യവസായകേന്ദ്രം. പല തുണിമില്ലുകൾ ഇവിടെ ഉണ്ടു്. ജനസംഖ്യ266000.

ബറോഡാ—പഴയ ബറോഡാ രാജ്യത്തിൻെറ തലസ്ഥാനമായിരുന്നു. ഒരു വലിയ വിദ്യാഭ്യാസ കേന്ദ്രമാണു്. ജനസംഖ്യ രണ്ടേകാൽ ലക്ഷം.

കോൽഹാപ്പൂർ—ശിവാജിയുടെ വംശജന്മാർ ഇപ്പോഴും ഇവിടെ പാക്കുന്നു. ഇവിടെ പ്പുതാനും മില്ലുകളും ഉണ്ടു്.

നാഗപ്പൂരു്—ഈ നഗരം ഇപ്പോൾ ബോംബേ സംസ്ഥാനത്തിലാകുന്നു. മധ്യപ്രദേശത്തിൻെറ തലസ്ഥാനമായിരുന്നു. ബോംബേ ഹൈക്കോടതിയുടെ ഒരു ബെഞ്ചു് ഇപ്പോഴും അവിടെ ഉണ്ടു്. അനേകം തീവണ്ടിപ്പാതകൾ ഇവിടെ സംയോജിക്കുന്നു. നാലരലക്ഷം ജനങ്ങൾ ഇവിടെ അധിവസിക്കുന്നു.

രാജസ്ഥാനം

**ജയപ്പൂരു്**—രാജസ്ഥാനത്തിൻെറ തലസ്ഥാനം· ജനസംഖ്യ മൂന്നുലക്ഷം.

കേരള സംസ്ഥാനം

**കോഴിക്കോട്**—ഈ നഗരത്തിലാണു് പോർട്ടുഗീസുകാർ ആദ്യമായി കാൽവച്ചതു്. ഒരു വലിയ വാണിജ്യകേന്ദ്രമാണു്. ഇവിടെ നല്ലതരം സോപ്പുകൾ ഉണ്ടാക്കിവരുന്നു. ജനസംഖ്യ 158000.

**കൊച്ചി**—പ്രകൃതിസിദ്ധമായ നല്ല ഒരു തുറമുഖമാണു്. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ചരക്കുകൾ ഈ തുറമുഖത്തിൽനിന്നാണു് അന്യദിക്കുകളിലേക്കു കയററി അയയ്ക്കപ്പെടുന്നതു്. അനേകം വെളിച്ചെണ്ണമില്ലുകൾ ഇവിടെ ഉണ്ടു്. ഇതു് ഒരു നാവികസേനാത്താവളവുമാകുന്നു.

**ആലപ്പുഴ**—തിരുവിതാംകൂറിലെ ഒരു പ്രധാന തുറമുഖമാകുന്നു. കപ്പലുകൾ അടുക്കുന്നതിനു് ഒരു വലിയ പാലം കടലിലേക്കു് ഇറക്കി കെട്ടിയിട്ടുണ്ടു്. കയററുപായ നെയ്യുന്നതിനുള്ള മില്ലുകളും അനേകം ആയിൽ മില്ലുകളും, നെല്ലുകുത്തുന്ന മില്ലുകളും ഇവിടെ നിരന്തരം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. ജനസംഖ്യ 116000.

**തിരുവനന്തപുരം**—കേരളത്തിൻെറ തലസ്ഥാനമായ ഒരു മനോജ്ഞ നഗരിയാണു്. അനന്തശയനം എന്ന പേരിൽ ഇതു അഖിലഭാരത പ്രശസ്തമായിരിക്കുന്നു. ഇവിടെ ഒരു റബ്ബർ ഫാക്ടറിയും നൂൽ നിൎമ്മിക്കുന്ന ഒരു മില്ലും പ്രവൎത്തിച്ചുവരുന്നു. ദന്തവേലയ്ക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു. ജനസംഖ്യ രണ്ടുലക്ഷം.

## മൈസൂർ

**ബാംഗ്ളൂർ**—ഒരു നല്ല സുഖവാസസ്ഥാനമാണിതു്. ഇവിടെ ഒരു വിമാനത്താവളമുണ്ടു്. ഒരു പ്രസിദ്ധ സൈനിക കേന്ദ്രമാകുന്നു. ജനസംഖ്യ 8 ലക്ഷം.

**മൈസൂർ**—ഇവിടെയാണു് മൈസൂർ രാജഭവനം സ്ഥിതിചെയ്യുന്നതു്. ഇവിടുത്തെ ചാമുണ്ഡീക്ഷേത്രം അതിപ്രസിദ്ധമാണു്. ജനസംഖ്യ രണ്ടരലക്ഷം. പട്ടിനും ചന്ദനത്തൈലങ്ങൾക്കും തിരികൾക്കും സോപ്പുകൾക്കും പ്രസിദ്ധം.

**മംഗലാപുരം**—ഓട്ടുകൾക്ക പ്രസിദ്ധം.

**കോളാർ**—സ്വർണ്ണഖനിയാണു് ഈ നഗരത്തിന്റെ പ്രാധാന്യഹേതു

## മദ്രാസ് സംസ്ഥാനം

**മദ്രാസ്**—മദ്രാസ് പ്രദേശത്തിന്റെ തലസ്ഥാനമാണു്. കിഴക്കേതീരത്തെ ഏററവും പ്രധാനമായ വാണിജ്യകേന്ദ്രമാകുന്നു. അഖില ഭാരതപ്രശസ്തമാണു് ഇവിടുത്തെ സർവ്വകലാശാല. ഇവിടെ സൈനികവും നാവികവും വായവികവും ആയ താവളങ്ങളുണ്ടു്. ഈ നഗരം നാൾക്കുനാൾ വളർന്നുകൊണ്ടിരിക്കുന്നു. ജനസംഖ്യ 1416000.

**മധുര**—ഇവിടുത്തെ മീനാക്ഷീക്ഷേത്രം അതിപ്രസിദ്ധമാകുന്നു. അനേകം തുണിമില്ലുകൾ ഇവിടെയുണ്ടു്. ഒരു വ്യവസായകേന്ദ്രമാണു്. ജനസംഖ്യ 371000.

**തിരുച്ചിറാപ്പള്ളി**—ദക്ഷിണ റെയിൽവേ സർവീസ്സിന്റെ കേന്ദ്രസ്ഥാനം. അനേകം വിദ്യാമന്ദിരങ്ങൾ

2564

ഇവിടെയുണ്ടു്. ഇവിടെ ഒരു റെയിൽവേകോച്ചു ഫാക്ടറിയും ഡാൽമിയാ സിമൻറുഫാക്ടറിയുമുണ്ടു്. ജനസംഖ്യ 218000.

**സേലം**—പട്ടുകൾക്കു പ്രസിദ്ധം. കുടിൽവ്യവസായമെന്ന നിലയിലും യാന്ത്രികമായും ഇവിടെ പട്ടുകൾ നിർമ്മിച്ചുവരുന്നു. ജനസംഖ്യ രണ്ടു ലക്ഷം.

**കോയമ്പത്തൂർ**—ഒരു വലിയ തുണിവ്യവസായ കേന്ദ്രമാകുന്നു. ജനസംഖ്യ രണ്ടു ലക്ഷം.

**തഞ്ചാവൂർ**— അതിപുരാതനമായ വൈഷ്ണവ കേന്ദ്രമാണു്. അവിടത്തെ രംഗനാഥക്ഷേത്രത്തിലെ ആയിരംകാലുമണ്ഡപം അത്ഭുതകരമാകുന്നു. ജനസംഖ്യ ഒരു ലക്ഷം.

**പാണ്ടിച്ചേരി**—ഒരു വാണിജ്യ കേന്ദ്രമാകുന്നു. ഫ്രഞ്ചുകാരുടെ വകയായിരുന്നു.

**തൂത്തുക്കുടി**—സിലോണിലേക്കുള്ള ഗതാഗതം ഈ നഗരത്തിലൂടെയാണു്.

### ആന്ധ്രാപ്രദേശം

**വിശാഖപട്ടണം**—വിപുലമായ തോതിൽ കപ്പൽപ്പണി നടക്കുന്ന ഒരു നഗരം.

**ഹൈദരാബാദ്**—ആന്ധ്രായുടെ തലസ്ഥാനം, പഴയ ഹൈദരാബാദ് സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്നതിനാൽ ഈ നഗരം വളരെ വികസിച്ചിട്ടുണ്ടു്. ഉസ്മാനിയാ സർവ്വകലാശാല ഇവിടെയാണു്. ജനസംഖ്യ പതിനൊന്നുലക്ഷം. ഇതു കൂടാതെ രാജ

മന്ത്രി, വാറംഗൽ, വിജയവാദ മുതലായ പട്ടണങ്ങളും ഈ സംസ്ഥാനത്തുണ്ട്.

**വിജയവാദ**—ഒരു വ്യവസായകേന്ദ്രവും പ്രസിദ്ധ റെയിൽവേ ജംഗ്ഷനുമാകുന്നു. അനേകം തീവണ്ടി പ്പാതകൾ ഇവിടെ സംയോജിക്കുന്നു.

അദ്ധ്യായം 2 (തുടച്ച്)

## ഇൻഡ്യയിലെ ജനങ്ങളും അവരുടെ ഭാഷകളും ജനവിതരണവും.

കഴിഞ്ഞ ജനസംഖ്യക്കണെക്കിൻപ്രകാരം ഇൻഡ്യ യിൽ 35 കോടി ജനങ്ങൾ അധിവസിക്കുന്നതായി കാണുന്നു. ഇപ്പോൾ അതു കുറേക്കൂടി വർദ്ധിച്ചുകാണും. ചൈന ഒഴിച്ചാൽ ലോകത്തിലെ ഏററവും ജനസംഖ്യ യുള്ള നാട്ട് ഭാരതമാകുന്നു.

ആര്യന്മാർ, ദ്രാവിഡന്മാർ, മംഗോളിയർ, സെമി ററിക് വർഗ്ഗക്കാർ—എന്നു വേണ്ടാ, ലോകത്തിലെ മിക്ക വർഗ്ഗക്കാരുടേയും രക്തം ഭാരതീയ ജനതയിൽ കലന്നി ട്ടുണ്ട്.

പഞ്ചാബ്, രാജപുട്ടാണ, കാശ്മീർ ഈ ദേശങ്ങളി ലെ ജനങ്ങൾ പ്രായേണ ഇൻഡോ ആര്യന്മാരാണെങ്കിൽ, പശ്ചിമേന്ത്യയിൽ പാക്കുന്നവർ സിത്തിയോ ദ്രാവിഡരും, ഉത്തരപ്രദേശത്തിലും ബീഹാറിലും ഉള്ളവർ ആര്യ ദ്രാവിഡസങ്കരജാതിക്കാരും, ബംഗാളികൾ ഏറിയകൂറും മംഗോളോദ്രാവിഡരും ആണ്. ആസ്സാമിലെ ജനങ്ങൾ പ്രായേണ മംഗോളായിതന്മാരും ദാക്ഷിണാത്യന്മാർ പ്രാ യേണ ദ്രാവിഡരും ആകുന്നു. ഭീലർ, കോലാര്യന്മാർ,

തോഡന്മാർ, നാഗന്മാർ മുതലായി ഒട്ടുവളരെ വനവർഗ്ഗക്കാരും ഇൻഡ്യയിലുണ്ട്.

**ഭാഷകൾ**—ഇൻഡ്യയിൽ നിരവധി ഭാഷകൾ സംസാരിച്ചുപോരുന്നുണ്ട്. അവയിൽ പ്രധാനമായുള്ളവ മാത്രം അറിഞ്ഞിരുന്നാൽ മതിയാവും.

(1) ഉർദ്ദു—പഞ്ചാബിൽ സാധാരണ സംസാരിക്കപ്പെടുന്ന ഭാഷകളിൽ ഒന്നാണ്. മററു പ്രദേശങ്ങളിലെല്ലാംതന്നെയും ഉർദ്ദു സംസാരിക്കുന്നവരെ കാണാം.

(2) പഞ്ചാബി—പഞ്ചാബിലെ മറെറാരു ഭാഷയാണ്.

(3) ഹിന്ദി—ഉത്തരഭാരതം, മധ്യഭാരതം, ബീഹാറിൻെറ ചിലഭാഗങ്ങൾ ഇവിടെയെല്ലാം സംസാരിക്കപ്പെടുന്നു. രാഷ്ട്രഭാഷയായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞതിനാൽ ഹിന്ദി നാടൊട്ടുക്ക് അതിവേഗം പ്രചരിച്ചുകൊണ്ടിരിക്കുന്നു.

(4) ബംഗാളി – ബംഗാൾ, ബീഹാർ, അസ്സാം, ഒറീസ്സാ എന്നീ ദേശങ്ങളിൽ അല്പാല്പം വ്യത്യാസത്തോടെ സംസാരിച്ചുപോരുന്നു.

(5) രാജസ്ഥാനി—രാജപുട്ടാണയിലും മധ്യഭാരതത്തിൻെറ ചില ഭാഗങ്ങളിലും സംസാരിക്കുന്നു. രാജസ്ഥാനത്തിലെ പ്രധാന ഭാഷ.

(6) അസ്സാമിസ്—അസ്സാംപ്രദേശത്തെ വ്യവഹാരഭാഷയാണ്.

(7) മറാത്തി (മഹാരഷ്ട്രം) ബോംബേ സംസ്ഥാനത്തിലും, മധ്യഭാരതത്തിലും, ഹൈദരാബാദിലും സംസാരിക്കപ്പെടുന്നു.

(8) ഗുജറാത്തി—ബോംബേയിലും ഗുജറാത്തിലും ബറോഡയിലും സംസാരിക്കുന്ന ഭാഷയാണു്.

(9) കച്ചി—കച്ചിലും ബോംബേ നഗരത്തിലും മാത്രം സംസാരിച്ചുവരുന്നു.

(10) കന്നാടകം—പുതിയ മൈസൂർസംസ്ഥാനത്തെ പ്രധാന ഭാഷയാകുന്നു.

(11) തെലുങ്കു്—ആന്ധ്റാ പ്രദേശത്തെ പ്രധാന ഭാഷയാണു്.

(12) തമിഴ്—മദ്രാസ്പ്രവിശ്യയിലെ പ്രധാന ഭാഷ.

(13) മലയാളം—കേരളത്തിലെ പ്രധാന ഭാഷ.

(14) ഊറിയ—ഒറീസ്സയിലെ പ്രധാന ഭാഷ.

(15) കാശ്മീരി—കാശ്മീരത്തെ ഭാഷ.

(16) ഇംഗ്ലീഷ്—ആങ്ഗ്ലോ ഇൻഡ്യന്മാർ സംസാരിച്ചുവരുന്നു.

രാജ്യത്തെ ഇപ്പോൾ മിക്കവാറും ഭാഷയുടെ അടിസ്ഥാനത്തിലാണു് വിഭജിച്ചിട്ടുള്ളതു്, ബോംബേ സംസ്ഥാനത്തുമാത്രം മറാത്തി, ഗുജറാത്തി, എന്നീ രണ്ടു ഭാഷകൾ സംസാരിക്കപ്പെട്ടുവരുന്നു. പാണ്ടിച്ചേരിയിലും ചന്ദ്രനഗരിലും ഫ്രഞ്ചുഭാഷ സംസാരിക്കുന്നവരും ധാരാളമുണ്ടു്.

## ജനവിതരണം.

ജനങ്ങളിൽ കഷ്ടിച്ചു് ഇരുപതു ശതമാനം നഗരങ്ങളിൽ പാക്കുന്നു. കരുമണ്ഡലതീരത്തിലും പടിഞ്ഞാറേ തീരത്തും കൃഷിക്കു പററിയ ഭൂമി ധാരാളം ഉള്ളതിനാൽ ജനങ്ങൾ തിങ്ങിപാക്കുന്നതായി കാണാം. ഗംഗാസമതലവും ഫലപുഷ്ടിയുള്ളതായതിനാൽ, അവിടെയും ജനസംഖ്യ കൂടുതലാണു്. ഇവ കഴിഞ്ഞാൽ ജനങ്ങൾ അധികമുള്ള പ്രദേശം, കന്നാററിക് സമതലമാകുന്നു.

ജനങ്ങൾ ഏററവും കുറവായിരിക്കുന്നതു് മലംപ്രദേശങ്ങളിലും മരുഭൂമികളിലുമാകുന്നു. 35 കോടി ജനങ്ങളിൽ 45വർഗ്ഗക്കാരും 2400 ജാതിക്കാരും ഉൾപ്പെടുന്നു പ്രധാന മതങ്ങൾ, ഹിമന്ദുമതം, മഹമ്മദുമതം, ബുദ്ധമതം, സിക്കമതം, ജൈനമതം, ക്രിസ്തുമതം, ജൂതമതം, സൌരാഷ്ട്രമതം ഇവയാകുന്നു, മുൻവിവരിച്ച പ്രധാന ഭാഷകൾ ഉൾപ്പെടെ 170 ഭാഷകൾ ഇൻഡ്യയിൽ സംസാരിക്കപ്പെട്ടുന്നുണ്ടു്.

ജനങ്ങൾ നാൾക്കുനാൾ അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണു് ഇൻഡ്യയെ വിഷമിപ്പിക്കുന്ന പ്രധാന സംഗതി.

## ചോദ്യങ്ങൾ

1. 1. പുതുഡൽഹി 2. അമൃതസരസ് 3. കാൺപൂർ 4. ബനാറസ് 5. ജംഷേഡ്പൂര് 6. കൽക്കത്ത 7. പുരി 8. ഷില്ലാങ് 9. ബോംബേ 10. അഹമ്മദബാദ് 11. നാഗപ്പൂര് 12. കൊച്ചി 13. ബാംഗ്ളൂർ 14. കോളാർ 15. മദ്രാസ് 16. കോയമ്പത്തൂർ 17. വിശാഖപട്ടണം ഇവയിലോരോന്നിന്റെയും പ്രാധാന്യവും അതിനുള്ള കാരണങ്ങളും പറക.

2. പേരു പറയുക:—

   1. നാലു വ്യവസായ കേന്ദ്രങ്ങൾ
   2. കപ്പൽപണി നടക്കുന്ന നഗരം
   3. നാലു വിമാനത്താവളങ്ങൾ
   4. ഏററവും വലിയ തുണിവ്യവസായ കേന്ദ്രം
   5. ഏററവും വലിയ ഇരുമ്പുവ്യവസായ കേന്ദ്രം
   6. നാലു പുണ്യസ്ഥലങ്ങൾ
   7. കമ്പിളിവ്യവസായത്തിനു പ്രാധാന്യമുള്ള നഗരം
   8. അഞ്ചു സർവകലാശാലാ കേന്ദ്രങ്ങൾ

3. ഇൻഡ്യയിലെ പ്രധാനഭാഷകൾ എന്തെല്ലാം?

അദ്ധ്യായം 3.

# ഇൻഡ്യയുടെ പാരമ്പര്യം

## അശോകൻ. ബി. സി. 274–237.

ലോകചരിത്രത്തിൽ അശോകനെപ്പോലെ വിഖ്യാതി നേടീട്ടുള്ളവർ തുലോം ചുരുക്കമാണു്. അദ്ദേഹം കാശ്മീരവും നേപ്പാളവും ഉൾപ്പെട്ട ഉത്തരഭാരതം മുഴുവനും ദക്ഷിണ ഭാരതത്തിൻെറ ഒരു ഭാഗവും അടക്കിവാണിരുന്നു.

ഇൻഡ്യയെ ഗ്രീക്കുകാരുടെ ആധിപത്യത്തിൽനിന്നെന്നപോലെ, മഗധരാജാക്കന്മാരുടെ ഭരണത്തിൽനിന്നും മോചിപ്പിച്ചു് മൌൎയ്യവംശം സ്ഥാപിച്ച ചന്ദ്രഗുപ്തൻെറ പൌത്രനും ബിന്ദുസാരൻെറ പുത്രനും ആയിരുന്നു അശോകൻ. അദ്ദേഹത്തിൻെറ ബാല്യകാല ജീവിതത്തെപ്പററി വിശ്വാസയോഗ്യമല്ലാത്ത പല കഥകളും ഉണ്ടു്. ബി. സി. 274-ൽ അദ്ദേഹം സിംഹാസനാരോഹണം ചെയ്തതിനു ശേഷമുള്ള ചരിത്രമേ നമുക്കു് അറിയേണ്ടതായിട്ടുള്ളു.

സിംഹാസനാരോഹണാനന്തരം, തൻെറ രാജ്യത്തിൻെറ വിസ്താരം വൎദ്ധിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. ഒറിസ്സാ എന്ന പ്രദേശത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അതിനു കലിംഗം എന്നായിരുന്നു അന്നത്തെ പേരു്. കലിംഗർ യുദ്ധസാമൎത്ഥ്യത്തിൽ വളരെ മുന്നിട്ടുനിന്നിരുന്ന ധീരന്മാരായിരുന്നു. മൂന്നു കൊല്ലത്തോളം നീണ്ടുനിന്ന ഭയങ്കരയുദ്ധത്തിനുശേഷം അശോകൻ ആ രാജ്യത്തെ കീഴടക്കി. എന്നാൽ ആ യുദ്ധത്തിൽ പതിനായിരക്കണക്കിനു് ആളുകൾ ഹനിക്കപ്പെടുകയും ഫലഭൂയിഷ്ഠമായ നിരവധി പ്രദേശങ്ങൾ മരുഭൂമിയെപ്പോലെ ആവുകയും ചെയ്തു.

ഒരു തുണ്ടു ഭൂമിക്കുവേണ്ടിയാണല്ലോ താൻ ഇത്ര വളരെ ആളുകളെക്കൊന്നൊടുക്കുകയും നാട്ടുകാരെ ഉപജീവനമാർഗ്ഗം ഇല്ലാത്തവരാക്കിത്തീർക്കുകയും ചെയ്തതെന്നുള്ള വിചാരം അദ്ദേഹത്തെ പീഡിപ്പിച്ചു. അദ്ദേഹം തൽഫല



അശോകൻ

മായി ബുദ്ധമതം സ്വീകരിക്കുകയും ബൌദ്ധസന്ന്യാസിയുടെ ഉടുപ്പു ധരിക്കയും ചെയ്തു എന്നു മാത്രമല്ലാ, മേലാൽ

യാതൊരു കാരണവശാലും യുദ്ധം ചെയ്കയില്ലെന്നുള്ള പ്രതിജ്ഞയാൽ സ്വയം ബദ്ധനാവുകയും ചെയ്തു.

ഈ ഹൃദയപരിവർത്തനം ഗൌതമബുദ്ധൻെറ ഉപദേശങ്ങളുടെ ഫലമായുണ്ടായതാണെന്നു വ്യക്തമാണ്. ആറാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു ചീന ചക്രവർത്തിയും ഇതുപോലെ ചെയ്തതായി ചരിത്രത്തിൽ കാണുന്നുണ്ട്.

അശോകൻ കലിംഗയുദ്ധത്തിൽ നേടിയ വിജയത്തെക്കാൾ ഉൽകൃഷ്ടമായിരുന്നു സമാധാനവിഷയകമായി നേടിയ മഹാവിജയം. 'ദേവാനാം പിയ പിയദാസി' എന്ന ബിരുദം കൈക്കൊണ്ടിട്ട് അശോകൻ തൻെറ ശേഷിച്ച ജീവിതത്തെ വിപുലസാമ്രാജ്യത്തിലെ പ്രജാവലിയുടെ ക്ഷേമൈശ്വര്യങ്ങൾക്കായി വിനിയോഗിച്ചു. 'എല്ലാവരുടേയും നന്മയ്ക്കായി പ്രയത്നിക്കുക' എന്നതായിരുന്നു അശോകൻെറ മുദ്രാവാക്യം. നാട്ടിൽ സമാധാനം പരത്തുന്നതിനും ശത്രുഭീതി നീക്കുന്നതിനുംവേണ്ടി ഒരു വലിയ കരസൈന്യവും കപ്പൽ പടയും സുസജ്ജിതമാക്കി നിർത്തിയിരുന്നു. ജനങ്ങൾ അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളെ ഉൽബോധിപ്പിക്കാനായി രാജ്യത്തിൻെറ എല്ലാ മുക്കുകളിലും മൂലകളിലും ധാർമ്മികശാസനങ്ങൾ കൊത്തിയ ശിലകൾ സ്ഥാപിച്ചതിനുപുറമേ, പ്രജകളും ഉദ്യോഗസ്ഥന്മാരും ധർമ്മത്തിൽനിന്നു വ്യതിചലിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചു തന്നെ യഥാകാലം അറിയിക്കുന്നതിനായി അദ്ദേഹം ചാരന്മാരെ നിയോഗിച്ചു. ശിലാശാസനങ്ങളിൽ മിക്കതും ഇപ്പോഴും കാണപ്പെടുന്നു. ഒരു പാറയിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. "എൻെറ ഈ പ്രയത്നങ്ങളുടെ ഒക്കെ ഉദ്ദേശ്യം എന്ത്? സർവ്വജീവരാശികൾക്കും ഇഹത്തിൽ ക്ഷേമവും പരത്തിൽ മോക്ഷപ്രാപ്തിയും ഉണ്ടാകത്തക്കവണ്ണം, അവരോടുള്ള എൻെറ കടപ്പാടു തീർക്കുക എന്നുള്ളതു മാത്രമാണ്."

അശോകൻ ഒരു നിമഷംപോലും വ്യൎത്ഥമായി കളഞ്ഞിട്ടില്ല. 'വലിയവരും എളിയവരും എല്ലാം പ്രയത്നിക്കട്ടെ' എന്നു് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു.

ആദ്യമായി സാമ്രാജ്യത്തിൻെറ ഓണംകേറാമൂലകൾക്കുപോലും സദ്ഭരണം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ അദ്ദേഹം ചെയ്തു. എത്രതന്നെ ഉയൎന്നവരായ ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന തെററുകൾപോലും അപ്പോഴപ്പോൾ കണ്ടുപിടിച്ചു് ഉചിതമായ ശിക്ഷകൾ നൽകിവന്നു. പ്രജകൾക്കു് എപ്പോൾ വേണമെങ്കിലും അദ്ദേഹത്തിനെ കണ്ടു് പരാതികൾ ബോധിപ്പിക്കാമായിരുന്നു. കൃഷിക്കാരുടെ ആവശ്യത്തിനു് തോടുകൾ വെട്ടിക്കുക, പഥികന്മാരുടെ ആവശ്യത്തിലേക്കു് സത്രങ്ങളും വഴിക്കിണറുകളും സ്ഥാപിക്കുക, മനുഷ്യൎക്കും മൃഗങ്ങൾക്കും ആശുപത്രികൾ പ്രത്യേകം നിൎമ്മിക്കുക, യാത്രക്കാൎക്കു് നിൎബാധം സഞ്ചരിക്കുന്നതിനു് പോലീസ് വ്യവസ്ഥകൾ ചെയ്തു ഇത്യാദി ജനക്ഷേമകരങ്ങളായ പലതും അദ്ദേഹം ചെയ്തുകൊണ്ടിരുന്നു. പ്രാണിഹിംസ നിയമത്താൽ തടയപ്പെട്ടു. വേട്ട നിശ്ശേഷം നിൎത്തലാക്കി.

അദ്ദേഹം ബുദ്ധമതത്തിനു ചെയ്തിട്ടുള്ള സേവനം അളവററതായിരുന്നു. ആണ്ടുതോറും ഏതാനും ദിവസം അദ്ദേഹം സന്യാസിയുടെ വേഷത്തിൽ വീട്ടുതോറും നടന്നു പിച്ചയെടുത്തുവന്നതിൽനിന്നു്, അദ്ദേഹത്തിൻെറ ധൎമ്മനിഷ്ഠ നല്ലപോലെ തെളിയുന്നു. ഇങ്ങനെ ബുദ്ധമതാനുയായിയായി ജീവിച്ചിരുന്നിട്ടും, അദ്ദേഹം അന്യമതക്കാരെ ദ്വേഷിച്ചിരുന്നില്ല. പരിപൂൎണ്ണമായ മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിരുന്നു. എല്ലാ പ്രജകളും തൻെറ കുഞ്ഞുങ്ങളാണെന്നു് അദ്ദേഹം പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ടു്. കാട്ടുക

ളിൽപാക്കുന്ന ഭയങ്കര വഗ്ഗക്കാക്കുപോലും ധർമ്മോപദേശ
ങ്ങൾ നല്കാൻ അദ്ദേഹം നിഷ്കർഷിച്ചുപോന്നു. മൂന്നു
കൊല്ലങ്ങളിലോ അഞ്ചുവഷങ്ങളിലോ ഒരിക്കൽ ധാമ്മിക
സംഘങ്ങൾകൂടി മതപരമായ ചച്ചകൾ നടത്താറുണ്ടാ
യിരുന്നതിനു പുറമേ, സാമ്രാജ്യത്തിനു വെളിയിലും ധർമ്മ




പടം 3.
അശോകസാമ്രാജ്യം

ാരണത്തിനായി ആളുകൾ നിയോഗിക്കപ്പെട്ടു. അതു
ബുദ്ധമതം സിലോൺ, ബർമ്മ, സയാം ടിബ

2564

റ്റ്, ചൈന മുതലായ ദിക്കുകളിൽ പ്രചരിച്ചു. മാസിഡോൺ, ഈജിപ്ത് മുതലായ ദിക്കുകളിൽപോലും അശോകന്റെ സ്ഥാനപതികൾ ഗൌതമബുദ്ധന്റെ സന്ദേശങ്ങളെ എത്തിച്ചുകൊടുത്തു.

അശോകന്റെ ഇളയ സഹോദരനായ മഹേന്ദ്രനായിരുന്നു സിലോണിൽ ധർമ്മപ്രചാരണം ചെയ്തിരുന്നതു്. അവിടത്തെ രാജാവായ തീഃസ്സാവും സഭികന്മാരും ബുദ്ധ



പടം 4

അശോകസ്തംഭം

മതം സ്വീകരിച്ചു. മഹേന്ദ്രൻ തന്റെ ജീവിതകാലം മുഴുവനും സിലോണിൽതന്നെയാണു് നയിച്ചതും.

മൌര്യസാമ്രാജ്യം അശോകൻെറ കാലത്തു് അതിൻെറ ഉച്ചകോടിയിൽ എത്തി. 12-ാം അക്ഷാംശത്തിനു തെക്കുള്ള ദക്ഷിണ ഭാരതം ഒഴിച്ചു് ഹിമവൽ സാനുക്കൾ വരെയുള്ള സർവ്വദേശങ്ങളും കാശ്മീരത്തിൻെറയും നേപ്പാളത്തിൻെറ ചില ഭാഗങ്ങളും അഫ്ഗാനിസ്ഥാനിൻെറ മുക്കാൽഭാഗവും ബലൂചിസ്ഥാണും മൌര്യസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. പാടലീപുത്രമായിരുന്നു തലസ്ഥാനം.

അശോകൻെറ കാലശേഷം ഈ രാജ്യം ക്ഷയിക്കുകയും ഗുപ്തരാജാക്കന്മാർ അധികാരത്തിൽ വരികയും ചെയ്തു.

അശോകചക്രം ഇന്നു നമ്മുടെ കൊടിയടയാളമാണു്. നാണയങ്ങളിലും സ്റ്റാമ്പുകളിലും അശോകസ്തംഭവും കാണുന്നു. ആധുനിക ഭാരതത്തിൻെറ ആദർശം അശോകൻെറതിൽനിന്നു ഭിന്നമല്ലെന്നും, ഭാരതം നിരന്തരമായ പുരോഗതി, ലോകസമാധാനം, മതസഹിഷ്ണുത, മുതലായവയ്ക്കായി നിലകൊള്ളുന്നു എന്നും ആ അടയാളങ്ങൾ കുറിക്കുന്നു.

## ഗുപ്തരാജവംശം

ക്രിസ്തബ്ദം നാലാം ശതകത്തിൽ പാടലീപുത്രത്തിൽ ചന്ദ്രഗുപ്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം 308-ൽ മഗധയിലെ പുരാതന ലിച്ഛാവി രാജകുടുംബത്തിലെ കന്യകയായ കുമാരീദേവിയെ കല്യാണം കഴിച്ചിട്ടു്, രാജാധിരാജപദം സ്വീകരിച്ചു. കാലക്രമേണ ചന്ദ്രഗുപ്തൻ ഗംഗയുടേയും യമുനയുടേയും സംഗമസ്ഥാനംവരെ അധിപത്യം സ്ഥാപിച്ചു. 330-ൽ ചന്ദ്രഗുപ്തൻ മരിച്ചപ്പോൾ സമുദ്രഗുപ്തൻ രാജാവായി.

അൻപതുകൊല്ലത്തെ ദീർഘമായ ഭരണത്തിനിടയിൽ, സാമ്രാജ്യത്തിൻെറ വിസ്തൃതി വളരെ വർദ്ധിച്ചു.

അദ്യമായി അദ്ദേഹത്തിന്റെ സൈന്യം ചോട്ടാനാഗപ്പൂരിലൂടെ കോസലത്തിൽ കടന്നു. ആ പ്രദേശം കീഴടക്കീട്ട് അദ്ദേഹം സൈന്യത്തെകിഴക്കോട്ടേക്ക നയിച്ചു. പിന്നീട് കിഴക്കേതീരത്തു ഗഞ്ജാംവരെയുള്ള ദേശങ്ങൾ അക്രമി




പടം 5

സമുദ്രഗുപ്തന്റെ ജൈത്രയാത്രയെ ......ഈ അടയാളംകൊണ്ട കുറിച്ചിരിക്കുന്നു.

ച്ചശേഷം, കാഞ്ചീപുരത്തുവച്ച് പടിഞ്ഞാറോട്ടു തിരിഞ്ഞു. പല രാജാക്കന്മാരെ തോല്പിച്ചിട്ട് അനേക മാസങ്ങൾക്കശേഷം—അദ്ദേഹം നാട്ടിലേക്ക മടങ്ങി. ആ

മടക്കയാത്രയിൽ 1200 മൈൽ ദൂരണം ചെയ്യുണ്ടിയിരുന്നു എന്നു മാത്രവുമല്ല, പല ഭയങ്കര യുദ്ധങ്ങളും ചെയ്യേണ്ടിവന്നു. മൂന്നു കൊല്ലങ്ങൾകൊണ്ടാണു് ഈ യാത്ര നിർവ്വഹിച്ചതു്. ഏ. ഡി. 340–ൽ അദ്ദേഹം രാജധാനിയിൽ തിരിച്ചെത്തി.

രാജ്യവിസ്തൃതി വർദ്ധിപ്പിക്കണമെന്നായിരുന്നില്ല അദ്ദേഹത്തിന്റെ ഉദ്ദേശം. അതാതു ദേശങ്ങളെക്കൊണ്ടു് തന്റെ മേൽക്കോയ്മ സമ്മതിപ്പിക്കുന്നതിനും അവിടവിടെയുള്ള ധനം ഹരിക്കുന്നതിനുമായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. അങ്ങനെ വടക്കു കിഴക്കു് ബംഗാൾ ഉൾക്കടൽവരെയും, ഹിമവൽ പർവ്വതം മുതല്ക്കു നർമ്മദാനദിവരെയും ഉള്ള ദേശങ്ങൾ ഗുപ്തസാമ്രാജ്യത്തിൽ ഉൾപ്പെട്ടു. അതിനും പുറമേ അദ്ദേഹം സിലോണിലും അക്സസ് നദീതീരത്തും കാബൂളിലും വാണിരുന്ന രാജാക്കന്മാരുമായി മൈത്രീബന്ധവും സ്ഥാപിച്ചു.

ഹിന്ദുമതത്തിനു് അദ്ദേഹത്തിന്റെ കാലത്തു് ഒരു പുതിയ ജീവൻ വീണു. അദ്ദേഹം പൌരാണിക രാജാക്കന്മാരെപ്പോലെ അശ്വമേധവും നടത്തി. 380–ൽ സമുദ്രഗുപ്തൻ മരിച്ചപ്പോൾ ചന്ദ്രഗുപ്തരണ്ടാമൻ സിംഹാസനാരോഹണം ചെയ്തു. അദ്ദേഹം പിതാവിന്റെ കാലടികളെ പിന്തുടൎന്നു് സാമ്രാജ്യത്തിന്റെ അതിരുകൾ വർദ്ധിപ്പിച്ചു. സിന്ധുവിന്റെ ഏഴു മുഖങ്ങളും അദ്ദേഹം തരണം ചെയ്തതിന്റെ സ്മാരകമായി സ്ഥാപിക്കപ്പെട്ട അയസ്സ്തംഭം ഇപ്പോഴും ദില്ലിക്കു സമീപം കാണാം.

അദ്ദേഹം ശകന്മാരെ തോല്പിക്കയാൽ ശകാരി എന്നു് അറിയപ്പെടുന്നു. കാത്ത്യവാറിലേയും മാൾവായിലേയും വിജയങ്ങൾ നിമിത്തം, പടിഞ്ഞാറെ തീരത്തു നല്ല തുറമുഖങ്ങൾ നേടുന്നതിനും യൂറോപ്പും ഈജിപ്തു്

മായി വാണിജ്യബന്ധം സ്ഥാപിക്കുന്നതിനും അദ്ദേഹ ത്തിനു കഴിഞ്ഞു.

അദ്ദേഹത്തിൻെറ ഭരണകാലം ഭാരതചരിത്രത്തി ൻെറ സുവർണ്ണദശ എന്നു് പറയപ്പെടുന്നു. ജനങ്ങൾക്കു സകലവിധ ഐശ്വര്യങ്ങളും ഉണ്ടായിരുന്നു. സർവ്വ കല കൾക്കും അദ്ദേഹം പ്രോത്സാഹനം നല്കി. വിക്രമാദി ത്യൻ എന്ന പേരിൽ അദ്ദേഹം ചരിത്രത്തിൽ സുസ്ഥിര മായ സ്ഥാനം നേടി. അദ്ദേഹത്തിൻെറ കൊട്ടാരത്തെ യും അതിനെ അലങ്കരിച്ചിരുന്ന നവരത്നങ്ങളേയും പററി പല കഥകൾ ഉണ്ടു്.

ചന്ദ്രഗുപ്തൻെറ ഭരണകാലത്തു ഇൻഡ്യ സന്ദർശി ച്ച ഫാഹിയൻ എന്ന ചീന തീർത്ഥാടകൻ അദ്ദേഹത്തി നെപ്പററി നമുക്കു വിപുലമായ അറിവു നല്കുന്നുണ്ടു്. "സാമ്രാജ്യത്തിൽ ഒരേടത്തും ആരും ഒരു ജീവിയേയും കൊല്ലാറില്ല" എന്നു് അദ്ദേഹം രേഖപ്പെടുത്തിയിരുന്നു. പാവങ്ങളേയും അനാഥന്മാരേയും രക്ഷിക്കുന്നതിനു നിര വധി ധർമ്മാലയങ്ങൾ സ്ഥാപിച്ചിരുന്നു. ആക്കും പ്രതി ഫലം കൂടാതെ ചികിത്സ നടത്തിവന്ന ധർമ്മാശുപത്രിക ളിൽ, നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നു രോഗാത്ത ന്മാർ വന്നിട്ടു് സമർത്ഥന്മാരായ വൈദ്യന്മാരുടെ ചികിത്സ യാൽ രോഗവിമുക്തരായി പോകാറുണ്ടായിരുന്നത്രെ. സകല മതക്കാരോടും രാജാവു് സമഭാവനയോടെ പെരു മാറി.

വിക്രമാദിത്യസദസ്സിനെ അലംകരിച്ച നവരത്നങ്ങ ളിൽ കാളിദാസ മഹാകവിയും ഉൾപ്പെട്ടിരുന്നു. ആ കവി സത്തമൻെറ ശാകുന്തളം എല്ലാ ഭാഷകളിലും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ടു്. മാളവികാഗ്നിമിത്രം നാടകം, വിക്ര

രമാവ്ശീയം നാടകം, മേഘദൂതം, രഘുവംശം, കുമാര സംഭവം മുതലായവയും അദ്ദേഹത്തിൻെറ കൃതികളാകുന്നു.

413-ൽ ചന്ദ്രഗുപ്തവിക്രമാദിത്യൻ മരിച്ചു. തൽപുത്രനായ കുമാരഗുപ്തൻ നാല്പതുകൊല്ലം നാടുവാണു. അതിനുശേഷം സ്കന്ദഗുപ്തൻ സിംഹാസനസ്ഥനായി. അദ്ദേഹത്തിൻെറ ഭരണകാലത്തു ഹൂണന്മാർ ഇൻഡ്യയെ ആക്രമിച്ചു. സ്കന്ദഗുപ്തൻ ഒരുവിധത്തിൽ അവരെ അകററിനിർത്തിയെങ്കിലും, അദ്ദേഹത്തിൻെറ കാലശേഷം ഗുപ്തരാജവംശം ക്ഷയിച്ചു നാമാവശേഷമായി. ആ രാജവംശത്തിൻെറ ഒരു ശാഖ മഗധയിലും മറെറാന്നു മാൾവയിലും 510-ാമാണ്ടുവരെ ഭരിച്ചു. എന്നാൽ അവ രണ്ടും ഹൂണന്മാക്ക് വിധേയമായിരുന്നു.

ഹൂണന്മാർ വിസ്തൃതമായ തോളുകളോടും, പരന്ന മൂക്കുകളോടും, ഇരുണ്ടുകുഴിഞ്ഞ ചെറിയ നേത്രങ്ങളോടും കൂടിയ മംഗോളിയ വംശജരായിരുന്നു. അവരുടെ പോർവിളികേട്ടാൽ ആരും ഞെട്ടിപ്പോകുമായിരുന്നത്രേ. ക്രൂരതയിൽ അവരെ ജയിക്കാൻ ആരും ഉണ്ടായിരുന്നില്ല. അവരിൽ ഒരു കൂട്ടർ യൂറോപ്പിൽ കടന്നു അവിടെ അററംവരെ ചെയ്ത കഠിന കൈകൾക്കു കയ്യും കണക്കും ഇല്ല.

ഇൻഡ്യയിൽ പ്രവേശിച്ച ഒരു ഹൂണനേതാവു 'തോരമാന' എന്ന പേരിൽ മാളവാധിപതിയായി. അദ്ദേഹത്തിൻെറ പുത്രനായ മിഹിരഗുപ്തൻ പിതാവിനെപ്പോലെതന്നെ ക്രൂരനും ഭയങ്കരനുമായിരുന്നു. അദ്ദേഹം ശിവാരാധകനായിരുന്നു എന്നുമാത്രമല്ല ബുദ്ധമതക്കാരെ കൊന്നൊടുക്കുന്നതിൽ വലിയ താല്പര്യവും പ്രദർശിപ്പിച്ചുപോന്നു.

ആറാംശതകത്തിൻെറ മധ്യഭാഗംവരെ ഇൻഡ്യ ഹൂണന്മാരുടെ നിഷ്ഠുരതയ്ക്കു വശംവദയായിക്കഴിഞ്ഞുകൂടി.

# ശ്രീഹർഷൻ

സ്ഥാനേശ്വരം എന്നൊരു ചെറിയ രാജ്യം പഞ്ചാബിൽ അംബാലയ്ക്കു സമീപത്തുണ്ടായിരുന്നു. അവിടത്തെ ഒരു ചിററരചൻെറ പുത്രനായി ജനിച്ചു്, ഇൻഡ്യൻ ചക്രവർത്തിമാരുടെ കൂട്ടത്തിൽ അതിപ്രസിദ്ധനായിത്തീർന്ന ഹർഷൻെറ കഥയാണു് നാം ഇനി പഠിക്കാൻ പോകുന്നതു്.

ഹർഷൻെറ ജ്യേഷ്ഠനും കിരീടാവകാശിയുമായ യുവരാജാവു് ഹൂണന്മാരോടു യുദ്ധം ചെയ്തുകൊണ്ടിരുന്ന കാലത്തു പിതാവു പെട്ടെന്നു മരിച്ചു. ആ ദുഃഖവാർത്തകേട്ടു മടങ്ങിയെത്തിയ ജ്യേഷ്ഠൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു; എന്നാൽ മാൾവാധിപതി അദ്ദേഹത്തിൻെറ സഹോദരിയുടെ ഭർത്താവിനെ നിഗ്രഹിച്ചിട്ടു്, രാജകുമാരിയെ തടവിലാക്കുകയാൽ, അദ്ദേഹം അവരെ വിടുവിക്കാനായി അങ്ങോട്ടു തിരിച്ചു. അദ്ദേഹം മാൾവാധിപതിയെ യുദ്ധത്തിൽ കൊന്നുവെങ്കിലും ചതിയിൽ വംഗരാജാവിനാൽ ഹനിക്കപ്പെട്ടു. അങ്ങനെയാണു് ഹർഷൻ രാജാവായതു്. അദ്ദേഹം രാജസ്ഥാനം ഏററതു വളരെ വൈമനസ്യത്തോടുകൂടിയായിരുന്നെങ്കിലും 606 മുതല്ക്കു 647 വരെയുള്ള ഭരണത്തിനിടയ്ക്കു് തൻെറ രാജ്യത്തിൻെറ വിസ്തൃതി വർദ്ധിപ്പിക്കയും ഉത്തമനായ ഒരു ചക്രവർത്തിയുടെ നിലയിൽ എത്തുകയും ചെയ്തു.

തടവിൽനിന്നു മോചനം നേടീട്ടു് വിന്ധ്യാപർവ്വതത്തിൽ അഭയം പ്രാപിച്ച സഹോദരിയെ തേടിപ്പിടിക്കാനായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ ശ്രമം. ദീർഘകാലത്തെ അന്വേഷണത്തിനുശേഷം ആ രാജ്ഞിയെ അദ്ദേഹം കണ്ടുപിടിക്കയും ആത്മഹത്യാശ്രമത്തിൽ നിന്നു രക്ഷിക്കയും ചെയ്തു. ആ രാജ്ഞി മഹാവിദുഷിയും ബുദ്ധധർമ്മാനുയായിനിയും ആയിരുന്നു. അവരുടെ പ്രേരണ

യിലായിരിക്കണം ശിവഭക്തനായിരുന്ന ഹർഷൻ ബുദ്ധധർമ്മം സ്വീകരിച്ചതു്.

ഹർഷനെപ്പററിയുള്ള പല വിവരങ്ങൾ ബാണന്റെ ഹർഷചരിതത്തിൽനിന്നും, ഹ്യുവന്ത്സാംഗ് എന്ന ചീന സഞ്ചാരിയുടെ ലേഖനങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാൻ കഴിയുന്നു.

സഹോദരിയെ മരണത്തിൽനിന്നു രക്ഷിച്ചശേഷം ഹർഷൻ ഇൻഡ്യമുഴുവനും ഒരേ കൊടിക്കു കീഴിൽ വരുത്താൻ വേണ്ടി 30 കൊല്ലങ്ങളോളം യുദ്ധംചെയ്തു. കിഴക്കുനിന്നും പടിഞ്ഞാറോട്ടുള്ള എല്ലാദേശങ്ങളും അദ്ദേഹം പിടിച്ചടക്കി. എന്നാൽ തെക്കോട്ടുള്ള യുദ്ധയാത്ര പൂർണ്ണമായി ഫലിച്ചില്ല. ദക്ഷിണാപഥത്തിലേക്കു കടക്കാനുള്ള ശ്രമത്തെ പുലികേശിൻ എന്ന രാജാവു് തടഞ്ഞുകളഞ്ഞു. ആ ചാലൂക്യരാജാവു് ഹർഷന്റെ ആനപ്പടയെ അരിഞ്ഞുതള്ളിയിട്ടു് അദ്ദേഹത്തെ നിശ്ശേഷം തോല്പിച്ചു. അതിനോടുകൂടി അദ്ദേഹത്തിന്റെ സമരതൃഷ്ണ തീരെ ശമിച്ചുപോയി. അപ്പോഴേക്കും അദ്ദേഹം വാർദ്ധക്യം പ്രാപിച്ചതിനാൽ ബാക്കിജീവിതത്തെ ധ്യാനത്തിലും അശോകനെപ്പോലെ ലോകസേവനത്തിലും കഴിച്ചുകൂട്ടാൻ നിശ്ചയിച്ചു. അശോകനെപ്പോലെതന്നെ അദ്ദേഹവും ബുദ്ധമതസന്ന്യാസിയുടെ മഞ്ഞ നിലയങ്കി ധരിച്ചു് രാജ്യഭരണത്തിൽ സവ്ശ്രദ്ധയും പതിപ്പിച്ചു. ജീവരാശികളെ ഹിംസിക്കുന്നവക്കു കഠിനമായി ശിക്ഷ നല്കപ്പെട്ടു. പഥികന്മാക്കു വിശ്രമാലയങ്ങൾ സ്ഥാപിച്ചും, നിരത്തുകളും പാലങ്ങളും ആതുരാശ്രമങ്ങളും, സ്തൂപങ്ങളും പണിയിച്ചും അദ്ദേഹം അശോകന്റെ ചുവട്ടടികളെത്തന്നെ പിന്തുടന്നു. ആരാധനാസ്വാതന്ത്ര്യം നല്കപ്പെട്ടിരുന്നെങ്കിലും വിധർമ്മികളോടു ക്രൂരമായി പെരുമാറിവന്നതായി ചില കഥകളുണ്ടു്; എന്നാൽ അവ വിശ്വാസയോഗ്യമല്ല.

അദ്ദേഹം കവികളെ പ്രോത്സാഹിപ്പിച്ചുവന്നതിനു പുറമേ സ്വയം ഒരു കവിയുമായിരുന്നു. രത്നാവലി, പ്രിയ ദർശിക, നാഗാനന്ദം എന്നീ മൂന്നു വിശിഷ്ട നാടകങ്ങൾ അദ്ദേഹം രചിച്ചിരുന്നു. 648-ൽ നാല്പത്തിമൂന്നു കൊല്ല ത്തെ ഭരണത്തിനുശേഷം അദ്ദേഹം മരിച്ചു.

ഹർഷൻെറ സാമ്രാജ്യം അദ്ദേഹത്തിൻെറ കാല ശേഷം ശിഥിലമായി.

## ഹ്യുവന്ത്സാംഗ്

ഹർഷനെപ്പററിയുള്ള പാഠം പൂർത്തിയാകണമെ ങ്കിൽ, ഹ്യുവന്ത്സാംഗിനെപ്പററിയും പഠിക്കാതെ തര മില്ല.

ബുദ്ധമതക്കാർക്ക് ഇൻഡ്യ ഒരു പുണ്യസ്ഥലമാണല്ലോ. തിബെററ്ദേശീയനായ ഹ്യുവന്ത്സാംഗ് ഒരു തീർത്ഥാട കൻെറ നിലയിലാണ് ഇൻഡ്യ സന്ദർശിച്ചത്. ബംഗാ ളിൽവച്ച് ഹർഷൻ അദ്ദേഹത്തെ കണ്ടുമുട്ടി. അദ്ദേഹം രാജമന്ദിരത്തിലേക്കു ക്ഷണിക്കപ്പെട്ടു. ഒരു മതപ്രസംഗപ രമ്പരയ്ക്കു രാജാവ് സൌകര്യമുണ്ടാക്കിക്കൊടുത്തു. പണ്ഡി തന്മാരെല്ലാം ആ സദസ്സിൽ ക്ഷണിക്കപ്പെട്ടിരുന്നു. സ്ത്രീ കളും സന്നിഹിതരാവുക പതിവായിരുന്നത്രേ. ആ കൂട്ട ത്തിൽ രാജസഹോദരിയും ഉൾപ്പെട്ടിരുന്നു. ആ വിദുഷി രാജാവിൻെറ സന്നിധിയിൽ ഇരുന്നു് പ്രതിപാദ്യവിഷയ ങ്ങളെ സംബന്ധിച്ച് യുക്തിയുക്തങ്ങളായ ചോദ്യങ്ങൾ ചോദിക്കയും പതിവായിരുന്നു. കുറേക്കാലം കഴിഞ്ഞ പ്പോൾ രാജാവ് ഇപ്രകാരം ഇടയ്ക്കു കയറി തൻെറ ചീന മിത്രത്തെ തടസ്സപ്പെടുത്തുന്നതിനു് ആരെയും അനുവദിക്കാ തെയായി.

ഇങ്ങനെ ആ ചീനൻ ഒട്ടുവളരെക്കാലം രാജസന്നി ധിയിൽ കഴിച്ചുകൂട്ടിയശേഷം സ്വന്ത നാട്ടിലേക്ക് മട.

ഞാൻ ആഗ്രഹം പ്രദർശിപ്പിച്ചു. ഇതിനിടയ്ക്കു് അദ്ദേഹം ഭാരതഖണ്ഡം ഒട്ടുക്ക സഞ്ചരിച്ചുകഴിഞ്ഞിരുന്നു. ബുദ്ധമതത്തെപ്പററി പഠിക്കുക, ഗൌതമന്റെ അവശിഷ്ടങ്ങൾ കഴിയുന്നതു ശേഖരിക്കുക, ബുദ്ധവിഗ്രഹങ്ങളുടെ മാതൃകകളും ബൌദ്ധഗ്രന്ഥങ്ങളും സമ്പാദിക്കുക ചീനശില്പികൾക്കു് മാർഗ്ഗദർശനം ചെയ്ക, ഇവയെല്ലാം ആയിരുന്നു ഹ്യുവന്ത്സാംഗിന്റെ ഉദ്ദേശം അതു സാധിച്ചു. ഇനി തന്റെ സഞ്ചാരത്തിനെപ്പററിയുള്ള വിവരണങ്ങളെഴുതുന്നതിനും പാലിയിലുള്ള ബൌദ്ധഗ്രന്ഥങ്ങളെ ചീനഭാഷയിലേക്കു് വിവൎത്തനം ചെയ്യുന്നതിനും വേണ്ടി ബാക്കി ജീവിതത്തെ വിനിയോഗിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു.

നാട്ടിലേക്കു് മടങ്ങുന്നതിനു് അനുവാദം നല്കപ്പെട്ടും മുമ്പു് അദ്ദേഹം രാജാവിനോടുകൂടി കനൌജിൽ വച്ചു നടത്തപ്പെട്ട ബൌദ്ധസഭയിലേക്കു നയിക്കപ്പെട്ടു. ആ സഭയിൽവച്ചു് ബൌദ്ധധൎമ്മത്തെപ്പററി ഒരു പ്രസംഗം നടത്തി. ഗംഗയുടെ തീരത്തു് ഒരു ബൌദ്ധവിഹാരം നിൎമ്മിച്ചിരുന്നു. രാജാവും പരിവാരവും അവിടെ എത്തിയപ്പോൾ, ബുദ്ധവിഗ്രഹത്തെ ആനപ്പുറത്തു് എഴുന്നള്ളിച്ചു. ആ ഘോഷയാത്രാമദ്ധ്യേ പെട്ടെന്നു ഒരു അഗ്നിബാധയുണ്ടായെന്നും എന്നാൽ രാജദർശനത്താൽ അഗ്നി അത്ഭുതകരമാംവണ്ണം ശമിച്ചുവെന്നും ഹ്യുവന്ത്സാംഗ് പറയുന്നു.

അതിനുശേഷം ഹൎഷൻ ഹ്യുവന്ത്സാംഗിനെ പ്രയാഗയിലേക്കു ക്ഷണിച്ചു. എന്നാൽ നാട്ടിലേക്കു മടങ്ങാനുള്ള ആഗ്രഹം നിമിത്തം, വലിയ വൈമനസ്യത്തോടുകൂടിയാണു് അദ്ദേഹം ആ ക്ഷണം സ്വീകരിച്ചതു്. അതു നമ്മുടെ ഭാഗ്യമായിപ്പോയി; എന്തെന്നാൽ പ്രയാഗയിലെ തീൎത്ഥസ്നാനത്തെപ്പററി സവിസ്തരമായ വിവരണം നമുക്കു അദ്ദേഹത്തിൽനിന്നും അതു നിമിത്തമാണു് ലഭിക്കാനിട

യായതു്. അ മേളയിൽവച്ചു്, കഴിഞ്ഞ അഞ്ചുകൊല്ല ങ്ങൾക്കുള്ളിൽ നേടിയ സമ്പത്തെല്ലാം രാജാവു് സാധു ക്കൾക്കും വിഭിന്നമതക്കാർക്കും ദാനം ചെയ്യുവത്രേ. ഈ ദാനകർമ്മം രണ്ടു മാസത്തേക്കു നീണ്ടുനിന്നു. പാവങ്ങൾ ക്കെല്ലാം ഒരു മാസത്തേക്കു് അന്നവസ്ത്രാദികളും നല്കപ്പെട്ടു കയുണ്ടായി. സർവ്വസ്വവും കൊടുത്തുതീർന്നപ്പോൾ, രാജാവു ധരിക്കാനായി സ്വസഹോദരിയിൽനിന്നു ഒരു വസ്ത്രം കടം വാങ്ങി ഉടുത്തുകൊണ്ടു് ബുദ്ധനെ ആരാധിച്ചു.

അതിനുശേഷം ഹർഷൻ വിലയേറിയ സമ്മാന ങ്ങളും യാത്രയ്ക്കുള്ള പണവും, സമ്മാനദ്രവ്യങ്ങളെ കയററി ക്കൊണ്ടു പോകുന്നതിനു് അനേകം കുതിരകളും നല്കിയിട്ടു നാട്ടിലേക്കു പോകുവാൻ ഹ്യൂവന്തു്സാംഗിനു് അനുവാദം കൊടുത്തു. അദ്ദേഹം പഞ്ചാബിലൂടെ നടന്നു് ഹിമവാ നെ തരണംചെയ്തു് 646 ഏ.ഡി. യിൽ സ്വദേശത്തെത്തി. പിന്നീടു് ഗ്രന്ഥരചനയിൽ മുഴുകിക്കൊണ്ടു് പതിനെട്ടു കൊല്ലംകൂടി ജീവിച്ചു.

ഹ്യൂവന്തു്സാംഗ് 664-ൽ മരിച്ചു; നാലു കൊല്ലം കഴിഞ്ഞു് ചക്രവർത്തിയും ഇഹലോകവാസം വെടിഞ്ഞു.

## രാജപുത്രനായകന്മാർ

ഇൻഡ്യയുടെ ഇതിഹാസത്തിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്താൻ അർഹമാണു് രജപുത്രരുടെ ചരിത്രം. സത്യധർമ്മാദികളിലുള്ള നിഷ്ഠയിലും ധീരതയിലും സ്ത്രീജ നങ്ങളോടുള്ള ബഹുമാനത്തിലും, രാജപുത്രരോടു കിടനി ല്ക്കത്തക്ക ഒരു ജനത ലോകത്തിൽ മറെറങ്ങും ഉണ്ടായി ട്ടില്ല. അതിനാൽ ഭാരതീയരായ നമുക്കു് അവരെപ്പററി അഭിമാനിക്കാൻ ധാരാളം വകയുണ്ടു്.

ഇൻഡ്യയിൽ ധീരതയും മഹാനുഭാവവും (Chivalry) സഹഗാമികളായിരുന്നു. ഹൂണന്മാർപോലും ഇന്ത്യൻപരി

തസ്ഥിതിയിൽ മൃഗീയമായ ക്രൗയ്യത്തെ കൈവെടിഞ്ഞു് മനുഷ്യത്വവും മഹാനുഭാവവും നിറഞ്ഞ ഒരു വർഗ്ഗമായി ത്തീൎന്നു. "ഹിന്ദുക്കളുടെ യുദ്ധനിയമങ്ങൾ വളരെ വീരതാപൂൎണ്ണമായിരിക്കുന്നു; നിരായുധന്മാരേയും സ്ത്രീജനങ്ങളേയും വൃദ്ധന്മാരെയും കീഴടക്കപ്പെട്ടവരേയും കൊല്ലുന്നതിനു് അവ അനുവദിക്കുന്നില്ലാ" എന്നു വിൽസൺ പ്രസ്താവിച്ചിരിക്കുന്നു. സാരസന്മാരുടെ അധിപതിയായ സാലദിൻ ഒരു വൈദ്യന്റെ വേഷം ധരിച്ചു് തന്റെ ശത്രുവെങ്കിലും രോഗപീഡിതനായിക്കിടന്ന റിച്ചാഡ് സിംഹത്തെ ശുശ്രൂഷിച്ചു രക്ഷപ്പെടുത്തിയതായി ഒരു കഥയുണ്ടു്. എന്നാൽ രജപുത്രന്മാരെ സംബന്ധിച്ചിടത്തോളം അതു സൎവ്വസാധാരണമായ ഒരു കഥയാകുന്നു. പകൽ മുഴുവൻ തമ്മിൽ പടവെട്ടി പരസ്പരം കൊല്ലാൻ ശ്രമിച്ചിരുന്നവർ രാത്രികാലത്തു ശത്രുക്കളുടെ കൂടാരങ്ങളിൽചെന്നു് കുശലപ്രശ്നങ്ങൾ നടത്തുന്നതോ ഒത്താശകൾ ചെയ്യുന്നതോ രാജപുത്രചരിത്രത്തിൽ അസാധാരണമായിരുന്നില്ല. മററു രാജ്യക്കാരുടെ—വിശേഷിച്ചു പാശ്ചാത്യരുടെ—യുദ്ധചരിത്രത്തിൽ കാണുംപോലെ, ശത്രുരാജ്യത്തിലെ കൃഷീവലന്മാക്കും മററും ഉപദ്രവകരമായ യാതൊന്നും രാജപുത്രന്മാർ യുദ്ധകാലത്തു ചെയ്യാറില്ലായിരുന്നു. യുദ്ധങ്ങൾ ഭയങ്കരമായി നടക്കുമ്പോഴും ഗ്രാമനിവാസികൾ അതൊന്നും അറിയാതെ യഥാപൂൎവ്വം തങ്ങളുടെ കൃത്യശതങ്ങളിൽ ഏപ്പെട്ടു സൈ്വരജീവിതം നയിച്ചുപോന്നു.

പല സദ്ഗുണങ്ങൾക്കും വിളനിലമായിരുന്നുവെങ്കിലും രാജപുത്രന്മാർ ദുരഭിമാനികളും പൊതുശത്രുവിന്റെ മുമ്പിൽ ഒയാജിച്ചു പ്രവൎത്തിക്കാൻ കഴിയാത്തവരുമായിരുന്നു. ഈ ദുരഭിമാനമാണു് അവരുടെ അധഃപതനത്തിനു വഴി തെളിച്ചതു്.

ആരാണ് ഈ രാജപുത്രർ? വാസ്തവത്തിൽ ഹൂണന്മാർ, ശകന്മാർ മുതലായ വൈദേശികന്മാരുടെ സന്തതികളായിരുന്നു അവർ. അവർ ഇന്ത്യൻ പരിതഃസ്ഥിതികൾക്കു വശപ്പെട്ടു് ഹിന്ദുധർമ്മം സ്വീകരിച്ചു. ഗോക്കളേയും ബ്രാഹ്മണരേയും രക്ഷിക്കുന്ന ഭാരം അവർ സ്വന്തചുമലുകളിൽ സ്വയം ഏററു. കൃതജ്ഞരായ ബ്രാഹ്മണരാകട്ടെ അഗ്നികുലത്വവും സൂര്യവംശത്വവും ഒക്കെ അവൎക്കു കല്പിച്ചുകൊടുക്കയുംചെയ്തു. രാമായണം ഭാരതം മുതലായ ഇതിഹാസങ്ങളിലെ വീര കഥാപാത്രങ്ങളെ ആദർശമാക്കി ജീവിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം.

രാജസ്ഥാൻ എന്നും രാജപുട്ടാണ എന്നും അറിയപ്പെടുന്ന ദേശത്തു്, ആ വീരക്ഷത്രിയരുടെ സന്താനങ്ങൾ ഇന്നും ഉണ്ടു്. ആ പ്രദേശങ്ങൾ അനേകം രാജാക്കന്മാരുടെ കീഴിൽ ഭരിക്കപ്പെട്ടുപോന്നു. രജപുത്രചരിത്രകാരനായ ടാഡ് പറയുമ്പോലെ രാജപുട്ടാണയിൽ തന്റേതായ ഒരു തെർമ്മോപ്പാളിയില്ലാത്ത ഒരു രാജ്യമോ സ്വന്തമായ ഒരു ലിയോണിഡാസ്സിനെ ജനിപ്പിക്കാത്ത ഒരു നഗരമോ ഉണ്ടായിരുന്നില്ല. ആ രാജ്യങ്ങളുടെ കൂട്ടത്തിൽ മേവാർ, മാവ്വർ, ജാഡ്പൂർ, ബിക്കാനിർ, ബൂന്ദി, ജയപ്പൂര്, ഡൽഹി, ആജ്മീർ, കണൌജ് എന്നിവ വളരെ പ്രസിദ്ധമായിരുന്നു അവ പരസ്പരം കലഹിച്ചുകഴിഞ്ഞിരുന്നതിനാലും, ഒരിക്കലും തമ്മിൽ യോജിക്കാതിരുന്നതിനാലും മുസ്ലീങ്ങൾക്കു് ഓരോന്നായി അധീനപ്പെട്ടു.

അറബികൾ പത്താംശതകത്തിൽ സിൻഡു് ആക്രമിച്ചപ്പോൾ അവരെ തടഞ്ഞുനിർത്താൻ ശ്രമിച്ചതു് രജപുത്രന്മാരായിരുന്നു. 976—ൽ സബക്ടിജിൻ എന്ന തുരുഷ്കജാതീയനായ അടിമരാജാവു് ലാഹൂർ ആക്രമിച്ചപ്പോൾ, അവർ യോജിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ, പിന്നീടുള്ള ചരിത്രം മാററി എഴുതേണ്ടതായി വരുമായിരുന്നു. സബ

ക്ടിജ്ഞിൻെറ പുത്രനായ ഘസ്നിയിലെ മാമുദ്ദ് പതിനാറു പ്രാവശ്യം ഇൻഡ്യ ആക്രമിച്ച് ഇവിടെനിന്നും നിരവധി രത്നങ്ങളും സ്വർണ്ണവും പട്ടുകളും അപഹരിച്ചുകൊണ്ടു പോയി അപ്പോൾ രാജപുത്രന്മാർ യോജിച്ചു പ്രവർത്തിച്ചില്ല. 1001-ൽ ലാഹോർ രാജാവായ ജയപാലനെയും പതിനഞ്ചു പ്രജകളെയും ബന്ധിച്ചു പട്ടടയാടകളേയും ആഭരണങ്ങളേയും അപഹരിച്ചശേഷം, അദ്ദേഹം അവരെ മോചിപ്പിച്ചുവെങ്കിലും, രാജാവു് അഭിമാനക്ഷയം നിമിത്തം അഗ്നികുണ്ഡത്തിൽ ചാടി മരിച്ചുകളഞ്ഞു.

മാമുദ് പല പ്രാവശ്യം വീണ്ടും ഇൻഡ്യ ആക്രമിച്ചു കൊള്ളയടിച്ചു. എന്നാൽ ഒന്നോ രണ്ടോ തവണമാത്രമേ രാജപുത്രന്മാരിൽ ചിലർ യോജിച്ചു പ്രവർത്തിക്ക ഉണ്ടായുള്ളു. അപ്പോഴേയ്ക്കും മഹമ്മദീയരുടെ ശക്തി ബഹുശതം വർദ്ധിച്ചുകഴിഞ്ഞിരുന്നു.

ഘസ്നിയിലെ മഹമ്മദിനു് ഇൻഡ്യയിൽ സാമ്രാജ്യം സ്ഥാപിക്കണമെന്നു് ഉദ്ദേശമില്ലായിരുന്നു. ഘോർ വംശജനായ മഹമ്മദാണു് അക്കാര്യം സാധിച്ചതു്. അദ്ദേഹത്തിൻെറ ആക്രമണകാലത്തു് ദില്ലി, കണൌജ്, ആജ്മീർ എന്നീരാജ്യത്തിലെ രാജപുത്രരാജാക്കന്മാർ പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. ദില്ലിയിലെ രാജാവായ പൃത്ഥ്വീരാജാവും കണൌജിലെ രാജപുത്രരാജാവും തമ്മിലുള്ള മത്സരമാണു് മുഹമ്മദിൻെറ വിജയത്തിനു വഴിതെളിച്ചതു്.

കണൌജിലെ രാജാവായ ജയചന്ദ്രൻ തൻെറ മകളുടെ സ്വയംവരം ആഘോഷപൂർവ്വം നടത്തി. ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൽ പൃത്ഥ്വീരാജാവുമാത്രം ഉൾപ്പെട്ടിരുന്നില്ല. നഗരപാലകൻ എന്ന ഭാവത്തിൽ ജയചന്ദ്രൻ പൃത്ഥ്വീരാജാവിൻെറ ഒരു വിഗ്രഹം നിർമ്മിച്ചു് കോട്ടവാതുക്കൽ നിർത്തിയിരുന്നത്രേ. രാജപുത്രിയാകട്ടെ വിവാഹ

മണ്ഡപത്തിൽ കൂടിയിരുന്ന രാജാക്കന്മാരിൽ ആരെയും വരിക്കാതെ, വരണമാലയെ പൃത്ഥ്വീരാജാവിൻെറ പ്രതിമയിൽ അർപ്പിച്ചു. രാജകുമാരിയുടെ ഈ ധീരകൃത്യത്തിൽ സന്തുഷ്ടനായ പൃത്ഥ്വീരാജാവു് സത്വരം ചെന്നു് അവളെ അപഹരിച്ചുകൊണ്ടുപോയി. ഇതു ജയചന്ദ്രനു് അത്യന്തം ഹൃദയശല്യമായി തോന്നി.

ഘോർ ദില്ലി ആക്രമിക്കുന്ന വിഷയത്തിൽ ജയചന്ദ്രൻെറ പ്രേരണകൂടി ഉണ്ടായിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു ഏതായിരുന്നാലും മുഹമ്മദ് ആക്രമിച്ചപ്പോൾ സ്വപുത്രിയെ ഓർത്തെങ്കിലും ജയചന്ദ്രൻ പൃത്ഥ്വീരാജനെ സഹായിച്ചില്ല. എങ്കിലും പരാക്രമശാലിയായിരുന്ന ആ രാജശ്രേഷ്ഠൻ മുഹമ്മദിൻെറ സൈന്യത്തെ തോല്പിച്ചോടിച്ചു. എന്നാൽ കുരുക്ഷേത്രത്തിൽവച്ചുണ്ടായ രണ്ടാമത്തെ യുദ്ധത്തിൽ പൃത്ഥ്വീരാജാവു് ധീരധീരം പോരാടി എങ്കിലും ഹനിക്കപ്പെട്ടു. സംയുക്താറാണിയും തോഴിമാരും അഗ്നിയിൽ ചാടി ആത്മഹത്യചെയ്തു. പൃത്ഥ്വീരാജാവിൻെറ മഹാനുഭാവത്തെ കീർത്തിക്കുന്ന പാട്ടുകൾ ഇന്നും പ്രചരിക്കുന്നുണ്ടു്.

ഘോർ പിന്നീടു് തിരിഞ്ഞതു് ജയചന്ദ്രൻെറ നേക്കായിരുന്നു. ആ രാജാവിനെയും മുഹമ്മദ തോല്പിച്ചു. അനൈക്യത്തിൻെറ ഫലം നോക്കുക. ഇങ്ങനെ ദില്ലിയും ആജ്മീരും കനൌജും എല്ലാം വിദേശികളുടെ സ്വാധീനത്തിലായി.

ഈ യുദ്ധങ്ങളിൽനിന്നു രാജപുത്രന്മാരുടെ സ്വഭാവത്തിനുള്ള ചില വിശിഷ്ട ഗുണങ്ങളും ദോഷങ്ങളും തെളിഞ്ഞുകാണാം. സുൽത്താൻ ഷാബുദ്ദീൻ ഘോറി പൃത്ഥ്വീരാജാവിനാൽ തിലൊരീ എന്ന സ്ഥലത്തുവച്ചു് തോൽപ്പിക്കപ്പെട്ടു് ബന്ധനസ്ഥനായി, രാജസന്നിധിയിൽ ആനയിക്കപ്പെട്ടു. അഭയംപ്രാപിച്ചവരെ കൊന്നുകൂടെന്നുള്ള

ദൃഢവ്രതക്കാരനായ രാജാവു് അദ്ദേഹത്തിനെ മോചിപ്പിച്ചു എന്നു മാത്രമല്ല സ്വന്ത രാജ്യത്തേക്കു സുരക്ഷിതനായി തിരിച്ചയയ്ക്കുകയും ചെയ്തു. എന്നാൽ ഘോറിയാകട്ടെ, കണൌജിലേയും പാററൂണിലേയും മററും രാജ്യദ്രോഹികളായ രാജപുത്രന്മാരുടെ സഹായത്തോടുകൂടി തിരിച്ചുവന്നു് ആ രാജാവിനെ തോല്പിച്ചു കൊല്ലുകയാണുണ്ടായതു്. ഈ മാതിരി സംഭവങ്ങൾ രാജപുത്രചരിത്രത്തിൽ പലേടത്തും കാണാവുന്നതാണു്.

രാജപുത്രന്മാരുടെ ശക്തി ക്ഷയിച്ചുപോയെങ്കിലും, അവരുടെ വംശം തീരെ അസ്തമിച്ചുപോയില്ല. 1296 മുതല്ക്കു് 1316 വരെ വാണിരുന്ന അലാഉദ്ദീൻ ഖിൽജി നർമ്മദാനദി തരണംചെയ്തു തെക്കോട്ടു കടക്കാൻ ശ്രമിച്ചു. എണ്ണായിരം അശ്വഭടന്മാരോടുകൂടി ക്രൂരനായ പിതൃവ്യനിൽനിന്നു രക്ഷപ്പെടുന്നമട്ടിൽ ആണു് അദ്ദേഹം തെക്കോട്ടു കടന്നതു്. ഉദാരമതികളായ രാജപുത്രന്മാർ അദ്ദേഹത്തിൻെറ ദയനീയാവസ്ഥയിൽ അനുകമ്പിതരായിട്ടു് ആ സൈന്യത്തിനു പ്രവേശാനുവാദം നൽകി. എന്നാൽ സൂത്രശാലിയായ അലാഉദ്ദീൻ നേരെ തെരുവുകളിലേക്കു കടന്നു കൊള്ളയടിച്ചു തുടങ്ങിയപ്പോഴാണു് അവൎക്കു കാൎയ്യം മനസ്സിലായതു്. അതിനുശേഷം അലാഉദ്ദീൻ ഡില്ലിസുൽത്താനായി സ്വയം പ്രഖ്യാപനം ചെയ്തു. പിന്നീടു് ആദ്യമായി ചെയ്ത പ്രവൃത്തി രാജപുത്താനയുടെ ആക്രമണമായിരുന്നു.

അലാഉദ്ദീൻ ചിററൂർ റാണിയായ പത്മിനിയുടെ രൂപലാവണ്യത്തെപ്പററി കേട്ടിരുന്നു. ആ മഹതിയെ ഡില്ലിയിലേക്കു് അയച്ചുകൊടുക്കണമെന്നു സുൽത്താൻ രാജാവിനോടു് ആവശ്യപ്പെട്ടു. രാജാവു് ആ ധിക്കാരപൂൎവ്വമായ അപേക്ഷയെ അവജ്ഞാപൂൎവ്വം തള്ളിക്കളകയാൽ അലാഉദ്ദീൻ ചിററൂർകോട്ട വളഞ്ഞു. പന്ത്രണ്ടുവർഷ

ക്കാലം പടവെട്ടീട്ടും, ചിററൂർ പിടിച്ചെടുക്കാൻ സുൽത്താനു കഴിഞ്ഞില്ല. ഒടുവിൽ ചതിപ്രയോഗിച്ചു കാര്യം നേടാൻ അദ്ദേഹം നിശ്ചയിച്ചു. താൻ യുദ്ധം നിൎത്തി നാട്ടിലേക്ക് മടങ്ങാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അതിനുമുമ്പ് കോട്ടയ്ക്കകത്തുവന്ന് യാത്ര ചോദിക്കാൻ ഇച്ഛിക്കുന്നു എന്നും ഒരു ദൂതൻ വഴിക്ക് അദ്ദേഹം രാജാവിനെ അറിവിച്ചു. വക്രത എന്തെന്ന് അറിവില്ലാത്ത രാജപുത്രരാജാവ് അതിന് അനുവാദം നൽകി.

മോടിയായി ഒരു വിരുന്നു നല്കപ്പെട്ടു. അലാവുദ്ദീൻ കോട്ട ചുററിക്കണ്ടു് രാജാവിനെ അനുമോദിച്ചുകൊണ്ടു് വാതുക്കൽ എത്തി. യാത്ര പറവാനുള്ള സമയമായി. അലാവുദ്ദീൻ ഒരു മുത്തുവടം എടുത്തു് "എൻെറ സ്മരണയ്ക്കായും അഭിനന്ദനസൂചകമായും ഞാൻ ഈ മാല അവിടുത്തെ ഗളത്തിൽ അൎപ്പിക്കുന്നു." എന്നു പറഞ്ഞിട്ടു അങ്ങനെ ചെയ്വാൻ ഭാവിക്കവേ രാജാവിൻെറ കഴുത്തിൽ പിടിച്ചു ഒരു തള്ളുകൊടുത്തു. തുടൎന്നുണ്ടായ യുദ്ധത്തിൽ രാജാവു് വാതുക്കൽ നേരത്തെ നിൎത്തപ്പെട്ടിരുന്ന അഞ്ഞൂറു മുസ്ലീം ഭടന്മാരുടെ ബന്ധനത്തിൽ അകപ്പെട്ടു. ഉടൻ തന്നെ അവർ വായുവേഗത്തിൽ അവിടെനിന്നു കടന്നുകളകയും ചെയ്തു.

പത്മിനി ഭൎത്താവിനെ മോചിപ്പിക്കുവാനായി ചെല്ലുമെന്നായിരുന്നു അലാവുദീൻെറ വിചാരം. രാജ്ഞി വിവരം അറിഞ്ഞപ്പോൾ സ്വഭടന്മാരോടു പറഞ്ഞു "ഞാൻ തന്നെ നിങ്ങളെ നയിക്കാം. രാജാവിനെ ഇതിനുള്ളിൽ കൊന്നു കാണണം. എന്നാലും ധീരന്മാർ ഇനിയും ഈ നാട്ടിൽ ശേഷിച്ചിട്ടുണ്ടെന്നാണു് എൻെറ വിശ്വാസം. നിങ്ങളെല്ലാം എനിക്കു തുണയായി നില്ക്കുന്നപക്ഷം ഇക്കോട്ട രക്ഷിക്കാൻ എനിക്കു സാധിക്കും."

ഇതിനിടയ്ക്കു് അലാവുദീൻ പലവിധ രത്നമാല്യങ്ങൾ രാജ്ഞിക്ക അയച്ചുകൊടുക്കയും ഭർത്താവു മരിച്ചിട്ടില്ലെന്നും താൻ രാജ്ഞിയെ പട്ടമഹിഷിയായി സ്വീകരിക്കാൻ കാത്തിരിക്കയാണെന്നറിയിക്കയും ചെയ്തു. അതിനു മറുപടിയായി രാജ്ഞി പറഞ്ഞു:—"ഒരു വ്യവസ്ഥയിൽ ഞാൻ വരാം—എന്നെ ഭർത്താവിനോടു യാത്രപറവാൻ അനുവദിക്കണം. വിവാഹമുക്തി നേടിയശേഷം ഞാൻ അവിടുത്തെ അന്തഃപുരത്തിൽ പാർത്തുകൊള്ളാം."

അലാവുദീൻ സന്തോഷത്തിൽ മുഴുകി. രാജ്ഞി തനിക്ക സ്വാധീനമാവാൻ ഇനി അധികകാലതാമസമില്ലെന്നു് അദ്ദേഹം കരുതി. രാജ്ഞിയെ കൊണ്ടുപോകാൻ അനേകം പല്ലക്കുകൾ ഒരുക്കപ്പെട്ടു. എന്നാൽ അതിൽ കയറിയിരുന്നവർ രാജ്ഞിയും തോഴിമാരുമായിരുന്നില്ല. സ്ത്രീവേഷധാരികളായ രജപുത്രവീരന്മാരായിരുന്നു ഈ വസ്തുത ആരും അറിഞ്ഞിരുന്നില്ലതാനും. "നിങ്ങൾ എന്നെ കാണുംമുമ്പു് എന്റെ ഭർത്താവിനെ കാണാൻ അനുവദിക്കണം—അല്ലാത്തപക്ഷം ഞാൻ ആത്മഹത്യ ചെയ്തുകളയും" എന്നു രാജ്ഞി നേരത്തേ അലാവുദീനെ ധരിപ്പിച്ചിരുന്നതിനാൽ പല്ലക്ക നേരെ കാരാഗൃഹത്തിലേക്ക നയിക്കപ്പെട്ടു. പത്മിനിക്കുപകരം രണ്ടു രജപുത്രഭടന്മാർ പല്ലക്കിൽ നിന്നു വെളിക്ക ചാടിയപ്പോൾ രാജാവു് അമ്പരന്നുപോയി. അദ്ദേഹം ബന്ധനവിമുക്തനായി വേഗത്തിൽ ഓടുന്ന കുതിരപ്പുറത്തുകയറി രക്ഷപ്പെട്ടു. വിവരം അറിഞ്ഞപ്പോൾ "എന്നാൽ ചതിക്കപ്പെട്ടവരാൽ ഞാൻ വഞ്ചിതനായി" എന്നു മാത്രമേ അലാവുദീൻ പറഞ്ഞുള്ളു.

എന്നാൽ തന്റെ ഉദ്ദേശത്തിൽനിന്നു് അദ്ദേഹം പിന്മാറിയില്ല. പിന്നെയും അദ്ദേഹം ചിറ്റൂർകോട്ട വളഞ്ഞു. കോട്ടയ്ക്കുള്ളിൽ വെടിവയ്ക്കാൻ കഴിയത്തക്ക

വണ്ണം മരംകൊണ്ടുള്ള ഗോപുരങ്ങൾ പണിയിക്കപ്പെട്ടു. ഒരു ദിവസം ഗോപുരത്തിന്റെ മുകളിൽനിന്നും അദ്ദേഹം നോക്കവേ, കോട്ടയ്ക്കുള്ളിൽ രാജാവു നില്ക്കുന്നതുകണ്ടു് വെടിവച്ചു വീഴ്ത്തി. പക്ഷെ അതുകൊണ്ടും അലാവുദീന്റെ അഗ്രഹം സഫലമായില്ല. പതിവ്രതാരത്നമായ പത്മിനി, ഭർത്താവിന്റെ ചിതയിൽ ചാടി മരണംപ്രാപിച്ചുകളഞ്ഞു.

അടുത്ത രാജാവു് "ഈ കോട്ടയെ ഇരുകൂട്ടരും അവകാശപ്പെടുകയില്ല" എന്ന വ്യവസ്ഥയിൽ അലാവുദീനുമായി ഒരു കരാറുണ്ടാക്കി. പക്ഷേ, ആ കരാറിനെ അലാവുദീൻ ലംഘിച്ചു. അതിനെ രക്ഷിക്കുന്നതിനുവേണ്ടി രാജപുത്രരക്തം നദികളായി ഒഴുക്കേണ്ടിവന്നു.

മുകിലന്മാരുടെ ഭരണകാലത്തു വീണ്ടും നാം രാജപുത്രന്മാരുടെ വീര്യപരാക്രമങ്ങളെപ്പററി കേൾക്കുന്നു. മിക്ക രാജാക്കന്മാരും ബേബറിന്റെ കീഴടങ്ങി, എങ്കിലും ചിററൂരിലെ റാണാസംഗ സ്വാതന്ത്ര്യം പരിപാലിച്ചുവന്നു. അദ്ദേഹത്തിനു് ഒരു സുസംഘടിതമായ സൈന്യവുമുണ്ടായിരുന്നു. റാണായ്ക്കു വാൎദ്ധക്യം പിടിപെട്ടു. യുദ്ധത്തിൽ ഒരു കയ്യും ഒരു കണ്ണും നഷ്ടപ്പെട്ടിരുന്നിട്ടും അദ്ദേഹം ബേബറിനോടു് എതിരിട്ടു നിന്നു. അല്പകാലത്തേക്കു് ചിററൂർ ഇബ്രാഹിംലോദിയുടെ കൈവശമായെന്നു വരികിലും അദ്ദേഹത്തിന്റെ വിധവ അതിനെ വീണ്ടെടുത്തു. 1527-ൽ പാനിപ്പട്ടു യുദ്ധത്തിൽവച്ചു് രാജപുത്രരുടെ ശക്തി മിക്കവാറും അസ്തമിക്കയും ബേബർ മുകിലശക്തി ഇൻഡ്യയിൽ സ്ഥാപിക്കയും ചെയ്തുവെങ്കിലും, ഉഗ്രപ്രതിജ്ഞരായ ചിററൂർ റാണമാർ മുകിലന്മാൎക്കു കീഴടങ്ങിയില്ല. അക്ബർ ചക്രവൎത്തി രാജപുത്രന്മാരെ ശത്രുക്കളുടെ നിലയിൽനിന്നു് ഉത്തമമിത്രങ്ങളായി മാററി. രാജ്യവിസ്തൃതി വൎദ്ധിപ്പിക്കുന്നതിനും സദ്ഭരണം സ്ഥാപിക്കുന്ന വിഷയ

ത്തിലും രാജപുത്രന്മാരാണ് അദ്ദേഹത്തിനു പിന്തുണയായി നിന്നതു്. സേനാപതിയായ രാജാ മാനസിംഹനും, രേനതന്ത്രജ്ഞനായ തോഡർമല്ലും ആ രാജപുത്രരാജാക്കന്മാരുടെ കൂട്ടത്തിൽ പ്രത്യേകം പ്രസ്താവയോഗ്യരാണു്. അക്ബർ ഈ രാജപുത്രരാജാക്കന്മാരുമായി രക്തബന്ധത്തിൽ ഏപ്പെടുകയും രാജപുത്രരെ ഉന്നതസ്ഥാനങ്ങളിൽ നിയമിക്കയും ചെയ്തുവെങ്കിലും ചിററൂർ റാണമാത്രം കീഴടങ്ങാതെ വർത്തിച്ചു.

അക്ബർ മേവാർ ആക്രമിച്ചപ്പോൾ മേവാർറാണാ ചിററൂർ ദുർഗ്ഗത്തെ ബലപ്പെടുത്തീട്ടു്, പർവ്വതപ്രദേശങ്ങളിലേക്കു താമസം മാററി. ചിററൂർ പിടിച്ചെടുക്കാനുള്ള ശ്രമത്തിൽ അക്ബറിനുണ്ടായ നഷ്ടം അപരിഹാര്യമായിരുന്നു പുത്രന്മാരെല്ലാം യുദ്ധത്തിൽ മരിച്ചു. അനേകായിരം ഭടന്മാർ ചത്തൊടുങ്ങി. ദീർഘകാലത്തെ പ്രയത്നത്തിനുശേഷം ചക്രവർത്തി ദുർഗ്ഗപാലനെ വെടിവച്ചുവീഴ്ത്തി. നേതാവു നഷ്ടപ്പെട്ടപ്പോൾ, ശേഷിച്ച രാജപുത്രർ തങ്ങളുടെ സ്ത്രീജനങ്ങളോടൊപ്പം അഗ്നിപ്രവേശം ചെയ്തു.

ഈ സംഭവത്തിനുശേഷം അക്ബറിനു് യോധപുരത്തിലെ രാജപുത്രരാജ്ഞിയിൽ ജനിച്ച പുത്രനായിരുന്നു സലീം. അദ്ദേഹമാണു് പിന്നീടു ജഹാംഗർ ചക്രവർത്തിയായതും.

ചിററൂരിലെ റാണാപ്രതാപസിംഹൻെറ ചരിത്രം ഭാരതീയരെ ഇന്നും പുളകംകൊള്ളിച്ചുകൊണ്ടിരിക്കുന്നു. മാർവാർ, അംബർ, ബിക്കാനീർ, ബൂന്ദി എന്നീ രാജപുത്രരാജ്യങ്ങളിലെ രാജാക്കന്മാരെല്ലാം അക്ബറിൻെറ പാർശ്വവർത്തികളായിത്തീർന്നിട്ടും, താൻ തൻെറ മാതാവിൻെറ മുലപ്പാലിനെ അത്യുജ്ജ്വലമാക്കിത്തീർക്കും എന്നു് ശപഥം ചെയ്തുകൊണ്ടു് മുകിലശക്തിയെ ആജീവനാന്തം എതിർത്തുകൊണ്ടുതന്നെ ഇരുന്നു. ഇരുപത്തിഅഞ്ചു് നീണ്ട

വർഷക്കാലം അദ്ദേഹം മുകിലന്മാരോട്ട് പടവെട്ടി, അവക്ക് പല വിധത്തിലുള്ള നാശങ്ങൾ വരുത്തിക്കൊണ്ടിരുന്നു. വലിയ വലിയ പദവികൾ നല്കാമെന്നു് ചക്രവർത്തി വാഗ്ദാനം ചെയ്തിട്ടും പ്രതാപൻ തന്റെ സ്വാതന്ത്ര്യത്തെ പ്രാണനെക്കാൾ പ്രിയതരമായിക്കരുതി. അക്കാലങ്ങളിലെല്ലാം അദ്ദേഹവും കുടുംബവും വന്യമൃഗങ്ങളുടെ ഇടയ്ക്കു വെറും കായ്കനികൾ മാത്രം തിന്നുകൊണ്ടാണു് ജീവിച്ചതു്.

അക്ബറിന്റെ സാമ്രാജ്യത്തിനു് രാജപുത്രന്മാരോട്ട് എത്രമാത്രം കടപ്പാടുണ്ടായിരുന്നോ, അത്രത്തോളം മുകിലസാമ്രാജ്യത്തിന്റെ അധഃപതനത്തിനും അവർ കാരണഭൂതന്മാരായിരുന്നു. ഔരംഗസേബ് രാജപുത്രന്മാരെ പിണക്കി എന്നു മാത്രവുമല്ല; കാൽശതാബ്ദത്തോളം അവരോട്ട് പടവെട്ടുകയും അതിനോടുകൂടി സാമ്രാജ്യശക്തി ശിഥിലമായിത്തുടങ്ങുകയും ചെയ്തു.

ഒന്നാം ജർമ്മൻ മഹായുദ്ധത്തിലും അതിപരാക്രമശാലിയായ ഒരു പ്രതാപസിംഹൻ ജർമ്മൻകാരോട്ട് പടവെട്ടി, നിരവധി ബഹുമതികൾ ഇംഗ്ലീഷുകാരിൽ നിന്നു് നേടിയതായി കാണുന്നു.

## രവിവർമ്മ സംഗ്രാമധീരൻ.

വേണാട്ടു രാജവംശത്തിനു് അനേകം ശാഖകൾ ഉണ്ടായിരുന്നതിൽ ഒന്നു് കൊല്ലത്തായിരുന്നു. പതിന്നാലാം ശതകത്തിൽ ആ രാജകുടുംബത്തിൽ ഉമയമ്മ എന്നൊരു റാണി വാണിരുന്നു. ആ റാണിക്കു് ജയസിംഹൻ എന്ന യദുവംശരാജാവിൽനിന്നു്, കൊല്ലവർഷം 441-ൽ രവിവർമ്മ എന്നൊരു കുമാരൻ ജനിച്ചു. അക്കാലത്തു് മധുര വാണിരുന്നതു് മാറവർമ്മൻ എന്നൊരു പാണ്ഡ്യരാ

ജാവായിരുന്നു. ആ മാറവമ്മനെ തൽബന്ധുവായ വിക്രമപാണ്ഡ്യൻ തോല്പിച്ചപ്പോറം കഷ്ടിച്ച് യൌവനാരൂഢനായിരുന്ന രവിവമ്മ ഒരു വേണാടൻ പടയോടുകൂടി പാണ്ടിയിൽ കടന്നു വിക്രമനെ തോല്പിച്ചു ബന്ധനസ്ഥനാക്കി, മാറവർമ്മനു് സമപ്പിച്ചു. സന്തുഷ്ടനായ മാറവർമ്മൻ തൻെറ പുത്രിയെ അദ്ദേഹത്തിനായി ദാനം ചെയ്തു.

33-ാം വയസ്സിൽ രവിവർമ്മ ദിഗ്വിജയത്തിനായി പുറപ്പെട്ടു. കേരളം മുഴുവനും തൻെറ കൊടിക്കു കീഴിലാക്കി. അക്കാലത്തു പാണ്ഡ്യരാജ്യശക്തി അലാവുദ്ദീൻ ഖിൽജിയുടെ സേനാപതിയായിരുന്ന മാലിക്കാഫറിൻെറ ആക്രമണത്താൽ വളരെ ക്ഷയോന്മുഖമായിരുന്നു. ഉത്തര ഇൻഡ്യയിലെന്നപോലെ അനൈക്യമായിരുന്നു ഇവിടെയും മഹമ്മദീയാക്രമണത്തെ ക്ഷണിച്ചുവരുത്തിയതു്. നാടുവാണിരുന്ന മാറവമ്മൻെറ അനൌരസപുത്രനായ വീരപാണ്ഡ്യനും ഔരസപുത്രനായ സുന്ദര പാണ്ഡ്യനും തമ്മിൽ ഉണ്ടായ കലഹം നാട്ടിനു പലവിധത്തിലുള്ള വിനകറം വരുത്തി. സുന്ദരപാണ്ഡ്യൻ പിതാവിനെ വധിച്ചിട്ടു് മാലിക്കാഫറുടെ സഹായത്തോടെ സിംഹാസനാരോഹണം ചെയ്തു. വീരരവിവർമ്മ ആദ്യം വീരപാണ്ഡ്യനേയും പിന്നീടു് സുന്ദരപാണ്ഡ്യനേയും കീഴടക്കി. അതിനുശേഷം ചോളരാജ്യം വാണിരുന്ന കാകതീയ രാജാവിൻെറ പ്രതിനിധിയെ തോല്പിച്ചിട്ടു വൈകയാററിൻ കരയ്ക്കുള്ള തൊണ്ടമണ്ഡലം സ്വാധീനപ്പെടുത്തി. ഇങ്ങനെ അദ്ദേഹം 41-ാം വയസ്സിൽ മുമ്മുടി ചൂടി 'മുമ്മുടിവീരൻ' എന്ന ബിരുദം കൈക്കൊണ്ടു. ചേരരാജാക്കന്മാരുടെ ആധിപത്യം എട്ടാം ശതകത്തിനു മുമ്പേതന്നെ നശിച്ചുപോയിരുന്നു. മൂന്നാലു ശതകങ്ങറക്കിപ്പുറം ചേരചോളപാണ്ഡ്യ രാജ്യങ്ങറ മൂന്നും ഒരു കൊടിക്കു കീഴിലാക്കാൻ സാധിച്ചതു് ഈ മഹാനുഭാവനു മാത്രമായി

രുന്നു. അദ്ദേഹത്തിൻെറ കാലശേഷം ചോളപാണ്ഡ്യ ദേശങ്ങൾ തീരെ ക്ഷയിക്കയുംചെയ്തു.

രവിവർമ്മ ശ്രീരംഗനാഥ ക്ഷേത്രത്തിൽ ലക്ഷ്മീസഹിതനായ മഹാവിഷ്ണുവിൻെറ പ്രതിഷ്ഠ നടത്തുകയും ആ ക്ഷേത്രത്തിന് അനേകം വസ്തുവകകൾ വിട്ടുകൊടുക്കുകയും ചെയ്തതിനുള്ള ലക്ഷ്യങ്ങൾ ഇന്നുമുണ്ട്. 47-ാം വയസ്സിൽ തിരുവാടിയിലെ വീരസ്ഥാനേശ്വരം ക്ഷേത്രത്തെ പുതുക്കിപ്പണിയിച്ചിട്ട് കുംഭാഭിഷേകം നടത്തി.

രവിവർമ്മചക്രവർത്തി അഖിലകലാവല്ലഭനും സകലശാസ്ത്രപാരംഗതനും ആയിരുന്നു. സംഗീതം, സാഹിത്യം, നാട്യം എന്നീ കലകളെ അദ്ദേഹം പരിപോഷിപ്പിച്ചു. പ്രദ്യുമ്നാഭ്യുദയം എന്ന നാടകം അദ്ദേഹത്തിൻെറ കൃതിയാണെന്നു വിശ്വസിക്കപ്പെടുന്നു. സമുദ്രബന്ധൻ, കവിഭൂഷണൻ തുടങ്ങിയ പണ്ഡിതകേസരികൾ അദ്ദേഹത്തിൻെറ സദസ്യരായിരുന്നു. സമുദ്രബന്ധൻെറ അലങ്കാരസർവ്വസ്വവ്യാഖ്യാനത്തിലും കവിഭൂഷണൻെറ രവിവർമ്മപ്രശസ്തിപരമായ കാവ്യത്തിലും നിന്നു് രവിവർമ്മചക്രവർത്തിയുടെ അപദാനങ്ങളെപ്പററി പലതും നമുക്കു ഗ്രഹിക്കാം. അടുത്തകാലത്തു് രവിവർമ്മ എന്നൊരു തമിഴ്നാടകം പ്രൊഫസ്സർ സുന്ദരംപിള്ള രചിക്കയും അതിനെ കൊട്ടാരത്തിൽ ശങ്കുണ്ണി ഭാഷാന്തരീകരിക്കയും ചെയ്തിട്ടുണ്ട്.

രവിവർമ്മ നാടുനീങ്ങിയതു് എന്നെന്നു ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ല.

## ചോളരാജാക്കന്മാർ

ദക്ഷിണ ഭാരതത്തിൽ ചേരം, ചോളം, പാണ്ഡ്യം എന്നിങ്ങനെ മൂന്നു രാജവംശങ്ങൾ വാണിരുന്നു.

അതിപുരാതനകാലം മുതല്ക്കു ഈ ദേശങ്ങൾ പരിഷ്കൃതാവസ്ഥയിൽ ആണിരുന്നതു്. ചേരരാജ്യത്തിനു മററു രണ്ടു രാജ്യങ്ങളോളം വിസ്തൃതി ഉണ്ടായിരുന്നു. ഇന്നത്തെ കേരളം ചേരരാജ്യത്തിൻെറ ഒരംശം മാത്രമാണു്. കാലക്രമേണ ചോളന്മാരും പിന്നീടു പാണ്ഡ്യന്മാരും പ്രബലന്മാരായി. ഈ മൂന്നു കൂട്ടർക്കു പുറമേ കാഞ്ചീപുരം തലസ്ഥാനമാക്കികൊണ്ടു് പല്ലവന്മാർ എന്നൊരു വർഗ്ഗവും വാണിരുന്നു. ചേരരാജധാനി കൊടുങ്ങല്ലൂരും, ചോളരാജധാനി കാവേരിപ്പൂമ്പട്ടണവും, പാണ്ഡ്യരാജധാനി മധുരയും ആയിരുന്നു.

വിജയാലയചോളൻെറ കാലത്തു് ചോളശക്തി വൎദ്ധിച്ചു. അതു് വിദേശങ്ങളോടു വാണിജ്യബന്ധമുള്ള ഒരു വലിയ നാവികശക്തിയായിരുന്നു. ചോളരാജാക്കന്മാർ വടക്കോട്ടു വടക്കോട്ടു കടന്നു്, രാജ്യവിസ്തൃതി വൎദ്ധിപ്പിച്ചുകൊണ്ടിരിക്കെ, രാഷ്ട്രകൂടന്മാർ അവരുടെ യത്നത്തിനു വിരാമമിട്ടു. രാഷ്ട്രകൂടന്മാരുമായുള്ള യുദ്ധത്തിൽ ചോളന്മാൎക്കുണ്ടായ നഷ്ടങ്ങളെ പരിഹരിച്ചതു് രാജരാജചോളൻ ആയിരുന്നു.

അദ്ദേഹം പത്താം ശതകത്തിൻെറ അവസാനത്തിൽ ജീവിച്ചിരുന്നു. മഹാപ്രതാപശാലിയും ഉൽകൎഷേച്ഛുവും ആയ അദ്ദേഹം സിലോൺപോലും കീഴടക്കി. തൽപുത്രനായ രാജേന്ദ്രൻ പിതാവിൻെറ മാൎഗ്ഗത്തിൽ തന്നെ ചരിച്ചു് ബംഗാളും തെക്കെ ബൎമ്മയും ആക്രമിച്ചു. എന്നാൽ ആ വിദേശരാജ്യങ്ങളെ അനുരഞ്ജിപ്പിക്കാൻ ക്രൂരത നിമിത്തം അദ്ദേഹത്തിനു കഴിയാതെവന്നു. അതുകൊണ്ടു് അവ ഏറെത്താമസിയാതെ വീണ്ടും സ്വാതന്ത്ര്യം നേടി. രാജേന്ദ്രചോളൻ 1013 മുതല്ക്കു് 1044 വരെ വാണു. അതിനുശേഷം ചോളരാജ്യം ക്ഷയോന്മുഖമായിത്തീൎന്നു.

ചോളന്മാരുടെ വിജയം മററൊരു സംഗതിയിലം ണ് അക്ഷയമായി വിളങ്ങുന്നതു്. അവരുടെ സാമ്രാജ്യം നശിച്ചു മണ്ണടിഞ്ഞുവെങ്കിലും, ചോളരാജ്യനിർമ്മിതങ്ങളായ ക്ഷേത്രങ്ങളും മണ്ഡപങ്ങളും ഗുഹാദേവാലയങ്ങളും, സ്തൂപങ്ങളും ഇന്നും ദ്രാവിഡകലകളുടെ വിജയസ്തംഭങ്ങളായി നിലകൊള്ളുന്നു. ചോളന്മാരുടെ ദേവാലയങ്ങൾ ആരാധനയ്ക്കു മാത്രമല്ല ഉപയോഗപ്പെട്ടതു്. അവയുടെ പ്രാകാരങ്ങളും ഗോപുരങ്ങളും ശത്രുനിരോധനത്തിനു് വളരെ ഉപകരിച്ചിരുന്നു. ഗ്രാമവാസികൾ ആ ക്ഷേത്രങ്ങൾക്കുള്ളിൽ വച്ചായിരുന്നു ഗ്രാമത്തെ സംബന്ധിച്ച കാര്യങ്ങൾ തീർച്ചചെയ്തുവന്നതും. അവരുടെ ബാലികാബാലകന്മാർക്കു് പഠിക്കാനുള്ള വിദ്യാലയങ്ങളും മതിലുകൾക്കുള്ളിലാണു് നടത്തപ്പെട്ടുപോന്നതു് അതിനാൽ ഓരോ ക്ഷേത്രവും ഗ്രാമീണജീവിതത്തിൻെറ പ്രതീകമായി വിളങ്ങി.

രാജരാജനിർമ്മിതമായ തഞ്ചാവൂർ ക്ഷേത്രവും, എല്ലോറയിലെ കൈലാസക്ഷേത്രവും ദ്രാവിഡശില്പകലാവൈദഗ്ധ്യത്തിൻെറ നിത്യസ്മാരകങ്ങളാണു്. അവ ആധുനികലോകത്തിൻെറ വിസ്മയാദരങ്ങളെ ഉദ്ദീപിപ്പിച്ചുകൊണ്ടു് ഇന്നും വിലസുന്നു.

പതിമ്മൂന്നാം ശതകത്തിൽ ചോളശക്തി തിരോധാനംചെയ്തു; പാണ്ഡ്യന്മാർ വീണ്ടും കുറേക്കാലംകൂടി പ്രബലാവസ്ഥയിൽ ഇരുന്നെങ്കിലും, അവരും മഹമ്മദീയാക്രമണഫലമായി മണ്മറഞ്ഞു.

## വിജയനഗരം

ചേരചോളപാണ്ഡ്യ രാജാക്കന്മാരെപ്പററി നമുക്കു വളരെയൊന്നും അറിവാൻ നിവൃത്തിയില്ല; എന്നാൽ വിജയനഗരസാമ്രാജ്യത്തിൻെറ അവസ്ഥ അങ്ങനെയല്ല.

വിദേശീയ സന്ദർശകന്മാർ സാമാന്യം വിപുലമായ വിവരണങ്ങൾ എഴുതിവച്ചിരുന്നതിനാൽ, നമുക്ക് ആ സാമ്രാജ്യത്തെപ്പററി ഏറെക്കുറെ സൂക്ഷ്മമായ ജ്ഞാനം ലഭിച്ചിട്ടുണ്ട്.

വിജയനഗരം 1336-ൽ ആണു് സ്ഥാപിക്കപ്പെട്ടതു്. മുസ്ലീം ആക്രമണം നിമിത്തം അരക്ഷിതരായിതീൎന്ന നിരവധി ഹിന്ദുക്കൾക്ക് ആ രാജ്യം അഭയദാനം ചെയ്തു. ഏതാനും വൎഷങ്ങൾക്കുള്ളിൽ അതു ദക്ഷിണേന്ത്യയിലെ ഏകശക്തിയായിവളൎന്നു.

1406-ൽ ബഹ്മനി രാജവംശത്തിൽപെട്ട ഒരു മുസ്ലീം രാജാവു് വിജയനഗരത്തിലെ ഒരു രാജകുമാരിയെ കല്യാണം കഴിക്കാനായി ആ നഗരത്തിൽ ചെന്നപ്പോൾ, ആറു മൈൽ നീളത്തിൻ നിരത്തുകളിൽ കസവുതുണികളും രത്നകംബളങ്ങളും വിരിച്ചിരുന്നതായി ഫെരിഷ്ടാ വിവരിക്കുന്നു. 1428-ൽ ഇററാലിയൻ സന്ദർശകനായ നിക്കോളാകാണ്ടി വിജയനഗരം സന്ദർശിച്ചപ്പോൾ, നഗരത്തിനു് അറുപതു മൈൽ ചുററളവുണ്ടായിരുന്നത്രേ. ഇത്രവളരെ വിസ്താരം കൂടിയതു കാമ്യകങ്ങളായ നിരവധി ഉദ്യാനങ്ങൾ നിമിത്തമായിരുന്നു. ആ മാന്യാതിഥിയുടെ അഭിപ്രായത്തിൽ അന്നത്തെ ഇൻഡ്യൻ രാജാക്കന്മാരിൽ ഏററവും പ്രബലൻ വിജയനഗരാധിപനായിരുന്നത്രേ. ഹീററിലെ അബ്ദുല്റസ്സാക്കിൻെറ വിവരണം കുറേ കൂടി രസാവഹമാകുന്നു. മംഗലാപുരത്തിനു സമീപം 30 അടി സമചതുരത്തിലും 15 അടി ഉയരത്തിലും ഓട്ടുകൊണ്ടു വാൎത്തുണ്ടാക്കിയ ഒരു മനോഹരമായ ക്ഷേത്രം അദ്ദേഹം സന്ദർശിച്ചുവത്രേ! അദ്ദേഹം പറയുന്നു:—“ഭൂലോകത്തിൽ വിജയനഗരത്തിനു തുല്യമായ മറെറാരു നഗരത്തെ കണ്ണുകൾക്കു കാണ്മാനോ ചെവികൾക്കു കേൾപ്പാനോ കഴിഞ്ഞിട്ടില്ല ”

2564

"അങ്ങാടിത്തെരുവുകൾ വളരെ ദീർഘങ്ങളും വിസ്തൃതങ്ങളുമാണ് ...... നഗരത്തിൽ എവിടെയും സുഗന്ധപുഷ്പങ്ങൾ എപ്പോഴും ലഭിക്കും. പുഷ്പങ്ങളില്ലാതെ, ജീവിക്കാൻ സാധ്യമല്ലാത്തതിനാൽ ജനങ്ങൾ അവയെ അത്യാവശ്യ ജീവിതോപായമായി ഗണിച്ചുപോരുന്നു. വ്യാപാരികളും കൈത്തൊഴിൽക്കാരും പ്രത്യേക സംഘങ്ങളായി പിരിഞ്ഞെങ്കിലും അടുത്തടുത്തു കടകൾ തുറന്നിരിക്കുന്നു. രത്നവ്യാപാരികൾ പരസ്യമായി ചോരഭീതികൂടാതെ മാണിക്യം, പവിഴം, മുത്തു്, വൈരം മുതലായ രത്നങ്ങളെ വില്ക്കുന്നു."

വിജയ നഗരത്തിലെ രാജാക്കന്മാരിൽ ഏററവും പ്രസിദ്ധൻ കൃഷ്ണദേവരായനായിരുന്നു. അദ്ദേഹം 1509 മുതല്ക്കു 1529 വരെ നാടുവാണു. ആ വാഴ്ചക്കാലത്തു് വിജയനഗരം സന്ദർശിച്ച 'പയേസ്' എന്ന പോർത്തുഗീസ്സുകാരന്റെ അഭിപ്രായത്തിൽ ലോകത്തുള്ള സകല നഗരങ്ങളിലുംവച്ചു് ഏററവും സമ്പൽസമൃദ്ധം വിജയനഗരമായിരുന്നു. അടിമുതല്ക്കു മുടവരെ, എന്നുവച്ചാൽ, ഭിത്തികളും തൂണുകളും മറ്റും എല്ലാം ദന്തംകൊണ്ടു നിർമ്മിച്ചതും, റോസാപുഷ്പങ്ങൾ, താമരകൾ മുതലായവ കൊത്തിയിട്ടുള്ളതുമായ ഒരു രാജഗൃഹത്തെ അദ്ദേഹം കണ്ടു് അത്ഭുതപ്പെട്ടുപോയി.

കൃഷ്ണരായർ ഒരു ധീരനായ യോദ്ധാവും, വിശിഷ്ടകലോപാസകനും, കവികൾക്കു കല്പതരുവും, വലിയ ദാനശീലനും ആയിരുന്നുവെന്നു ആ പോർത്തുഗീസ്സുകാരൻ പറയുന്നു. ശത്രുക്കളോടുപോലും അദ്ദേഹം ഔദാര്യം പ്രദർശിപ്പിച്ചു പോന്നുവത്രേ. അദ്ദേഹം പറയുന്നു:— "അദ്ദേഹം എല്ലാവരാലും ഭയപ്പെടുന്നവനും, എന്നാൽ സദാ ഉത്സാഹശീലനും വിനോദരസികനും ആയ ഒരു സമ്പൂർണ്ണ രാജമാതൃകയായിരുന്നു. അദ്ദേഹം വിദേശിയരെ ആദരിക്കയും, ദയാപൂർവം സ്വീകരിക്കയും, അവരുടെ സ്ഥിതി

Character of Krishna Devaraya

എന്തായിരുന്നാലും എല്ലാവരോടും കുശലപ്രശ്നങ്ങൾ ചെയ്യയും ചെയ്യപോരുന്നു."

വിജയനഗരത്തിൻെറ ഈ ഐശ്വര്യമെല്ലാം ക്ഷണപ്രഭാചഞ്ചലമായിരുന്നു. ദക്ഷിണേന്ത്യയിലെ മുസ്ലീം രാജാക്കന്മാരെല്ലാം വിജയനഗരത്തിൻെറ ഐശ്വര്യത്തിൽ അസൂയാലുക്കളായിത്തീൎന്നിട്ടു്, പരസ്പരമുള്ള ശത്രുത്വമെല്ലാം മറന്നു്, 1565-ൽ വിജയനഗരം ആക്രമിച്ചു. നഗരത്തിലുള്ള മനോഹരങ്ങളായ കെട്ടിടങ്ങളും, ക്ഷേത്രങ്ങളും ഉദ്യാനങ്ങളും എന്നുവേണ്ട സൎവ്വവും നശിപ്പിക്കപ്പെട്ടു.

ഇങ്ങനെ ചെയ്തതിൻെറ ഫലം ബിജപ്പൂർ, ഗോൽകോണ്ട, അഹമ്മദ്നഗർ മുതലായ മുസ്ലീം രാജ്യങ്ങൾ അചിരേണ അനുഭവിക്കാനിടയായി. അവ ഒരോന്നായി മുകിലശക്തിക്കു് ഇരയായിത്തീൎന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

## മുകിലചക്രവൎത്തിമാർ

ഹർഷൻെറ കാലശേഷം ഇൻഡ്യാചരിത്രത്തിലെ ഏററവും ഭാസുരമായ ഘട്ടം മുകിലന്മാരുടെ കാലമായിരുന്നു. 1526-ലെ പാനിപ്പട്ടുയുദ്ധത്തിനുശേഷം ബേബർ സ്ഥാപിച്ച മുകിലാധിപത്യം ഔരംഗസേബിൻെറകാലം വരെ മങ്ങിപ്പോകാതെ വിളങ്ങി. അതിനുശേഷം സാമ്രാജ്യം ക്ഷീണിച്ചു് ക്രമേണ നാശം പ്രാപിച്ചു.

ബേബർ പതിനൊന്നാമത്തെ വയസ്സിൽ സമക്ഷണ്ഡിലെ രാജാവായി. പല പ്രാവശ്യം സിംഹാസനം നഷ്ടപ്പെട്ടിട്ടും, അദ്ദേഹം അപ്പോഴൊക്കെ അതിനെ വീണ്ടെടുക്കുക ഉണ്ടായി. ഉത്തമനായ ഒരു നേതാവായിരുന്നതിനാൽ, അദ്ദേഹം സഹസൈനികന്മാരുടെ ആരാധനാപാത്രമായിത്തീൎന്നു. അതായിരുന്നു അദ്ദേഹത്തിൻെറ വിജയഹേതുക്കളിൽ ഒന്നു്. അവരോടൊപ്പം ഏതുജോലി

ചെയ്യുന്നതിനും ഏതു കഷ്ടതകൾ അനുഭവിക്കുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല.

സമർക്കണ്ഡിൽ തന്റെ നില ഉറപ്പിച്ചശേഷം അദ്ദേഹം ഒരു ചെറിയ സൈന്യത്തോടുകൂടി കാബൂൾ അക്രമിച്ചു പിടിച്ചടക്കി. അനന്തരം അദ്ദേഹം ഇൻഡ്യയിലേക്കു കടന്നു. ആഗ്രാനഗരം പണിയിച്ചതു് ബേബറായിരുന്നു അതിനായി അദ്ദേഹം കാൺസ്റ്റാൻറിനോപ്പിളിൽനിന്നു് ഒരു പ്രസിദ്ധശില്പിയെ വരുത്തി.

ബേബർ ശില്പകലയെ എന്നപോലെ സാഹിത്യത്തെയും പരിപോഷിപ്പിച്ച ഒരു സംസ്കൃതാശയനായിരുന്നു. അദ്ദേഹംതന്നെയും ഒരു സാഹിത്യകാരനായിരുന്നു. കീഴടക്കിയ ദേശങ്ങളിലെല്ലാം ജനങ്ങളോടു് അദ്ദേഹം ഔദാര്യപൂർവ്വം പെരുമാറി.

1530-ൽ നാല്പത്തിരൻപതാം വയസ്സിൽ ബേബർ മരിച്ചു. അതിനോടുകൂടി അദ്ദേഹത്തിനാൽ സ്ഥാപിതമായ സാമ്രാജ്യം ഛിന്നഭിന്നമായി. പുത്രന്മാർ തമ്മിലുള്ള പിണക്കം കിരീടാവകാശിയായ ഹുമയൂണിനു് പല ദുർഘടങ്ങളും ഉണ്ടാക്കിവച്ചു. പിതാവിന്റെ മരണശേഷം പത്തുകൊല്ലം കഴിഞ്ഞപ്പോൾ, ഷേർഖാൻ എന്ന അഫ്ഗാൺനേതാവു് ഹുമയൂണിനെ ഇൻഡ്യയിൽനിന്നു ഓടിച്ചു. അതിൽ പിന്നീടു് ആ മുകിലരാജാവു് അനുഭവിച്ച കഷ്ടതകൾക്കു കണക്കില്ല. അദ്ദേഹം അലഞ്ഞുതിരിഞ്ഞു് രാജപുട്ടാണയിലെ മരുപ്രദേശത്തു് എത്തി. അവിടെ വച്ചു് അദ്ദേഹത്തിന്റെ പത്നി 1542-ൽ ഒരു പുത്രനെ പ്രസവിച്ചു. ആ കുമാരനായിരുന്നു പിന്നീടു് പ്രസിദ്ധനായിത്തീർന്ന അക്ബർ.

ഹുമയൂൺ പിന്നീടു് പെർഷ്യയിലേക്കു പോയി. പെർഷ്യൻ രാജാവു് അദ്ദേഹത്തിനു് അഭയം നല്കി.

ഇതിനിടയ്ക്ക് ഷെർഷാ താൻ പിടിച്ചെടുത്ത രാജ്യത്തിൽ പലവിധ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയും സദ്ഭരണംവഴി ജനങ്ങളുടെ ക്ഷേമം വർദ്ധിപ്പിക്കയുംചെയ്തുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ മരണത്തോടുകൂടി എല്ലാം കുഴപ്പത്തിലായി. ഈ അവസരംനോക്കി ഹുമയൂൺ പെർഷ്യൻ രാജാവിൻെറ സൈനിക സഹായത്തോടുകൂടി ഇൻഡ്യയിലേക്കു മടങ്ങിവന്നിട്ട്, വീണ്ടും ഡൽഹി പിടിച്ചെടുത്തു. എന്നാൽ അധികകാലം വാഴുന്നതിനു സാധിച്ചില്ല. 1556-ൽ അദ്ദേഹം കോണിപ്പടിയിൽനിന്ന് ഇറങ്ങവേ, കാൽവഴുതി വീണു മരണം പ്രാപിച്ചു.

അക്ബറിന് അന്ന് പതിമ്മൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. നാലുകൊല്ലത്തോളം ബൈറാംഖാൻെറ മേൽനോട്ടത്തിൽ വളൎന്നു. അക്ബർ വേട്ടയിലും ദ്വന്ദ്വയുദ്ധത്തിലും, ആയോധനക്രമങ്ങളിലും വൈദഗ്ദ്ധ്യം നേടി. പഠിത്തത്തിൽ അമാന്തക്കാരനായിരുന്നെങ്കിലും പുസ്തകങ്ങൾ വായിച്ചുകേൾക്കുന്നതിൽ അദ്ദേഹം വലിയ ശ്രദ്ധപതിപ്പിച്ചുകൊണ്ടിരുന്നു. നല്ല ഓൎമ്മശക്തിയുള്ളവനായിരുന്നതിനാൽ, കേൾക്കുന്നതൊന്നും അദ്ദേഹം മറക്കമായിരുന്നില്ല.

പ്രായപൂൎത്തിവന്ന ഉടനേതന്നെ അക്ബർ ഭരണം കയ്യേററു. അരശതാബ്ദത്തെ ഭരണത്തിനിടയിൽ ഇൻഡ്യയുടെ പേരും പെരുമയും ലോകമെങ്ങും കീൎത്തിക്കപ്പെട്ടു. അദ്ദേഹം രാജപുത്രന്മാരെ ഓരോരുത്തരെയായി കീഴടക്കിയെങ്കിലും, അവരെ ഉത്തമ മിത്രങ്ങളാക്കിത്തീൎക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അവരുമായി വിവാഹബന്ധത്തിൽ ഏൎപ്പെട്ടും, അവരെ ഉന്നതസ്ഥാനങ്ങളിൽ നിയമിച്ചും, അദ്ദേഹം അവരുടെ അനശ്വരമായ കൃതജ്ഞതയ്ക്കു പാത്രീഭവിച്ചു. ഹിന്ദുക്കളുടെ

പരാധിനതകളെ അകററി ഹിന്ദു മുസ്ലീം ഐക്യത്തിനു അദ്ദേഹം വഴിതെളിച്ചു. എല്ലാമതക്കാരോടും സമഭാവനയോടെ പെരുമാറിയതിനാൽ, മതസംബന്ധമായ വഴക്കുകളൊന്നും അക്കാലത്തുണ്ടായില്ല. എല്ലാ മതങ്ങ



അക്ബർ.

ളുടെയും തത്വങ്ങൾ സംഗ്രഹിച്ചു ഒരു പുതിയ മതം സ്ഥാപിക്കാൻപോലും അദ്ദേഹം ശ്രമിച്ചു; പക്ഷേ ഫലമുണ്ടായില്ല.

അക്ബർ ഉത്തര ഇൻഡ്യ മുഴുവനും പിടിച്ചടക്കിയിട്ടു നേരേ തെക്കോട്ടു തിരിഞ്ഞു. മധ്യഭാരതം നിഷ്പ്രയാസം സ്വാധീനമായെന്നു പറഞ്ഞുകൂടാ. മധ്യഭാരത

ത്തിലെ റാണി ദുർഗ്ഗാവതിയോടുള്ള പെരുമാററം അക്ബ റിൻെറ ചരിത്രത്തിന് അല്പം കളങ്കം ചേർത്തിട്ടുണ്ട്. ദുർഗ്ഗാവതി അക്ബറിനു യാതൊരു ദോഷവും ചെയ്തിരുന്നില്ല. എന്നിട്ടും രാജ്യതൃഷ്ണയാൽ പ്രേരിതനായി അദ്ദേഹം ദുർഗ്ഗാവതിയെ യുദ്ധത്തിൽ തോല്പിച്ചു. അദ്ദേഹംചെയ്ത മറെറാരപരാധം ചാന്ദ്ബീബിയോടുള്ള ക്രൂരമായ പെരുമാററമായിരുന്നു. അഹമ്മദാബാദിലെ വിധവയായ ആ റാണി രാജകുമാരനുവേണ്ടി മുകിലന്മാരോടു ധീരധീരം പോരാടി. മുകിലന്മാക്ക് ദീർഘകാലത്തെ യുദ്ധത്തിനു ശേഷവും കോട്ട പിടിച്ചടക്കാൻ സാധിച്ചില്ല. അവർ രാജ്ഞിക്ക് അനുകൂലമായ വിധത്തിൽ ഒരു സന്ധിചെയ്യാൻ പോലും തയ്യാറായി. എന്നാൽ ആ മഹതിയുടെ ഭടന്മാരിൽ ഒരാൾതന്നെ അവരെ കൊന്നുകളഞ്ഞു.

അക്ബറിന് അതിസമർത്ഥന്മാരായ സേനാപതികളുടെയും രാജ്യതന്ത്രജ്ഞന്മാരുടേയും സേവനം ലഭിക്കാനുള്ള ഭാഗ്യമുണ്ടായിരുന്നു.

അവരുടെ കൂട്ടത്തിൽ ഫൈസി, അബുൽഫസൽ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. ബീർബൽ വിനോദരൂപത്തിൽ കാലോചിതമായ ഉപദേശം നൽകിവന്ന ഒരു രാജപുത്രനായിരുന്നു. തോഡർമല് നല്ല യോദ്ധാവായിരുന്നതിനു പുറമേ റവന്യൂഭരണത്തിൽ വിദഗ്ദ്ധനുമായിരുന്നു. ജയപ്പൂരിലെ രാജാ മാനസിംഹൻ അക്ബറിൻെറ സേനാപതികളിൽ വച്ച് അഗ്രഗണ്യനായിരുന്നുവെന്നു പറയാം. ഭാരതത്തിലെ സംഗീത വിദഗ്ദ്ധന്മാരിൽ ഉത്തമനും ഹിന്ദുസ്ഥാനി സംഗീതത്തിൻെറ ഉപജ്ഞാതാക്കളിൽ ഒരുവനും ആയ താൻസേൻ അദ്ദേഹത്തിൻെറ കൊട്ടാരത്തിലെ ഗായകവൃന്ദത്തിൻെറ നടുനായകനായിരുന്നു.

ഇന്നത്തെ അല്ലഹാബാദ് നഗരം നിർമ്മിച്ചത് അക്ബറായിരുന്നു.

1605-ൽ അക്ബർ മരിച്ചപ്പോൾ സലിം ജഹാംഗീർ എന്ന പേരിൽ രാജ്യഭാരം തുടങ്ങി. രാജപുത്ര രാജ്ഞിയിൽ അക്ബറിനു ജനിച്ച ഈ ചക്രവർത്തി പിതാവിൻെറ മാർഗ്ഗത്തിലൂടെ കഴിയുന്നതു ചരിച്ചു. എന്നാൽ ഭരണവിഷയത്തിലേക്കാൾ കൂടുതൽ ശ്രദ്ധ അദ്ദേഹം പതിപ്പിച്ചിരുന്നതു്, ചിത്രമെഴുത്തു്, സംഗീതം, നാട്യം, ഉദ്യാനനിർമ്മാണം മുതലായ കലകളുടെ പോഷണത്തിലായിരുന്നു. ശ്രീനഗരത്തിലെ പ്രസിദ്ധ തോട്ടങ്ങളായ ഷാലിമർ, നിഷത്ബാഗ് ഇവ നിർമ്മിച്ചതു ജഹാംഗീർ ആയിരുന്നു.

രാജകാര്യങ്ങൾ വാസ്തവത്തിൽ നടത്തിവന്നതു രാജ്ഞിയായ നൂർജഹാനായിരുന്നു.

1627-ൽ ഷാജഹാൻ സിംഹാസനാരോഹണം ചെയ്തു. മുപ്പതു കൊല്ലത്തെ വാഴ്ചയ്ക്കിടയിൽ, മുകിലസാമ്രാജ്യത്തിൻെറ പ്രശസ്തി നാലുചാട്ടും പരന്നു. അമുസ്ലീങ്ങളോടു പലപ്പോഴും അനീതി കാണിക്കയും, ഡക്കാണിലും ഗുജറാത്തിലും ക്ഷാമം ബാധിച്ചപ്പോൾ, നിവാരണാർത്ഥം ഒരു ചൂണ്ടുവിരൽപോലും അനക്കാതിരിക്കയും ചെയ്തുവെന്നിരുന്നാലും ശില്പകല, ചിത്രമെഴുത്തു് മുതലായവയെ അദ്ദേഹം കഴിയുന്നതു പരിപോഷിപ്പിച്ചു. സ്വപത്നിയായ മുംടാസ് മഹലിൻെറ സ്മാരകാർത്ഥം നിർമ്മിച്ച 'താജ്മഹൽ' ഇന്നു ലോകത്തിലെ മഹാത്ഭുതങ്ങളിലൊന്നായി വിളങ്ങുന്നു. ആഗ്രായിലെ മോത്തിമസ്ജിദ്, ദില്ലിയിലെ ജുമാമസ്ജിദ്, രാജമന്ദിരത്തിനുള്ളിലുള്ള ദീവാനീ അം, ദീവാനീഖാസ് എന്നി എടുപ്പുകൾ ഇവയെല്ലാം ഷാജഹാൻെറ ധനാഢ്യതയ്ക്കും, പ്രതാപത്തിനും നിത്യസ്മാരകങ്ങളായി വിളങ്ങുന്നു. എന്നാൽ എത്ര ലക്ഷം ആളുകളുടെ വിയർപ്പും കണ്ണീർപ്പുഴയും ഈ ഹർമ്മ്യങ്ങളുടെ നിർമ്മാണത്തിലൂടെ ഒഴുകിയിട്ടുണ്ടെന്നുള്ള കാര്യം മറക്കാവുന്നതല്ല.

ഷാജഹാനെ കാരാഗൃഹത്തിൽ പാൎപ്പിക്കയും സഹോദരന്മാരെ വഞ്ചിച്ചു കൊല്ലുകയും ചെയ്തുകൊണ്ടാ



താജ്മഹൽ

ണ് ഔരംഗസേബ് സിംഹാസനാരോഹണം ചെയ്തതു്. അദ്ദേഹം വീരവ്രതത്തോടുകൂടിയ ഇസ്ലാം ഭക്തനായിരുന്നു. അനാഡംബരമായ ജീവിതം നയിച്ചുപോന്നു. ഖുറാൻ പകൎത്തിയെഴുതിയും തൊപ്പികൾ തുന്നിയും കിട്ടുന്ന പണം കൊണ്ടാണ് അദ്ദേഹം കാലക്ഷേപം ചെയ്തുപോന്നതു്. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിക്കാൻ പോലും അദ്ദേഹം മടിച്ചിരുന്നില്ല. അന്യമതവിദ്വേഷം

ഇല്ലായിരുന്നെങ്കിൽ, മുകില സാമ്രാജ്യം ഇത്രവേഗത്തിൽ നശിക്കുമായിരുന്നോ എന്നു സംശയമാണു്.

ജസിയാ എന്ന ആൾക്കരം അക്ബർ നിർത്തിയിരുന്നതു് ഔരംഗസേബ് വീണ്ടും ഏർപ്പെടുത്തി. ഹിന്ദുക്കളെ



ഔരംഗസേബു്

ഉദ്യോഗങ്ങളിലൊന്നിലും നിയമിക്കാതെ ഇരുന്നു എന്നു മാത്രമല്ല, ഉന്നതസ്ഥാനങ്ങളിലിരുന്നവരെ വഞ്ചിച്ചു കൊല്ലാനും തുടങ്ങി. അതിനാൽ രാജപുത്രന്മാർ ഒന്നോടെ വിദ്രോഹപതാക ഉയർത്തി.

ഈ അവസരത്തിലാണു് ഔരംഗസേബ് ബിജപ്പൂർ ഗോൽകൊണ്ട, എന്നീ മുസ്ലീം രാജ്യങ്ങളെ ആക്രമിച്ചു ക്ഷീണിപ്പിച്ചതു്. അതു് ശിവാജിയുടെ നേതൃത്വത്തിൽ

വളൻവന്ന മഹാരാഷ്ട്രശക്തിക്ക വളമായിത്തീൻ ശിവാജിയോട്ട് ദീഘകാലം പടവെട്ടിയിട്ടം, മഹാരാഷ്ട്രശക്തി ഉത്തരോത്തരം, പുഷ്ടിപ്പെട്ടുകൊണ്ടിരുന്നതേ ഉള്ളു. വടക്ക സിക്കുകാരും മധ്യഭാരതത്തിൽ രാജപുത്രരും ദക്ഷിണേൻഡ്യയിൽ മഹാരാഷ്ട്രന്മാരും—നിരന്തരം എതിക്കയാൽ ഔരംഗസേബിൻെറ ജീവിതസായാഹ്നം തമോമയമായിത്തീൻ 1707-ൽ അദ്ദേഹം മരിച്ചപ്പോഠം, മുകിലസാമ്രാജ്യത്തിൻെറ അടിസ്ഥാനം ഇളകിക്കഴിഞ്ഞിരുന്നു എന്നു പറയാം.

## ചോദ്യങ്ങഠം

1. അശോകൻ മഹാൻ എന്ന പേരിന്ന് എങ്ങനെ അർഹനായി. അദ്ദേഹം പ്രജാക്ഷേമാത്ഥം ചെയ്തിട്ടുള്ള കായ്യങ്ങഠം വിവരിക്കുക.
2. ഗുപ്തരാജവംശത്തിലെ ഏററവും മഹാനായ രാജാവാര്? അദ്ദേഹത്തിൻെറ ഭരണകാലത്തെ ഭാരതത്തിൻെറ സുവണ്ണദശ എന്നു പറവാൻ കാരണമെന്ത്?
3. പേരു പറക:—
    1. നാടകങ്ങഠം രചിച്ച ഭാരതചക്രവത്തി.
    2. ഇൻഡ്യ സന്ദർശിച്ച രണ്ടു പ്രാചീന ചീനന്മാർ.
    3. ബുദ്ധമതപ്രചാരത്തിനുവേണ്ടി ജീവിതം സമപ്പിച്ച രണ്ടു ചക്രവത്തിമാർ.
    4. മുകിലന്മാരോട്ട് അവസാനംവരെ എതിത്തുനിന്ന രജപുത്രരാജവംശം.
    5. തമിഴകം മുഴുവനും സ്വാധീനപ്പെടുത്താൻ ശ്രമിച്ച കേരളചക്രവത്തി.
4. ഇൻഡ്യാചരിത്രത്തിൽ രാജപുത്രന്മാക്കുള്ള പ്രാധാന്യം വിവരിക്കുക.
5. മുകിലരാജവംശത്തിലെ ഏററവും മഹാനായ ചക്രവത്തി ആര്? അദ്ദേഹത്തിൻെറ വിജയഹേതുക്കഠം എന്തെല്ലാം?

അദ്ധ്യായം 4.

## ഇൻഡ്യയുടെ ഭരണക്രമം

ഇൻഡ്യ ഒരു പരമാധികാര റിപ്പബ്ളിക്കാകുന്നു. ഭരണാധികാരം തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡണ്ടിൽ സ്ഥിതിചെയ്യുന്നു. പാർല്ലമെൻറിൻെറ ഇരു മണ്ഡലങ്ങളായ ലോകസഭയും രാജ്യസഭയും, സ്റ്റേററുകളിലെ നിയമസഭാ സാമാജികന്മാരും കൂടിയാണ് പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതു്. ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ, അഞ്ചുകൊല്ലത്തേക്ക് ആ പ്രസിഡണ്ടുതന്നെ ഭരണം നടത്തുന്നു. 35 വയസ്സു കഴിഞ്ഞിട്ടുള്ളവനും പ്രതിനിധിസഭയിലെ അംഗമായിരിക്കാൻ യോഗ്യതയുള്ളവനും ആയ ഏതു ഇൻഡ്യൻ പൌരനും പ്രസിഡണ്ടു് തെരഞ്ഞെടുപ്പിനു സ്ഥാനാൎത്ഥിയായി നില്പാൻ അവകാശമുണ്ടു്. ഇപ്പോഴത്തെ ഇൻഡ്യൻ പ്രസിഡൻറു് ഡാക്ടർ രാജേന്ദ്രപ്രസാദാണു്.

പ്രസിഡണ്ടു് മന്ത്രിസഭയുടെ ഉപദേശമനുസരിച്ചു് ഭരണം നടത്തുന്നു. പ്രധാനമന്ത്രിയെ നിയമിക്കുന്നതു പ്രസിഡണ്ടാണെന്നുവരികിലും, പാർല്ലമെൻറിൽ ഭൂരിപക്ഷം ലഭിക്കുന്ന കക്ഷിയുടെ നേതാവിനെ ആയിരിക്കണം പ്രധാനമന്ത്രിയായി നിയമിക്കേണ്ടതു്. അങ്ങനെ പ്രധാനമന്ത്രി നിയമിക്കപ്പെട്ടുകഴിഞ്ഞാൽ, മററു മന്ത്രിമാരുടെ പേരുകൾ പ്രധാനമന്ത്രി നിൎദ്ദേശിക്കയും അവരെ പ്രസിഡണ്ടു നിയമിക്കയും ചെയ്യുന്നു. മന്ത്രിസഭയെ നിയമിക്കാനെന്നപോലെ പിരിച്ചുവിടുന്നതിനും പ്രസിഡണ്ടിനാണു് അധികാരം. തൃപ്തികരമായ ഭരണം സാദ്ധ്യമല്ലെന്നു കാണുന്ന നിമിഷത്തിൽ മന്ത്രിസഭയെ പ്രസിഡണ്ടിനു പിരിച്ചുവിടാം.

പ്രസിഡണ്ടിനു് സുപ്രീംകോടതിയിലെ ന്യായാധിപന്മാരെയും ഗവണ്ണർമാരെയും മററും നിയമിക്കുക, നിയമസഭകൾ പാസ്സാക്കുന്ന നിയമങ്ങൾക്കു് അംഗീകാരം നല്കുക, ഏതെങ്കിലും സ്റ്റേററിൻെറ ഭരണം ശരിക്കു നടക്കാതിരിക്കുന്നു എന്നു കാണുന്നപക്ഷം അവിടത്തെ ഭരണം ഏറെറടുക്കുക, ആർഡിനൻസുകൾ പുറപ്പെടുവിക്കുക ഇത്യാദി പല അധികാരങ്ങളുമുണ്ടു്.

പ്രസിഡണ്ടിൻെറ അഭാവത്തിൽ ഭരണച്ചുമതലകൾ വഹിക്കുന്നതിനു് ഒരു വൈസ്പ്രസിഡണ്ടുകൂടി ഉണ്ടായിരിക്കും. അദ്ദേഹമാണു് രാജ്യസഭയുടെ അദ്ധ്യക്ഷനും.

പാർല്ലമെൻറിൻെറ ഇരുമണ്ഡലങ്ങളിലേയും മൂന്നിൽ രണ്ടുഭാഗം അംഗങ്ങൾ വ്യക്തമായ കുററങ്ങൾ ആരോപിച്ചു് ഒരു പരസ്യവിസ്താരം ആവശ്യപ്പെടുന്നപക്ഷം അങ്ങനെ നടത്താവുന്നതും, ആ വിസ്താരമദ്ധ്യേ ആരോപണങ്ങൾ ശരിയാണെന്നു തെളിയുന്നതായാൽ, പ്രസിഡണ്ടിനെ ആ സ്ഥാനത്തുനിന്നു മാററാവുന്നതുമാണു്.

പ്രധാനമന്ത്രിയും മററു മന്ത്രിമാരും ചേർന്നതാണു് മന്ത്രിസഭ. ഇപ്പോഴത്തെ ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററു് ജവഹർലാൽ നെഹ്രു ആണു്. ഓരോ മന്ത്രിക്കും ഏറെക്കുറെ സ്വാതന്ത്ര്യമുണ്ടെന്നിരുന്നാലും, സഭയ്ക്കു് പ്രതിനിധിസഭയോടു കൂട്ടുത്തരവാദിത്വമുണ്ടു്.

## എക്സിക്യൂടീവ് (നിർവ്വാഹകസമിതി)

ഭരണനിർവ്വഹണത്തിനു് മന്ത്രിമാരുടെ കീഴിൽ സ്ഥിരമായ ഒരു ഉദ്യോഗസ്ഥമണ്ഡലം ഉണ്ടു്. കാര്യക്ഷമതയ്ക്കുവേണ്ടി ഭരണകാര്യങ്ങൾ പല വകുപ്പുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ വകുപ്പിനും ഓരോ അദ്ധ്യക്ഷൻ അവശ്യം ഉണ്ടായിരിക്കും. ആ അദ്ധ്യക്ഷന്മാർ അതാതു വകുപ്പിൻെറ ചുമതല വഹിക്കുന്ന മന്ത്രിയോടു്

2564

സിക്രട്ടറിമാർവഴി ബന്ധപ്പെടുന്നു. ആ സിക്രട്ടറിമാർ ചേന്നതാണു് സിക്രട്ടേറിയററു്. അവരുടെ അദ്ധ്യക്ഷനാണു് ചീഫ് സിക്രട്ടറി.

## നിയമസഭ

ഇൻഡ്യൻ പാർല്ലമെൻറിനു് ലോകസഭ എന്നും രാജ്യസഭ എന്നും രണ്ടു മണ്ഡലങ്ങളുണ്ടു്. ആ സഭകളിൽ ഏതെങ്കിലും ഒന്നിൽ ഒരു ബിൽ ഹാജരാക്കാം. പക്ഷേ അവിടെ പാസ്സായാൽ മറേറ സഭയിലും അതു ഹാജരാക്കി പാസ്സാക്കിയെടുത്താൽ മാത്രമേ പ്രസിഡണ്ടിൻെറ അംഗീകാരത്തോടുകൂടി നിയമമാവൂ. ലോകസഭയിലേക്കു് അംഗങ്ങളെ തെരഞ്ഞെടുക്കാൻ പ്രായപൂർത്തിവന്ന എല്ലാ ഇൻഡ്യൻ പൌരന്മാക്കും അവകാശമുണ്ടു്. ലോകസഭയിൽ 500 അംഗങ്ങൾ ആണുള്ളതു്. ഓരോ പ്രദേശങ്ങളും തെരഞ്ഞെടുത്തയക്കുന്ന അംഗങ്ങളുടെ സംഖ്യ താഴെ ചേക്കുന്നു.

| | | | |
|---|---|---|---|
| ആന്ധ്റപ്രദേശം | 43 | പഞ്ചാബ് | 22 |
| ആസ്സാം | 12 | രാജസ്ഥാൻ | 22 |
| ബീഹാർ | 53 | ഉത്തരപ്രദേശം | 86 |
| ബോംബേ | 66 | പശ്ചിമബംഗാൾ | 36 |
| കേരളം | 18 | കാശ്മീർ | 6 |
| മദ്ധ്യപ്രദേശം | 36 | ഡില്ലീ | 5 |
| മദ്രാസ് | 41 | ഹിമാചൽപ്രദേശം | 4 |
| മൈസൂർ | 26 | മണിപ്പൂരു് | 2 |
| ഒറീസ്സാ | 20 | ത്രിപുര | 2 |
| | | ആകെ | 500 |

രാജ്യസഭയിലെ അംഗങ്ങൾ ഓരോ സ്റ്റേററിലേയും നിയമസഭാ സാമാജികന്മാരാൽ തെരഞ്ഞെടുക്കപ്പെടുന്നു. പന്ത്രണ്ടു പേരുകൾ സാഹിത്യം, കല, ശാസ്ത്രം, വിദ്യാ

ഭ്യാസം എന്നിവയിലുള്ള പ്രാവീണ്യത്തെ അടിസ്ഥാനപ്പെടുത്തി പ്രസിഡണ്ടുതന്നെ നിർദ്ദേശിക്കുന്നു. അങ്ങനെ ഇരുനൂററമ്പതോളം അംഗങ്ങൾ രാജ്യസഭയിൽ ഉണ്ടായിരിക്കും.

പട്ടികജാതിക്കാക്കുമാത്രം നിയമസഭകളിൽ സീററുകൾ സംവരണം ചെയ്തിട്ടുണ്ട്.

നിയമങ്ങൾ നിർമ്മിക്കുക, ബഡ്ജററ് പാസ്സാക്കുക, ഭരണത്തെ വിമർശിക്കുക, മന്ത്രിമാരിൽ വിശ്വാസാവിശ്വാസങ്ങൾ രേഖപ്പെടുത്തുക മുതലായ പ്രാധാന്യമേറിയ പല ചുമതലകളും നിയമസഭയ്ക്കുണ്ട്. നിയമസഭയുടെ അനുവാദംകൂടാതെ ഒരു പൈപോലും ചെലവാക്കാൻ ഗവമ്മെൻറിനു് അധികാരമില്ല.

## നീതിന്യായപരിപാലനം

ഇൻഡ്യയിൽ സ്വതന്ത്രസ്വതന്ത്രമായ ഒരു ജൂഡിഷ്യറി (നീതിന്യായവകുപ്പ്) നിലനില്ക്കുന്നു. നീതിഭരണം സംബന്ധിച്ച സകല അധികാരങ്ങളും സുപ്രീം കോടതിയിൽ സ്ഥിതിചെയ്യുന്നു. സുപ്രീംകോടതിയിൽ ഒരു ചീഫ്ജസ്റ്റിസും ഏഴിൽ കുറയാതെ ജഡ്ജിമാരും ഉണ്ടായിരിക്കും. ജഡ്ജിമാരെ ചീഫ്ജസ്റ്റിസിൻെറ ഉപദേശം അനുസരിച്ച് പ്രസിഡണ്ടു നിയമിക്കുന്നു. സ്റ്റേററുകളിലെ ഹൈക്കോടതികളിന്മേലെല്ലാം സുപ്രീംകോടതിക്കു പരിശോധനാധികാരമുണ്ട്.

## ക്ഷേമരാജ്യം

പൊതുജനക്ഷേമത്തെ ഏകലക്ഷ്യമാക്കിയിരിക്കുന്ന ഒരു രാഷ്ട്രം കെട്ടിപ്പടുക്കുക എന്നതാണ് ഇൻഡ്യയുടെ പരമലക്ഷ്യം. തൊഴിലില്ലായ്മ പരിഹരിച്ചും, ഭവനരഹിതന്മാക്കു ഭവനമുണ്ടാക്കിക്കൊടുത്തും, സാധാരണജന

ങ്ങൾക്ക് ആരോഗ്യപരിപാലനത്തിനുള്ള മാർഗ്ഗങ്ങൾ സുലഭമാക്കിയും, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, എല്ലാവർക്കും നീതി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ചെയ്തും, ജാതിമതാദിഭേദചിന്ത കൂടാതെ, എല്ലാവർക്കും സ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും നൽകിയും, നാട്ടിന്റെ ഉത്പാദനശക്തി വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തിയും, ക്ഷേമൈശ്വര്യങ്ങളോടു കൂടിയ ഒരു രാഷ്ട്രം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ✓

## 1. പൊതുമരാമത്ത്

ഭവനങ്ങൾ, നിരത്തുകൾ, പാലങ്ങൾ, തോടുകൾ, അണകൾ, തീവണ്ടിപ്പാതകൾ മുതലായവയുടെ നിർമ്മിതി ക്ഷേമരാജ്യത്തിനു അപരിത്യാജ്യമാകുന്നു. ഇതിലേക്കു നിയുക്തമായ വകുപ്പാണ് പൊതുമരാമത്ത്. സ്റ്റേറ്റുകൾ തമ്മിലും ദേശങ്ങൾ തമ്മിലും ഉള്ള അകൽച ഇല്ലാതാക്കി, ഗ്രാമീണധനസ്ഥിതി നന്നാക്കുന്ന വിഷയത്തിൽ നിരത്തുകൾ പ്രാധാന്യം വഹിക്കുന്നു. ഒന്നാമത്തെ പഞ്ചവത്സരപദ്ധതി ആരംഭിച്ചകാലത്ത് മെററൽ ചെയ്യാത്ത 147000 മൈൽ റോഡുകളും മെററൽ ചെയ്ത 97000 മൈൽ റോഡുകളും ഇൻഡ്യയിൽ ഉണ്ടായിരുന്നു. അഞ്ചു കൊല്ലങ്ങൾക്കുള്ളിൽ 6000 മൈൽ ഒന്നാംതരം റോഡുകൾ കൂടുതലായി നിർമ്മിക്കപ്പെട്ടു. ഗതാഗതസൗകര്യാർത്ഥം 40 വലിയ പാലങ്ങളും ഉണ്ടാക്കി. ഒരു ഗ്രാമവും മെയിൻറോഡിൽനിന്നു വളരെ അകന്നിരിക്കാൻ പാടില്ലെന്നാണ് പ്ലാനിന്റെ ഒരു ഉദ്ദേശം. രണ്ടാംപഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോൾ ഈ ഉദ്ദേശം ഏറെക്കുറെ നിർവ്വഹിക്കപ്പെടും.

റോഡുകൾക്കു പുറമെ ജലമാർഗ്ഗമായ സഞ്ചാരത്തിനുള്ള സൌകര്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. ഗതാഗത

സൌകര്യം വദ്ധിപ്പിക്കാനായി പുതിയ തുറമുഖങ്ങറം തുറക്കുക, ഉള്ളവയെ പരിഷ്കരിക്കുക, കൂട്ടതൽ തീവണ്ടിപ്പാതകളും വിമാനമാർഗ്ഗങ്ങളും ഉൽഘാടനം ചെയ്യ—ഇവയിലെല്ലാം സക്കാരിന്റെ ശ്രദ്ധ നല്ലതുപോലെ പതിഞ്ഞിരിക്കുന്നു. മരാമത്തുവകുപ്പിന്റെ വിജയം സമത്ഥന്മാരായ എഞ്ചിനീയറന്മാരെ ആശ്രയിച്ചിരിക്കുന്നു. ഇന്നു് എല്ലാ സ്റ്റേറ്ററുകളിലും അനേകം എഞ്ചിനീയറിംഗ് കാളേജുകറം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്.

## 2. കൃഷിവ്യവസായങ്ങളുടെ അഭിവൃദ്ധി

ഇതും ക്ഷേമരാഷ്ട്രത്തിനു അത്യന്താപേക്ഷിതമാകുന്നു. ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയിൽ പ്രാധാന്യം കൃഷിയുടെ വികസനത്തിനാണു് നല്കപ്പെട്ടിരുന്നതു്. മൊത്തവികസനച്ചിലവുകളിൽ 45 ശതമാനം കൃഷിയ്ക്കായി വിനിയോഗിച്ചു. ജലമില്ലാത്ത ദിക്കുകളിൽ കുളങ്ങളും കിണറുകളും കുഴിപ്പിക്കുക, വലിയ ജലസേചനപദ്ധതികറം തുറക്കുക, കൃത്രിമവളങ്ങറം നിമ്മിച്ചു് മിതമായ വിലയ്ക്കു വിതരണം ചെയ്യ, നല്ലതരം വിത്തു ശേഖരിച്ചു് പ്രചരിപ്പിക്കുക, പരിഷ്കൃതരീതിയിലുള്ള കൃഷിസമ്പ്രദായങ്ങറം നടപ്പിലാക്കുക, കാർഷികോൽപന്നങ്ങറംക്കു സഹകരണാടിസ്ഥാനത്തിൽ കമ്പോളങ്ങറം ഉണ്ടാക്കുക, വനങ്ങളുടെ വ്യാപ്തി വദ്ധിപ്പിച്ചും, മണ്ണൊലിപ്പു തടഞ്ഞും, അണകറം കെട്ടിയും മററു വിധത്തിലും നദികളുടെ വേഗത്തെ നിരോധിച്ചും, കാഷിക ഗവേഷണശാലകറം സ്ഥാപിച്ചും, കൃഷി വദ്ധിപ്പിക്കുക—ഇവയൊക്കെയാണു് കൃഷിവികസന പദ്ധതിയിൽ ഉറംക്കൊണ്ട പ്രധാന കാര്യങ്ങറം.

കൃഷിയും വ്യവസായവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യാവസായികമായി വളരെ പുരോഗമിച്ചിട്ടില്ലാത്ത രാജ്യമാണു് ഇൻഡ്യ. ദേശീയതാൽപര്യങ്ങറം

ക്കായി, വ്യവസായം വൎദ്ധിപ്പിക്കേണ്ടതു് ഗവണ്മെൻറിന്റെ കർത്തവ്യമാണെന്നുള്ള തത്വം, അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഗവണ്മെൻറുതന്നെ, സിന്ധ്‌റീഫെട്ടിലൈസർ ഫാക്ടറി, ചിത്തരഞ്ജൻ ലോക്കോമോട്ടീവ് ഫാക്ടറി, ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസ്, ഇൻറഗ്രൽ കോച്ച് ഫാക്ടറി, മെഷീൻടൂൾസ് ഫാക്ടറി, പെൻസിലിൻ ഫാക്ടറി, ഡി. ഡി. ടി. ഫാക്ടറി മുതലായവ നടത്തിവരുന്നു. പ്രൈവററ് ഉടമയിലുള്ള കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ കഴിയുന്നത്ര പ്രയത്നിച്ചുപോരുന്നു. 1957-ലെ വ്യവസായനിയമത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടു് പുതിയ വ്യവസായങ്ങൾ ആരംഭിക്കാനുള്ള മാർഗ്ഗങ്ങളും തുറന്നുകിടക്കുന്നു. ഇപ്രകാരം ആരംഭിക്കപ്പെടുന്ന പ്രൈവററ് വ്യാവസായികസ്ഥാപനങ്ങൾക്കു് ധനസഹായം ചെയ്യുന്നതിനുള്ള കോർപ്പറേഷനുകളും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ഒക്കെ ഫലമായി നാലഞ്ചുകൊല്ലങ്ങൾക്കുള്ളിൽ ഇൻഡ്യയുടെ ഉൽപാദനശക്തി വളരെ വൎദ്ധിച്ചിട്ടുണ്ടു്. പഞ്ഞിവ്യവസായത്തെ ഉദാഹരണമായെടുക്കാം. 1951-ൽ 16890 ലക്ഷം റാത്തൽ നൂലും, 47440 ഗജം തുണിയും ഇൻഡ്യൻ മില്ലുകൾ നിൎമ്മിച്ചു. എന്നാൽ 1956-ൽ അവ യഥാക്രമം 17750 ലക്ഷം റാത്തലും 49220 ഗജവും ആയി വൎദ്ധിച്ചു. യന്ത്രങ്ങളെ അന്യ ദിക്കുകളിൽനിന്നു വരുത്തേണ്ടിയിരുന്നതാണു് ഇൻഡ്യയ്ക്കു് നേരിട്ട പ്രധാന ദൗർബല്യം. എന്നാൽ വ്യാവസായിക യന്ത്രങ്ങളുടെ ഉൽപാദനം ഇൻഡ്യയിൽതന്നെ ആരംഭിച്ചിട്ടുണ്ടു്. 1958-ാം വൎഷത്തിന്റെ മദ്ധ്യഘട്ടമാകുമ്പോഴേക്കു് ടാററാ അയേൺ ആൻഡ് സ്റ്റീൽകമ്പനിയുടേയും, ഇൻഡ്യൻ അയേൺ ആൻഡ് സ്റ്റീൽ കമ്പനിയുടേയും പണി പൂൎത്തിയാവും. അപ്പോൾ അവയുടെ നിർമ്മാണശക്തിയും ഏകദേശം ഇരട്ടിക്കുമെന്നു പ്രതീക്ഷിക്ക

 പ്പെട്ടുന്നു. തുണിവ്യവസായം, ഖണവ്യവസായം, പഞ്ചസാര വ്യവസായം മുതലായവയ്ക്കു് ആവശ്യമുള്ള യന്ത്രങ്ങൾ ഇൻഡ്യയിൽ ഉണ്ടാക്കപ്പെട്ടുതുടങ്ങിട്ടുമുണ്ടു്.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാധാരണക്കാരന്റെ ക്രയശക്തി വധിപ്പിക്കുന്നതിനും വ്യവസായാഭിവൃദ്ധിയാണു് പ്രധാനമാർഗ്ഗം.

## 3. തൊഴിൽ ശാലകളെ സംബന്ധിച്ച നിയമങ്ങൾ

ഒരു രാജ്യത്തു വ്യവസായം അഭിവൃദ്ധിപ്പെടണമെങ്കിൽ സന്തൃപ്തമായ ഒരു തൊഴിലാളിവർഗ്ഗം കൂടിയേ തീരൂ. അതിനാൽ ക്ഷേമരാഷ്ട്രങ്ങളിലെല്ലാം തൊഴിലാളികളുടെ നന്മയെ ഉദ്ദേശിച്ചു്, അനേകം നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ടു്.

മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള തക്കങ്ങൾ പറഞ്ഞൊതുക്കാനായി രഞ്ജകസമിതികൾക്കും മദ്ധ്യസ്ഥകോടതികൾക്കും വ്യവസ്ഥ ചെയ്തിരിക്കുന്നു. തൊഴിലാളികളുടെ വേതനം, ബോണസ് ഇവയെ സംബന്ധിച്ചു് നിയമങ്ങളും ഉണ്ടായിട്ടുണ്ടു്. ഫാക്ടറികളിലെയും, എസ്റ്റേറ്റുകളിലേയും, ഖനികളിലേയും, ജോലിവ്യവസ്ഥകൾ മുൻകാലങ്ങളിലേക്കാളും സുഖകരവും ആരോഗ്യകരവും ആയിട്ടുണ്ടെന്നു മാത്രമല്ല; മുതലാളികൾക്കു തന്നെയും അവയുടെ ആവശ്യം മനസ്സിലായിത്തുടങ്ങിട്ടുമുണ്ടു്. പരസ്പരം സംഘടിച്ചു്, തങ്ങളുടെ ജോലിക്കു വിലപേശാനുള്ള അവകാശം തൊഴിലാളികൾക്കിന്നുണ്ടു്. വ്യവസായകേന്ദ്രങ്ങളിലെല്ലാം അനേകം യൂണിയനുകൾ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു. ഗവണ്മെൻറും വ്യവസായവും തൊഴിലും തങ്ങളിൽ സഹകരണം സാധിക്കുന്നതിനു് ഉപകരിക്കുന്ന നിയമങ്ങൾ പലതും ഇപ്പോൾ ഉണ്ടു്.

ജോലിക്കാരുടെ സാമൂഹ്യരക്ഷയെ ഉദ്ദേശിച്ച് സ്റ്റേറ്റ് രക്ഷാഭോഗം, പ്രാവിഡണ്ടഫണ്ട് ഇവ സർവ്വസാധാരണമാക്കാനുള്ള ശ്രമവും നടന്നുവരുന്നു. സർക്കാർ സഹായത്തോടുകൂടിയ വ്യാവസായിക ഭവനനിർമ്മാണപദ്ധതിക്ക് ആരംഭമിട്ടു കഴിഞ്ഞു. പലേ സ്റ്റേറ്റുകളിൽ തൊഴിലാളി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ഇങ്ങനെ ഒക്കെ ആണെങ്കിലും, തൊഴിലാളികൾക്കു വേണ്ടി പലതും ഇനിയും ചെയ്യേണ്ടതായിരിക്കുന്നു എന്നുള്ള ബോധം നമ്മുടെ ഗവണ്മെൻറിനുണ്ട്. രണ്ടാംപഞ്ചവത്സരപദ്ധതി പൂർത്തിയാവുന്നതിനോടുകൂടി തൊഴിലാളികളുടെ അവസ്ഥ കുറേക്കൂടി ശോഭനമായിത്തീരുമെന്നാണ് എല്ലാവരുടേയും പ്രതീക്ഷ.

## 4. രാഷ്ട്രം സന്ദേശവാഹകനെന്ന നിലയിൽ

സന്ദേശവാഹനെന്ന നിലയിൽ രാഷ്ട്രം നിർവ്വഹിക്കുന്ന ചുമതല വളരെ വലുതാണ്. ഒന്നോ രണ്ടോ അണ ചെലവിട്ടാൽ, നമ്മുടെ സന്ദേശം ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും അതിവേഗത്തിൽ എത്തുന്നു. പണ്ടൊക്കെ കത്തുകൾ അടങ്ങിയ സഞ്ചികൾ ഒരു ആഫീസ്സിൽനിന്നു മററൊന്നിലേക്ക് ഓട്ടക്കാരനായിരുന്നു എത്തിച്ചുപോന്നത്. ബോട്ടുകളും ബസ്സുകളും തീവണ്ടിയും ക്രമേണ ഉപയോഗിച്ചുതുടങ്ങി. ഇപ്പോൾ ആകാശവിമാനങ്ങൾ കത്തുകൾ വഹിച്ചുകൊണ്ടുപോകുന്നതിനാൽ ഇവിടെ നിന്ന്, ഡില്ലിയിൽ താമസിക്കുന്ന ഒരുവൻെറ കയ്യിൽ ഒരു കത്ത് എത്തുന്നതിനു കഷ്ടിച്ച് ഒന്നരദിവസം മതി. പുറരാജ്യങ്ങളിൽ കത്തുകൾ അയയ്ക്കുന്നതിനു കൂടുതൽ തപാൽ ചാർജ്ജു കൊടുക്കണമെന്നെയുള്ളു.

കുറേക്കൂടി വേഗത്തിൽ സന്ദേശം അയയ്ക്കണമെങ്കിൽ കമ്പിത്തപാലോ ഫോണോ ഉപയോഗിയ്ക്കാം. ചുരുക്കി

പ്പുറഞ്ഞാൽ തപാലും, കമ്പിത്തപാലും ഫോണും എല്ലാം കൂടി, ദൂരം എന്നൊന്നു് ഇല്ലാതാക്കിയിരിക്കുന്നു. അതിദൂര സ്ഥലങ്ങളായ ദേശങ്ങൾപോലും സമീപവത്തികളായി തീൎന്നിരിക്കുന്നു.

ഓരോ ഗ്രാമത്തിലും ഒരു തപാലാഫീസ്സെങ്കിലും ഉണ്ടായിരിക്കണമെന്നാണു് ഇപ്പോഴത്തെ നയം. ഇൻഡ്യയിൽ 1950–ൽ 36000 തപാലാഫീസ്സുകൾ ഉണ്ടായിരുന്നതു് 1956–ൽ 53000 ആയി വൎദ്ധിച്ചു. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ 260000 ടെലെഫോൺ ബന്ധങ്ങളും 1200 പബ്ളിക്കാൾ ആഫീസ്സുകളും ഉണ്ടായിരുന്നു. അവയുടെ സംഖ്യയും നാൾക്കുനാൾ വൎദ്ധിച്ചു വരുന്നു. പോസ്റ്റാഫീസുകളുടെ എണ്ണം എഴുപത്തിമൂവായിരമായും ടെലഫോൺകാൾ ആഫീസ്സുകളുടെ സംഖ്യ നാലരലക്ഷമായും വൎദ്ധിപ്പിക്കാനാണു് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഉന്നം. ഇപ്പോൾ അയ്യായിരം കമ്പിത്തപാൽ ആഫീസ്സുകളുണ്ടു്. കൂടുതൽ വിദേശരാജ്യങ്ങളുമായി കമ്പിത്തപാലും, ടെലഫോണും, റേഡിയൊ ഫോട്ടോസൎവീസ്സും ഏൎപ്പെടുത്താൻ രണ്ടാം പദ്ധതിയിൽ നിൎദ്ദേശിച്ചിരിക്കുന്നു.

## വിദ്യാഭ്യാസവും പൊതുജനാരോഗ്യവും

കേരളത്തിൽ വിദ്യാഭ്യാസം വളരെ പ്രചരിച്ചിട്ടുണ്ടെങ്കിലും, ഇൻഡ്യ ഈ വിഷയത്തിൽ പൊതുവേ പിന്നാക്കമാണു്. പതിനാലു വയസ്സുവരെ എല്ലാ കുട്ടികൾക്കും ഫീസ്സില്ലാതെ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നല്കാനായിരിക്കണം രാഷ്ട്രത്തിന്റെ ഉദ്യമം എന്നു് ഭരണഘടനയിൽത്തന്നെ നിൎദ്ദേശിച്ചിട്ടുണ്ടു്. രണ്ടാം പഞ്ചവത്സരപദ്ധതി പൂൎത്തിയാക്കുന്നതിനോടെ ആ ഉദ്ദേശ്യം സാധിക്കേണ്ടതായും ഇരിക്കുന്നു.

ഇന്നത്തെ സ്ഥിതിഗതികൾ നോക്കിയാൽ രണ്ടാം പഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോൾ 6–നും 11–നും ഇടയ്ക്കു പ്രായമുള്ളവരിൽ 80 ശതമാനവും വിദ്യാലയഗാമികളായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അവരിൽ പക്ഷേ ബാലികമാരുടെ സംഖ്യ കഷ്ടിച്ചു നാല്പതു ശതമാനമേ കാണുകയുള്ളു. 320 കോടി രൂപ കൂടുതൽ ആ ഇനത്തിൽ ചെലവു വരുന്നതായും കണക്കാക്കപ്പെട്ടിരിക്കുന്നു.

സെക്കൻഡറി വിദ്യാഭ്യാസം അടിമുതൽ മുടിവരെ പുതുക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കയാണ്. ഇപ്പോൾ ഉള്ള ഹൈസ്ക്കൂളുകളിൽ ഒരു ഭാഗം വിവിധോദ്ദേശ്യ ഹൈസ്കൂളുകളായി രൂപാന്തരപ്പെടുത്തുന്നതിനും സാങ്കേതികങ്ങളും തൊഴിൽപരങ്ങളുമായ പുതിയ വിദ്യാലയങ്ങൾ തുറക്കുന്നതിനും രണ്ടാംപഞ്ചവത്സരപദ്ധതി ഉദ്ദേശിക്കുന്നു.

സർവ്വകലാശാലകളിലും കാളേജുകളിലും പഠിക്കുന്ന കുട്ടികളുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. ഏഴു ലക്ഷത്തിൽപരം യുവതീയുവാക്കൾ ഇപ്പോൾ സർവകലാശാലകളിൽ പഠിച്ചുവരുന്നുണ്ട്. കലകൾ, വാണിജ്യം, ശാസ്ത്രം ഇവയിൽ ഉയർന്ന ബിരുദം നേടുന്നവരുടെ സംഖ്യതന്നെ അറുപതിനായിരത്തോളം വരും. അവരിൽ സർക്കാർ ഉദ്യോഗം ലഭിക്കാതെ വരുന്ന ബിരുദധാരികളുടെ സംഖ്യ ഒട്ടും കുറവല്ല. അതിനാൽ പ്രാഥമികവും സെക്കൻഡറിയും വിദ്യാഭ്യാസം സർവസാധാരണമാക്കിത്തീർക്കുന്നതിനോടൊപ്പം കാളേജു വിദ്യാഭ്യാസം കാംക്ഷിക്കുന്നവരുടെ സംഖ്യ കുറയ്ക്കാനാണ് സർക്കാരിന്റെ ഉദ്യമം.

വിദ്യാഭ്യാസവിഷയത്തിൽ, അവസരതുല്യത നല്കാനും, അർഹന്മാരെ പ്രോത്സാഹിപ്പിക്കാനും വിദ്യാർത്ഥിവേതനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതിക്കാർക്കും

പിന്നാക്കവർഗ്ഗക്കാർക്കും പ്രത്യേക സൌജന്യങ്ങൾ അനുവദിച്ചിരിക്കുന്നു. അതിലേയ്ക്കു് ഒന്നാമത്തെ പദ്ധതിയിൽ പന്ത്രണ്ടു കോടി രൂപ നീക്കിവച്ചിരുന്നു. രണ്ടാം പദ്ധതിയിൽ 250 വിദ്യാർത്ഥികൾക്കു വിദേശപഠനത്തിനും, പട്ടിക വർഗ്ഗക്കാരിലും പിന്നാക്കസമുദായക്കാരിലും പെട്ട 74500 വിദ്യാർത്ഥികൾക്കു് ഉപരിപഠനത്തിനും പ്രത്യേകം വേതനങ്ങൾ നല്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസത്തിനാണു് കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. ഇൻഡ്യയിൽ ആവശ്യമുള്ളിടത്തോളം ഡാക്കടർമാരും കൃഷിവിദഗ്ദ്ധന്മാരും, മൃഗചികിത്സാപടുക്കളും എൻജിനീയറന്മാരും ഇപ്പോൾ ഇല്ല. ആ ന്യൂനതകളെ പരിഹരിക്കാനായി, ഖാരഗപൂരിലെ ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ടു് ആഫ് ടെക്കനാളജി, ബാംഗ്ളൂരിലെ ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ടു് അഫ് സയൻസ്, എൻജിനീയറിംഗ് കാളേജുകൾ, മെഡിക്കൽ കാളേജുകൾ കാർഷിക കാളേജുകൾ, വെറററിനറികാളേജുകൾ മുതലായവ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യത്തിൽ ഭാരതീയർ വളരെ പിന്നിലാണു്. ജനങ്ങൾ വളരുന്നതും ജോലിചെയ്യുന്നതും അനാരോഗ്യകരമായ ചുററുപാടുകളിലാണു്. ജനതാമദ്ധ്യേ ശുചിത്വബോധവും കുറവാകുന്നു. ദാരിദ്ര്യവും, അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയും, ആരോഗ്യസംരക്ഷണവിഷയത്തിൽ ബാധകമായിരിക്കുന്നു. അതിനാൽ സമുദായമദ്ധ്യേ സാംക്രമികരോഗങ്ങൾ പരക്കാതെ ഇരിക്കാൻ നിവാരണമാർഗ്ഗങ്ങൾ നടപ്പിലാക്കുക, ശുചീകരണവിഷയകമായ ജ്ഞാനം ജനങ്ങളുടെ ഇടയ്ക്കു പ്രചരിപ്പിക്കയും പരിതഃസ്ഥിതികളെ ശുചിയാക്കി വയ്ക്കുകയും ചെയ്യുക, ആരോഗ്യസർവീസ് സംഘടിപ്പിക്കുക, ചികിത്സാപരമായും ആരോഗ്യപരമായും പരിശീലനം നല്കു

ന്നതിനുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുക, കുടുംബസം വിധാനത്തിൽ വരുത്തേണ്ട മാററങ്ങളെപ്പററി പൊതുജ നങ്ങൾക്കു ബോധനം നല്കുക, ഇത്യാദികാര്യങ്ങൾക്കായി ഗവണ്മെൻറിൽനിന്നു പ്രത്യേകം പല വകുപ്പുകൾ ഏർപ്പെ ടുത്തിയിരിക്കുന്നു. 1951 ൽ 113000 കിടക്കകളോടുകൂടി 8600 ആശുപത്രികൾ ഉണ്ടായിരുന്നതു് 125000 കിട ക്കകളോടുകൂടിയ പതിനായിരം ആശുപത്രികളായി ഇപ്പോൾ വൎദ്ധിച്ചിട്ടുണ്ടെന്നുവരികിലും, ഇതുകൊണ്ടൊ ന്നും വളൎന്നുവരുന്ന ജനാവശ്യങ്ങൾ നിറവേറുന്നില്ലാ. അതിനാൽ ദേശീയ വികസനപദ്ധതികളിലും, സാമൂഹ്യ പദ്ധതികളിലും ഹെൽത്ത് യൂണിററുകൾ സ്ഥാപിക്കാൻ ശ്രമിച്ചുവരുന്നു. ഇപ്പോൾ ഇൻഡ്യ ഒട്ടുക്കു് 725 ഹെൽ ത്തുയൂണിററുകളേ ഉള്ളുവെങ്കിലും നാലഞ്ചു കൊല്ലങ്ങൾ ക്കുള്ളിൽ അവയുടെ സംഖ്യ 3000 ആയി വൎദ്ധിപ്പിക്കണ മെന്നാണു് ഉദ്ദേശം. അതുപോലെതന്നെ ഡാക്ടർമാരു ടെയും നഴ്സുകളുടേയും, മിഡ്വൈഫുകളുടേയും ആരോ ഗ്യതപദർശകന്മാരുടേയും സംഖ്യ വൎദ്ധിപ്പിക്കാനും യത്നം തുടങ്ങീട്ടുണ്ടു്.

ഇപ്പോൾ നാട്ടിൽ 90000 ഡാക്ടർമാരുടെ ആവ ശ്യമുണ്ടു്. പക്ഷേ നമുക്കുള്ളതു് എഴുപതിനായിരം പേർ മാത്രമാണു്. എൺപതിനായിരം നഴ്സുകളെങ്കിലും വേ ണമെന്നിരിക്കെ, ഉള്ളതു 22000 മാത്രമാകുന്നു. ഇതുപോ ലുള്ള കുറവു് മിഡ്വൈഫുകളെ സംബന്ധിച്ചും ഉണ്ടു്.

പകൎച്ചവ്യാധികൾ ഇൻഡ്യയിൽ പല സ്ഥലങ്ങളി ലും കൂടെക്കൂടെ ഉണ്ടാകാറുണ്ടു്. അവയുടെ കൂട്ടത്തിൽ പ്ര ധാനമായുള്ളതു മലമ്പനി ആണു്. ഡി. ഡി. ടി. തളിച്ചും മററു വിധത്തിലും കൊതുകിൻെറ ശല്യം ഇപ്പോൾ ഏറ ക്കുറെ തടയപ്പെട്ടിട്ടുണ്ടു്. 162 യൂണിററുകൾ അതിലേക്കു

പ്രവൎത്തിച്ചു പോരുന്നു. മന്തുരോഗനിവാരണത്തിനുതന്നെ 22 യൂണിററുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്.

ക്ഷയരോഗം ഭയങ്കരമായ ഒരു പകൎച്ചവ്യാധിയാണു്. അതിന്റെ വ്യാപ്തി തടയാനായി ബി. സി. ജി. കുത്തിവയ്പു് സാൎവ്വജനീനമായി നടത്തിവരുന്നു. 166 ക്ലിനിക്കുകൾ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഏൎപ്പെടുത്തിയിരുന്നു. അഞ്ചു വത്സരങ്ങൾക്കുള്ളിൽ അവയുടെ സംഖ്യ 340 ആയി വൎദ്ധിക്കും.

ക്ഷയരോഗ ചികിത്സാകേന്ദ്രങ്ങൾ ചിലേടങ്ങളിൽ പുതിയതായി സ്ഥാപിച്ചിട്ടുമുണ്ടു്.

ശുദ്ധജലത്തിന്റേയും ശുദ്ധവായുവിന്റേയും അഭാവമാണു് രോഗങ്ങളുടെ ആക്രമണത്തിനു സഹായകമായിരിക്കുന്നതു്. അതിനാൽ ഗ്രാമങ്ങളിൽ പോലും ശുദ്ധജലം ലഭിക്കുന്നതിനു് ജലവിതരണപദ്ധതികൾ ആരംഭിക്കണമെന്നു് സൎക്കാരിനു മോഹമുണ്ടു്. കാലക്രമേണ ആ മോഹം സാദ്ധ്യതപ്രായമായേക്കും.

പാശ്ചാത്യ വൈദ്യത്തെ എന്നപോലെ ആയുൎവ്വേദം, യുണാനി, ഹോമിയോപ്പതി എന്നീ ചികിത്സാസമ്പ്രദായങ്ങളെയും ഗവണ്മെൻറു് പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.

## പഞ്ചവത്സരപദ്ധതികൾ

ഒരു പഞ്ചവത്സരപദ്ധതി 1956–ൽ അവസാനിക്കുകയും മറെറാന്നു് ആരംഭിക്കുകയും ചെയ്തു. ഈ തീയതികൾ നമ്മുടെ രാഷ്ട്രത്തിന്റെ ചരിത്രത്തിൽ സ്മരണീയങ്ങളാണു്. ഓരോ പഞ്ചവത്സരപദ്ധതിയും രാജ്യത്തിലെ ലക്ഷോപലക്ഷം ജനങ്ങളുടെ ഉച്ചാഭിലാഷങ്ങളേയും ആദൎശങ്ങളേയും നടപ്പിൽ വരുത്തി, ദാരിദ്ര്യദേവതയെ ഉച്ചാടനം ചെയ്തു് തൽസ്ഥാനത്തു ഐശ്വൎയ്യദേവതയെ പ്രതിഷ്ഠിക്കാനും ജീവിതത്തോതുയൎത്തുവാനും യത്നിക്കുന്നു.

1956 മാച്ചിൽ അവസാനിച്ച ആദ്യത്തെ പദ്ധതി സമുദായത്തിൻെറ സോഷ്യലിസ്ററു മാതൃക സാധിതപ്രായമാക്കുന്നതിനുള്ള കളമൊരുക്കൽ മാത്രമായിരുന്നു. സ്വാതന്ത്ര്യത്തിന്റെയും ജനപ്രഭുത്വത്തിന്റെയും മൂല്യങ്ങളിൽ അടിയുറച്ചതും, ജാതിവർഗ്ഗാദി വ്യത്യാസങ്ങളെ വകവയ്ക്കാതെ സർവ്വജനസമത്വത്തെ ലക്ഷീകരിക്കുന്നതും ആയ ഒരു സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതി ഉണ്ടാക്കാനുള്ള പ്രാരംഭയത്നം എന്ന നിലയിൽ ആ പദ്ധതി വിജയിച്ചു. ആഹാരസാധനങ്ങളുടേയും അസംസ്കൃത സാധനങ്ങളുടേയും ദൌർലഭ്യത്തെ ഏറെക്കുറെ പരിഹരിക്കയും നാണയപ്പെരുപ്പം കൊണ്ടുള്ള വിലക്കയററം തടയുകയും ചെയ്തു. തൊറെറഴുപതുലക്ഷം ഏക്കർ ഭൂമിയെ വിളഭൂമിയായി പരിവത്തനം ചെയ്തു. പതിനൊന്നുലക്ഷം കിലോവാട്ട് വൈദ്യുതശക്തി കൂട്ടതലായി ഉൽപ്പാദിപ്പിച്ചു. റെയിൽവേ കൂടുതൽ പ്രയോജനകരമാക്കിത്തീത്തു. അനേകം വ്യാവസായിക സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു. ഇവയുടെ ഒക്കെ ഫലമായി ദേശീയ വരുമാനം പതിനെട്ടു ശതമാനം വദ്ധിച്ചിട്ടുണ്ട്,

രാജ്യത്തിലെ ജീവിതനിലവാരം ഇപ്പോഴത്തേതിൽ നിന്നു ഉയത്തുക, അടിസ്ഥാനപരമായുള്ള ഘനവ്യവസായങ്ങളെ വികസിപ്പിച്ച് സത്വരമായ വ്യവസായീകരണം സാധിക്കുക, വരുമാനത്തിലും ധനസ്ഥിതിയിലും ഉള്ള അസമത്വങ്ങളെ കഴിയുന്നത്ര കുറയ്ക്കുക, മുതലായവയാണു് രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ടു് ഉദ്ദേശിക്കുന്നതു്.

210 ലക്ഷം ഏക്കർ ഭൂമിയിൽ ജലസേചനം നടത്തുന്നതിനും, 34 ലക്ഷം കിലോ വാട്ട് വൈദ്യുതശക്തി നിമ്മാണം ഉള്ളതിനെ ഇരട്ടിപ്പിക്കുന്നതിനും, യാത്രക്കാരെ കയററിക്കൊണ്ടുപോകുന്ന തീവണ്ടിലൈനുകളെ പതിനഞ്ചു ശതമാനവും, ഭാരവണ്ടികളുടെ കഴിവു് 35 ശത

മാനവും വദ്ധിപ്പിക്കുന്നതിനും 3800 രാഷ്ട്രീയ എക്സ്റ്റെൻഷൻ ബ്ളാക്കുകളും, 112 പുതിയ സാമൂഹ്യവികസന ബ്ളാക്കുകളും, ആരംഭിച്ചുനടത്തുന്നതിനും, വേണ്ടത്ര രാഷ്ട്രത്തിലെ ധാതുവിഭവങ്ങളെ ചൂഷണം ചെയ്തു വികസിപ്പിക്കുന്നതിനും, വ്യവസായങ്ങളുടെ ഉല്പാദനശക്തി വദ്ധിപ്പിക്കുന്നതിനോടൊപ്പം, പുതിയ വ്യവസായങ്ങൾ പലതും ആരംഭിക്കുന്നതിനും മററുമായി 5000 കോടിയിലധികം ഉറുപ്പികയുടെ മുതൽ മുടക്കാണ് രണ്ടാം പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നതു്. അതു നടപ്പിൽ വരുന്നതിനോടുകൂടി ഇൻഡ്യയുടെ സാമ്പത്തികവും സാമൂഹ്യവുമായ നില അത്യധികം ശോഭനമായിത്തീരുമെന്നാണു് എല്ലാവരുടെയും പ്രതീക്ഷ.

ചോദ്യങ്ങൾ

1. ഇൻഡ്യയിൽ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതു് എങ്ങനെ? അദ്ദേഹത്തിൻെറ ഭരണവിഷയകമായ ചുമതലകൾ എന്തെല്ലാം?
2. പ്രസിഡണ്ടിൻെറ കാലാവധി എന്തു്? അക്കാലാവധിക്കുമുമ്പിൽ സ്ഥാനത്തുനിന്നു മാററാനുള്ള ഉപാധികൾ എന്തെല്ലാം?
3. ഭരണനിർവ്വാഹകസമിതി എന്നാൽഎന്തു്? അതിൻെറ അദ്ധ്യക്ഷനാരു്?
4. മന്ത്രിസഭ നിമ്മിക്കുന്നതെങ്ങനെ? മന്ത്രിസഭ ജനങ്ങളോടു് ഉത്തരവാദപ്പെട്ടുന്നതെങ്ങനെ?
5. ഇപ്പോഴത്തെ പ്രധാനമന്ത്രി ആരു്? അദ്ദേഹം എങ്ങനെ തെരഞ്ഞെടുക്കപ്പെട്ടു?
6. ഏതെങ്കിലും ഒരു പുതിയ നിയമം നിമ്മിക്കണമെങ്കിൽ അതിനുള്ള വിധം എന്താണു്?
7. നിയമനിമ്മാണസഭയുടെ രണ്ടു മണ്ഡലങ്ങളിലേയും തെരഞ്ഞെടുപ്പുരീതി എന്തു്?
8. പാർലമെൻറിൻെറ ചുമതലകളിൽ പ്രധാനമായവ എന്തെല്ലാം?

9. ക്ഷേമരാജ്യം കെട്ടിപ്പെടുക്കുന്നതിനായി ഭാരതം എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു?
10. രാഷ്ട്രത്തിനു സന്ദേശവാഹകനെന്ന നിലയിൽ എന്തെല്ലാം കർത്തവ്യങ്ങൾ ഉണ്ട്. അവയെ നിറവേററുന്നതു് എങ്ങനെയെല്ലാം?

---

അദ്ധ്യായം 5

# സുപ്രസിദ്ധരായ ചില ലോകപുരുഷന്മാരും മഹതികളും

ബാലന്മാരായ നിങ്ങൾ ഇന്ത്യയുടെ ഉത്തമപൗരന്മാരായിത്തീരുന്നതിനോടൊപ്പം വിശ്വപൗരന്മാരായി ഉത്തമജീവിതം നയിക്കേണ്ടവരാകുന്നു. ഇന്നു ലോകം പല രാഷ്ട്രങ്ങളായി പിരിഞ്ഞിരിക്കുന്നു എങ്കിലും, ഏകലോകമാണ് ചിന്തകന്മാരുടെ ലക്ഷ്യം. വിശ്വത്തിൻെറ ഏതെങ്കിലും ഒരുഭാഗത്തുണ്ടാകുന്ന സംഭവവികാസങ്ങൾ ഇതരഭാഗങ്ങളിൽ അധിവസിക്കുന്നവരേയും ബാധിക്കാതിരിക്കുന്നില്ല. അതിനാൽ നാമെല്ലാവരും വിശ്വചരിത്രത്തിൻെറ ഗതി അറിഞ്ഞിരിക്കേണ്ടതാകുന്നു. ലോകത്തിൻെറ ഓരോരോ ഭാഗത്തു് ഓരോരോ കാലങ്ങളിൽ ജീവിച്ചിരുന്ന മഹതീമഹാന്മാരുടെ അപദാനങ്ങളെ അറിയുന്നതിനുള്ള കൌതുകം എല്ലാവർക്കും ഉണ്ടതാനും. ചിലരുടെ ചരിത്രംമാത്രം ഇതിനുപരി സംക്ഷേപിച്ചിരിക്കുന്നു.

## ഹാനിബാൾ

(ബി. സി. 247—183)

കാർത്തജീനിയൻ സർവ്വസേനാപതിയും പ്രാചീനകാലത്തെ സമരതന്ത്രവിദഗ്ദ്ധന്മാരിൽ പ്രമുഖനും ആയിരുന്ന ഹാനിബാൾ ഹാമില്ക്കാർ ബാർക്കായുടെ പുത്രനായി

247 ബീ. സി. യിൽ ജനിച്ചു. ബീ. സി 238–ൽ ആ ബാലൻ പിതാവിനോടുകൂടി സ്പെയിനിലേക്കു പുറപ്പെട്ടപ്പോൾ, പിതൃരാജ്ഞ അനുസരിച്ചു് റോമിനോടു നിത്യവൈരം പ്രതിജ്ഞചെയ്തു. ആ ശപഥത്തെ അദ്ദേഹം എങ്ങനെ നിറവേററി എന്ന കഥയാണു് ഇവിടെ പറവാൻ പോകുന്നതു്. പിതാവിൻെറ മരണാനന്തരം, ഹാനിബാൾ സ്വസഹോദരിയുടെ ഭർത്താവായ ഹാസ്ഡ്രൂബാളിൻെറ കീഴിൽ സൈനിക സേവനം ആരംഭിച്ചു. അന്നു് അദ്ദേഹത്തിനു പത്തൊൻപതു വയസ്സുപ്രായംഉണ്ടായിരുന്നുള്ളു. ബീ. സി. 221–ൽ ഹാസ്ഡ്രൂബാൾ കൊല്ലപ്പെട്ടുകയാൽ ആ യുവാവു് സേനാപതിയായിത്തീൎന്നു. രണ്ടുകൊല്ലം തൻെറ സൈന്യത്തിനു നല്ല പരിശീലനം നല്കുന്നതിനും സ്പെയിനിൽ സൈനികത്താവളം ഉറപ്പിക്കുന്നതിനും വേണ്ടി വിനിയോഗിച്ചശേഷം അദ്ദേഹം റോമിനെ പിണക്കുന്നതിനുവേണ്ടി സാഗുണ്ടം പിടിച്ചെടുത്തു. അതിനുശേഷം,90000 കാലാൾപ്പടയോടും, 12000 കുതിരപ്പടയോടും, 37 ആനകളോടുംകൂടി അദ്ദേഹം ന്യൂ കാൎത്തേജ് വിട്ടു്, പിരണീസ് പൎവ്വതം കടന്നു് ഇററലിയിലേക്കു തിരിച്ചു. അവിടെ എത്തിയപ്പോഴേക്കും കഷ്ടിച്ചു് 20000 കാലാളും 6000 അശ്വഭടന്മാരും മാത്രമേ ശേഷിച്ചിരുന്നുള്ളു. മററുള്ളവരെല്ലാം ചത്തൊടുങ്ങി. എങ്കിലും അദ്ദേഹം റോമൻസേനാപതിയായ സിപ്പിനോവിനെ തോല്പിച്ചിട്ടു്, അല്പനൈൻപൎവ്വതനിര കടന്നു. അതിനിടയ്ക്കു നേത്രരോഗത്താൽ ഒരു കണ്ണു് അദ്ദേഹത്തിനു നഷ്ടപ്പെട്ടു.എന്നിട്ടും തൻെറ ഉദ്യമത്തിൽനിന്നു പിന്തിരിയാതെ ടാസിമീൻ തടാകതീരത്തുവച്ചു് റോമൻകാൺസൽ ആയ ഫ്ളാമിനിയസ്സിനെ പരാജയപ്പെടുത്തി.

അവിടെനിന്നു ഹാനിബാൾ, തെക്കോട്ടു കടന്നു വിപുലമായ റോമൻസൈന്യത്തിൻെറ പകുതിയിലധി

കവും നശിപ്പിക്കയും 20000 പേരെ തടവുകാരാക്കുകയും ചെയ്തു. ഹാനിബാൾ ഈ വിജയങ്ങളെ തുടൎന്ന് റോമിൽ പ്രവേശിച്ചിരുന്നുവെങ്കിൽ ആ നഗരം കൈവശപ്പെട്ടുകയും യുദ്ധം അതോടെ അവസാനിക്കുകയും ചെയ്യുമായിരുന്നു എന്നു ചിലർ പറയാറുണ്ടെങ്കിലും വാസ്തവം അതായിരുന്നില്ല. ഹാനിബാളിൻെറ തുടരെയുള്ള വിജയങ്ങളുടെ ഫലമായി, ലൂക്കാനിയന്മാർ, ബ്രൂട്ടിയന്മാർ, സാംനൈററ്സ് എന്നീ വർഗ്ഗക്കാർ അദ്ദേഹത്തോടു ചേൎന്നു.

അദ്ദേഹം കാപ്‌വായിൽ കുറേക്കാലം വിശ്രമിച്ചു. അവിടത്തെ സുഖഭോഗസമൃദ്ധി അദ്ദേഹത്തിൻെറ സൈന്യത്തെ ബലഹീനമാക്കി എന്നും അതാണ് ആ സൈന്യത്തിൻെറ നാശഹേതുവായിത്തീൎന്നതെന്നും മററു ചിലർ പറയുന്നുണ്ടു്. എന്നാൽ റോമൻകാരുടെ സ്ഥിരനിശ്ചയവും റോമൻ ദുർഗ്ഗങ്ങളുടെ ദുർഗ്ഗമത്വവും ആയിരുന്നു ഹാനിബാളിൻെറ സൈന്യത്തെ ശോഷിപ്പിച്ചതു്. ദീർഘകാലത്തെ ഉപരോധത്തിനുശേഷം ടാറൻറം നഗരം ഹാനിബാളിനു പിടിച്ചെടുക്കാൻ സാധിച്ചുവെന്നുവരികിലും കാപ്‌വാ ദീർഘകാലം കീഴടങ്ങാതെ നിന്നു. ഒടുവിൽ അതും അദ്ദേഹത്തിനു കൈവശപ്പെട്ടു. പക്ഷേ അദ്ദേഹത്തിൻെറ സേനാബലത്തിനു വളരെ കുറവുണ്ടായി. ബി.സി. 211 ൽ അദ്ദേഹം റോമിലേക്കു തിരിച്ചു. 207 ൽ യുദ്ധം ഒരു ദുർഘടനിലയിൽ എത്തി. സ്പെയിനിൽനിന്നു മറെറാരു വഴിക്കുകൂടി ഇററലി ആക്രമിക്കാൻ നിയുക്തനായിരുന്ന സഹോദരൻ ജ്യേഷ്ഠനെ സന്ധിക്കുംമുമ്പു തന്നെ റോമൻസൈന്യത്താൽ പരാജിതനാവുകയും ആ സൈന്യത്തോടൊപ്പം നശിക്കുകയും ചെയ്തു. എന്നിട്ടും നാലുകൊല്ലംകൂടി ഹാനിബാൾ യുദ്ധം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ സിപ്പിയോവിൻെറ വിജയങ്ങളും ആഫ്രിക്കയുടെ ആക്രമണവും നിമിത്തം, ഹാനിബാൾ തിരിച്ചു

വിളിക്കപ്പെട്ടു. ഒരു യുദ്ധത്തിലും പരാജിതനാവാത്ത അ വീരാഗ്രണി ബീ. സി. 202 ൽ അഫ്രിക്കയിൽവച്ചു് സിപ്പിയോവിനാൽ തോല്പിക്കപ്പെട്ടു. അതിനെ തുടൎന്നു സന്ധിക്കപേക്ഷിക്കാൻ അദ്ദേഹം സ്വന്തരാജ്യത്തെ പ്രേരിപ്പിക്കയും ചെയ്തു.

പിന്നീടു് ഏതാനും വൎഷത്തേയ്ക്കു ഹാനിബാൾ തൻെറ രാജ്യത്തിൻെറ ഉറപ്പിനും ഭദ്രതയ്ക്കും വേണ്ടി നിരന്തരം പ്രയത്നിച്ചുകൊണ്ടേയിരുന്നു. എന്നാൽ 195 ബീ. സി. യിൽ ഹാനിബാളിനെ വിട്ടുകൊടുക്കാൻ റോം സ്പെയിനിനെ നിൎബന്ധിക്കയാൽ, അദ്ദേഹം നാടുവിട്ടു് റോമിൻെറ ശത്രുവായ സിറിയൻ രാജാവിൻെറ അടുക്കൽ അഭയം പ്രാപിച്ചു. അവിടെവച്ചു് അദ്ദേഹം ഒരു നാവികസൈന്യത്തിൻെറ ആധിപത്യം വഹിച്ചു് റോഡിയന്മാരോടു യുദ്ധം നടത്തുകയും അതിൽ പരാജിതനാവുകയും ചെയ്തു. അധികം താമസിക്കാതെ സിറിയൻ രാജാവായ അന്തിയോക്കസ് റോമിനു കീഴടങ്ങുകയാൽ, അദ്ദേഹം ബിത്തിനയൻ രാജാവിൻെറ അടുക്കൽ അഭയം തേടി. അവിടെയും റോമൻകാർ അദ്ദേഹത്തെ പിന്തുടൎന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ 183 ബീ. സി. യിൽ വിഷം സേവിച്ചു മരിച്ചു.

ഇങ്ങനെ അന്ത്യദശയിൽ വളരെ കഷ്ടപ്പെട്ടുവെന്നിരുന്നാലും യുദ്ധതന്ത്രത്തിൽ വിദഗ്ദ്ധരായ വീരന്മാരുടെ കൂട്ടത്തിൽ പ്രമുഖനായി അദ്ദേഹത്തെ ലോകം ഇന്നും സ്മരിക്കുന്നു.

## ക്യാപ്റ്റൻ കുക്കു്

(1728—79)

ഇംഗ്ലണ്ടിൽ യാൎക്ക്ഷയർ എന്നൊരു പ്രദേശമുണ്ടു്. അവിടെ മാട്ടൺ എന്ന സ്ഥലത്തു് ഒരു കൃഷകത്തൊഴിലാ

ളിയുടെ പുത്രനായി ജെയിംസ് കുക്ക് ജനിച്ചു. ആദ്യം കുറെക്കാലം നാത്ത്സീ, ബാൾട്ടിക്ദേശങ്ങൾ മുതലായവയുമായി വ്യാപാരം നടത്തുന്ന കപ്പലിൽ ജോലി നോക്കീട്ട്, കുക്ക് 27–ാം വയസ്സിൽ നാവികസൈന്യത്തിൽ ചേൎന്നു. എട്ടുകൊല്ലത്തോളം സെൻറ് ലാറൻസും, ന്യൂഫൌണ്ട്ലൻഡ് തീരങ്ങളും സൎവ്വേചെയ്യുന്ന ജോലിയിൽ അദ്ദേഹം ഏൎപ്പെട്ടു. 1768–ൽ റായൽ സൊസൈററിയുടെ ഉപദേശപ്രകാരം നാവികവകുപ്പുകാർ കുക്കിനെ ശുക്രസംക്രമം വീക്ഷിക്കുവാൻ ശാന്തസമുദ്രത്തിലേയ്ക്കു നിയോഗിച്ചു. അദ്ദേഹം ന്യൂസിലണ്ടിനെ ചുററി കപ്പലോടിച്ചു് തീരത്തിൻെറ ഒരു ചാർട്ടു് വരച്ചിട്ടു്, ന്യൂഗിനിയേയും ന്യൂസിലണ്ടിനേയും വേർതിരിക്കുന്ന കടലിടുക്കിൽകൂടെ കപ്പലോടിച്ചു ഇവ രണ്ടും പ്രത്യേകം ദ്വീപുകളാണെന്നു് കുക്ക ഇങ്ങനെ കണ്ടുപിടിച്ചശേഷം, ബത്തേവിയായിൽനിന്നു കപ്പലേറി ഗുഡ്ഹോപ്പു മുനമ്പിലേക്കും, അവിടെനിന്നു് ഇംഗ്ലണ്ടിലേയ്ക്കും കപ്പലോടിച്ചു.

ദക്ഷിണഭൂഖണ്ഡം എന്നൊന്നു് ഉള്ളതായി യൂറോപ്പിൽ ഒരു പ്രസ്താവം മാത്രമേ അന്നുണ്ടായിരുന്നുള്ളു. ആ ഭൂഖണ്ഡത്തിൻെറ വ്യാപ്തി എത്രയെന്നു് കണ്ടുപിടിക്കുന്നതിനുവേണ്ടി, കുക്ക് 1772–ൽ വീണ്ടും നിയോഗിക്കപ്പെട്ടു അ യാത്രക്കിടയിൽ അദ്ദേഹം ശാന്തസമുദ്രത്തിലെ പല ദ്വീപുകളും ചുററി കപ്പലോടിക്കയും ദക്ഷിണഭൂഖണ്ഡത്തിനെപ്പററി വിപുലമായ ജ്ഞാനം നല്കുന്ന ചാർട്ടുകൾ ഒരുക്കിയിട്ടു്, നാട്ടിലേയ്ക്കു മടങ്ങുകയും ചെയ്തു. കിഴക്കൻ വഴിയേ നടത്തിയ ആദ്യത്തെ ഭൂപ്രദിക്ഷണമായിരുന്നു ഇതു്.

നാവികവകുപ്പു് താമസിയാതെ കുക്കിനു ക്യാപ്ററനായി ഉദ്യോഗക്കയററം നല്കി. പിന്നീടു് അല്പകാലം അദ്ദേഹം ഗ്രീനിച്ചു് ആശുപത്രിയിൽ ഒരു ഉദ്യോഗം

വഹിച്ചു; എന്നാൽ 1776-ൽ വടക്കേ അമേരിക്കയുടെ വടക്കേ തീരത്തെ ചുററി ശാന്തസമുദ്രത്തിലേക്ക് ഒരു മാൎഗ്ഗം കണ്ടുപിടിക്കാനായി, അദ്ദേഹം വീണ്ടും നിയോഗിക്കപ്പെട്ടു. ആ യാത്രയിലാണ് സാൻഡ്‌വിച്ച് ദ്വീപസമൂഹം കണ്ടുപിടിക്കപ്പെട്ടതു്. അവിടെനിന്നു് അമേരിക്കയുടെ പടിഞ്ഞാറേ തീരത്തേയ്ക്കു കടന്നു് ഐസിക്കേപ്പ് എന്ന മുനമ്പുവരെ കപ്പലോടിക്കവേ, മഞ്ഞുകട്ട നിമിത്തം പുരോഗതി തടയപ്പെട്ടു. അതിനാൽ അദ്ദേഹം സാൻഡ്‌വിച്ചു ദ്വീപുകളിലേയ്ക്കു മടങ്ങി. ആ ദ്വീപുകളുടെ സൎവ്വേ നടത്താനായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. ഹാവായിൽവച്ചു് ആ് നാട്ടുകാരുമായുണ്ടായ എന്തോ കലഹഫലമായി, 1779 ഫെബ്രുവരി 14-ാം തീയതി അദ്ദേഹം അവരാൽ ഹനിക്കപ്പെട്ടു.

കുക്കിൻെറ സഞ്ചാരകഥകൾ വായിക്കാൻ വളരെ രസമുള്ളവയാണു്.

## നെപ്പോളിയൻ

### 1760—1821

കോൎസിക്കയിൽ അജാക്സിയോ എന്ന സ്ഥലത്തു് ഒരു ഫ്രഞ്ചുപ്രജയായി ജനിച്ച നെപ്പോളിയൻ ബോണപ്പാർട്ടു് യൂറോപ്പിനെ മുഴുവനും വിറപ്പിച്ചുകൊണ്ടിരുന്ന ഒരു ചക്രവൎത്തിയായിത്തീൎന്ന കഥയാണു് നാം ഇനി പഠിക്കാൻ പോകുന്നതു്. പത്താം വയസ്സുമുതല്ക്കു് പതിനഞ്ചു വയസ്സുവരെ നെപ്പോളിയൻ ബ്രീയനിലുള്ള ഒരു സൈനികവിദ്യാലയത്തിൽ പഠിച്ചു. അതിനുശേഷം പാരീസിലെ സൈനികവിദ്യാലയത്തിൽ ചേൎന്നു് ഒരു കൊല്ലം പഠിച്ചപ്പോൾ അദ്ദേഹത്തിനു് പീരങ്കിപ്പടയിൽ ഒരു കമിഷൻ ലഭിച്ചു.

കോൎസിക്ക അക്കാലത്തു് ഫ്രഞ്ചുഭരണത്തിലായിരുന്നു. നാട്ടുകാർ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം തുടങ്ങി. നെപ്പോളിയൻ ഫ്രഞ്ചുകാരോടുചേൎന്നു പടവെട്ടി, ഒടുവിൽ പാരീസ്സിലേക്കു ഓടിപ്പോകേണ്ടതായിവന്നു. ഫ്രാൻസിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ, നെപ്പോളിയൻ വിപ്ലവകാരികളോടു ചേൎന്നു. ടൂലോൺ ഉപരോധകാലത്തു് അദ്ദേഹം അസാധാരണമായ സാമൎത്ഥ്യം പ്രകാശിപ്പിച്ചു. 1782-ൽ പാരീസ്സ് വിപ്ലവകാരികളുടെ അധീനത്തിലായി. ആ യുദ്ധത്തിലും നെപ്പോളിയൻ പങ്കുകൊണ്ടിരുന്നു. ആ കൊല്ലത്തിൽ തന്നെ റോബസ്പീറി നെപ്പോളിയനെ ഇററലിയിലെ സൈന്യത്തിലേക്കു നിയോഗിച്ചു. അവിടെവച്ചു് അദ്ദേഹം പ്രദൎശിപ്പിച്ച ആയോധനചാതുരി റോബസ്പീറിയുടെ പ്രശംസയ്ക്കു പാത്രമായി.

റോബസ്പീറിയുടെ പക്ഷപാതി എന്നു് ഗവണ്മെൻറിനുണ്ടായിരുന്ന ശങ്ക പ്രബലപ്പെട്ടുകയാൽ നെപ്പോളിയൻ ബന്ധനസ്ഥനാക്കപ്പെട്ടു; എന്നാൽ അചിരേണ വിമുക്തനായി. പിന്നീട്ടു് അദ്ദേഹത്തിനു് വാർ ആഫീസിൽ ഒരു ഉദ്യോഗം നല്കപ്പെട്ടു. 1795 ൽ പാരിസ്സിലുണ്ടായ ലഹളശമിപ്പിക്കാനായി അദ്ദേഹം നിയുക്തനായി. അതിനുശേഷം 1796 മാൎച്ചുമാസത്തിൽ ഇററാലിയൻ സേനയുടെ ആധിപത്യം നല്കപ്പെട്ടു. അദ്ദേഹം ആദ്യമായി ആസ്ത്രിയായേയും, പിന്നീടു് സാർഡീനിയേയും ആക്രമിച്ചു. സാർഡീനിയാ സന്ധിക്കു് അപേക്ഷിക്കയാൽ, നെപ്പോളിയൻ വീണ്ടും ആസ്ത്രിയന്മാരുടെനേക്കു തിരിഞ്ഞു. ലോഡി എന്ന സ്ഥലത്തുവച്ചുണ്ടായ യുദ്ധത്തിൽ അവരെ നിശ്ശേഷം തോല്പിച്ചിട്ടു് അദ്ദേഹം മിലാനിൽ പ്രവേശിച്ചു. പല യുദ്ധങ്ങളുടെ ഫലമായി ആസ്ത്രിയായും സമാധാനത്തിനു് അപേക്ഷിച്ചു.

N·B· അനന്തരം നെപ്പോളിയൻ ലോംബാർഡിയെ ഒരു റിപബ്ളിക്കായി പ്രഖ്യാപിക്കയും ടോളൻറീനോ ഉടമ്പടിക്കു മാർപാപ്പയെ ശക്തിപ്രയോഗിച്ചു പ്രേരിപ്പിക്കയും ചെയ്തു.

അനന്തരം അദ്ദേഹം പാരീസ്സിലേക്കു മടങ്ങിയിട്ട് ഈജിപ്റ്റ് ആക്രമിക്കാനുള്ള അനുവാദം വാങ്ങി. അവിടെ താവളമുറപ്പിച്ചുകൊണ്ട്, ഇൻഡ്യ ആക്രമിക്കണമെന്നായിരുന്നു നെപ്പോളിയൻെറ ഉദ്ദേശം. വഴിക്ക് മാൾട്ടാ കൈവശപ്പെടുത്തീട്ട്, 1798 ൽ അദ്ദേഹം ഈജിപ്റ്റിൽ ഇറങ്ങി. അലക്സാണ്ഡ്റിയാ പിടച്ചെടുക്കയും മാമലൂക്കുകളെ തോല്പിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിൻെറ നാവികപ്പടയെ നെൽസൺ തോല്പിക്കയാൽ, ആ ഉദ്ദേശം ഫലിക്കാതെവന്നു. 1799–ൽ അദ്ദേഹം സിറിയാ ആക്രമിച്ചു. എന്നാൽ സർ സിഡ്നിസ്മിത്തിൻെറ സാമർത്ഥ്യത്താൽ ഏക്കർ പിടിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ പരാജയങ്ങൾ ലോകത്തിൻെറ ഭാഗധേയത്തിനെ പാടേ മാററിക്കളഞ്ഞു.

നെപ്പോളിയൻ പിന്നീട് അബൂക്കർ എന്ന സ്ഥലത്തുവച്ചു തുർക്കികളെ തോല്പിച്ചു. എന്നാൽ ഫ്രാൻസിൽ നിന്ന് ഉണ്ടായ രാഷ്ട്രീയ മാററങ്ങൾ അദ്ദേഹത്തിനെ അങ്ങോട്ടേയ്ക്കു നയിച്ചു. ഫ്രാൻസിലെ ഡയറക്ടറി നിർജ്ജീവമായി കഴിഞ്ഞിരുന്നു. നാട്ടിൻെറ ദുർഗ്ഗതി തടയുന്നതിനു ഒരു കർമ്മകുശലൻെറ ആവശ്യം നേരിട്ടു. നെപ്പോളിയൻ ഒന്നാം കോൺസൽ എന്ന നിലയിൽ ഭരണത്തലവനായി നിയമിക്കപ്പെടുകയും ചെയ്തു.

ആദ്യമായി ഫ്രാൻസിനു മിക്കവാറും നഷ്ടപ്പെട്ടുകഴിഞ്ഞിരുന്ന ഇററലി സ്വാധീനപ്പെടുത്താൻ അദ്ദേഹം നോക്കി. അതു സാധിച്ചുകഴിഞ്ഞപ്പോൾ, ഇംഗ്ലണ്ടി

നെ ഒററപ്പെട്ടുത്താനുള്ള ശ്രമം തുടങ്ങി. അതിലേക്ക് റഷ്യ, പ്രഷ്യാ, സ്വീഡൻ, ഡന്മാക്ക് എന്നീ രാജ്യങ്ങൾ തമ്മിൽ ഒരു ഐക്യം ഇംഗ്ലണ്ടിനെതിരായി ഉണ്ടാക്കാമെന്നു് അദ്ദേഹം പ്രത്യാശിച്ചു. പക്ഷെ ഇംഗ്ലണ്ടു് സൈഥര്യ



നെപ്പോളിയൻ ബോണപ്പാർട്ടു്

പൂർവ്വം പ്രവർത്തിക്കയാൽ, ഡാനിഷ് കപ്പൽപ്പട നിശ്ശേഷം നശിപ്പിക്കപ്പെട്ടു. റഷ്യൻ ചക്രവർത്തിയായ പാളിൻെറ വധം ഫ്രാൻസും റഷ്യയും തമ്മിലുള്ള സഖ്യത്തിനു് അറു

തിവരുത്തുകയും ചെയ്തു. തന്നിമിത്തം ഫ്രാൻസിനു് ഇംഗ്ലണ്ടിനോടു് സമാധാനപ്പെടാതെ തരമില്ലെന്നുവന്നു. അങ്ങനെ 180?-ൽ അമിയൻസ് ഉടമ്പടിയിൽ ഇരുകൂട്ടരും ഒപ്പുവച്ചു.

പിന്നീടു് നെപ്പോളിയൻ ആഭ്യന്തരകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു. ഫ്രഞ്ചു സ്ഥാപനങ്ങളെല്ലാം കാലോചിതമാംവണ്ണം പുതുക്കപ്പെട്ടു. സർവ്വകലാശാല സ്ഥാപിക്ക, നീതിന്യായപദ്ധതി പരിഷ്കരിക്കുക, ഫ്രഞ്ചു നിയമങ്ങൾ സംഗ്രഹിക്കുക, പ്രാദേശികഭരണം വ്യവസ്ഥാപിക്കുക, ബാങ്ക് ആഫ് ഫ്റാൻസ് എന്നൊന്നു് ഏർപ്പെടുത്തുക—ഇത്യാദി നാട്ടിനു് ഗുണകരങ്ങളായ പലതും അദ്ദേഹത്തിനു ചെയ്യാൻ കഴിഞ്ഞു. ഈ പരിഷ്കാരങ്ങളിൽനിന്നു് നെപ്പോളിയൻ ഒരു നല്ല യോദ്ധാവു മാത്രമായിരുന്നില്ലെന്നും നല്ല ഭരണകുശലൻകൂടി ആയിരുന്നു എന്നും തെളിയുന്നു

ഫ്രാൻസിൻെറ പുരോഗതിക്കു് ഏക തടസ്സം ഇംഗ്ലണ്ടാണെന്നു നെപ്പോളിയൻ നേരത്തെ ധരിച്ചിരുന്നു. ബൂർബൊൺ ഭരണകാലത്തു ഫ്രാൻസിനു പററിയ കെടുതികളെ എല്ലാം പരിഹരിക്കണമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. ഇംഗ്ലണ്ടുമായുള്ള മത്സരമാണു് യുദ്ധാഗ്നി വീണ്ടും ഉജ്ജ്വലിപ്പിക്കുന്നതിനും ലണ്ടനിലേക്കു ചവിട്ടുപടികളായി യൂറോപ്പിൻെറ തലസ്ഥാനങ്ങൾ പലതിലും പ്രവേശിക്കുന്നതിനും നെപ്പോളിയനെ പ്രേരിപ്പിച്ചതു്. അദ്ദേഹം മാൾട്ട ആക്രമിച്ചതും, പീഡ്മണ്ടു്, പാർമാ മുതലായ ദേശങ്ങളെ ഫ്റാൻസിനോടു് ചേർത്തതും, സ്വിററ്സർലണ്ടിനെ പുനരുത്ഥാപനം ചെയ്തതും, ഹാനോവറിൻെറ സ്വാതന്ത്ര്യഭഞ്ജനത്തിനു മുതിർന്നതും കണ്ടുകൊണ്ടു മിണ്ടാതിരിക്കാൻ ഇംഗ്ലണ്ടിനു് കഴിയാതെവന്നു.

1800-ൽ നെപ്പോളിയനെ വധിക്കുന്നതിനുള്ള ഒരു ഗൂഢയത്നം നടന്നു. എന്നാൽ ഉപജാപകന്മാരെയെല്ലാം

നെപ്പോളിയൻ നാടുകടത്തിക്കളഞ്ഞു എന്നു മാത്രമല്ല ബൂർബൺ വംശക്കാരായ പ്രഭുക്കന്മാരെ എല്ലാം ബന്ധിച്ചു് വധശിക്ഷ നൽകുകയുംചെയ്തു. അനന്തരം 1804 മേ മാസം 14-ാംതീയതി, അദ്ദേഹം നെപ്പോളിയൻ ഒന്നാമൻ എന്ന പേരിൽ ഫ്രാൻസിലെ ചക്രവത്തിയായി സ്വയം പ്രഖ്യാപിച്ചു. പിന്നീട്ട് ഇംഗ്ലണ്ടിനെ ആക്രമിക്കാനായി ഒരു വലിയ കപ്പൽപ്പടയും സൈന്യവും സജ്ജീകരിക്കപ്പെട്ടു. എന്നാൽ ട്രഫാൽഗർ എന്ന സ്ഥലത്തുവച്ചുണ്ടായ കപ്പൽയുദ്ധത്തിൽ നെൽസൺ നെപ്പോളിയൻെറ ആ മനോരഥത്തെ നിശ്ശേഷം തകർത്തുകളഞ്ഞു.

അനന്തരം റിപ്പബ്ളിക്കായിരുന്ന ഇററലിയുടെ രാജാവെന്ന പദവികൂടി അദ്ദേഹം സ്വയം ഏല്ക്കുകയും ലിഗ്രറിയൻ റിപ്പബ്ളിക്കിനെ പിടിച്ചെടുക്കയും ചെയ്തിട്ടു്, ആസ്ത്രിയയിലേക്കു തിരിഞ്ഞു. ആസ്ത്രിയയെ മുട്ടുകുത്തിച്ചശേഷം, വിയന്നായിലൂടെ നേരേ കിഴക്കോട്ടു തിരിച്ചു്, ആസ്റ്റർലിററ്സ് എന്ന സ്ഥലത്തുവച്ചു് ആസ്ത്രിയന്മാരുടേയും റഷ്യന്മാരുടേയും ഒരു സങ്കലിതസേനയെ തോല്പിച്ചു. ഒടുവിൽ നാട്ടിൻെറ ആറിലൊരുഭാഗം നെപ്പോളിയനു് വിട്ടുകൊടുത്തുകൊണ്ടു് ആസ്ത്രിയ അദ്ദേഹവുമായി ഒരു സമാധാന ഉടമ്പടി ഉണ്ടാക്കി ബേഡൻ, ബവേറിയാ, വർട്ടൻബർഗ്ഗ് മുതലായ ദേശങ്ങളെല്ലാം നെപ്പോളിയൻെറ രക്ഷാധികാരത്തിൽ ഒരു പരസ്പര സഖ്യക്കരാറു് ചെയ്തു.

ബവേറിയയിൽനിന്നു നെപ്പോളിയൻ പ്രഷ്യയിലേക്കു കടന്നു. രണ്ടു മഹായുദ്ധങ്ങളിൽ പ്രഷ്യൻ സൈന്യം തോല്പിക്കപ്പെട്ടു. ബർലിൻ നഗരത്തിൽവച്ചു് അദ്ദേഹം ബർലിൻ ഡിക്രി എന്ന പ്രസിദ്ധമായ തീർച്ച പ്രഖ്യാപനം ചെയ്തു. ഇംഗ്ലണ്ടിലെ കച്ചവടച്ചരക്കുകളെ

യൂറോപ്പിൽ കടത്താതെ, അ രാജ്യത്തെ ശ്വാസം മുട്ടിക്കാനായിരുന്നു നെപ്പോളിയൻെറ യത്നം. അതു മിക്കവാറും ഫലിക്കുമെന്ന നില വന്നു. നെപ്പോളിയൻ പിന്നീടു് റഷ്യയിലേക്കു തള്ളിക്കയറി, അവിടെയും ചില വിജയങ്ങൾ നേടിയിട്ടു് റഷ്യയുമായി ഒരു സഖ്യക്കരാറു ചെയ്തു.

പ്രഷ്യ രണ്ടായി വിഭജിച്ചു് ഒരു ഭാഗത്തിൻെറ അധിപതിയായി നെപ്പോളിയൻ തൻെറ സഹോദരനായ ജറോമിനെ വാഴിച്ചു.

അനന്തരം നെപ്പോളിയൻ സ്പെയിൻ പിടിച്ചടക്കി തൻെറ മറെറാരു സഹോദരനായ ജോസഫിനെ അവിടത്തെ രാജാവാക്കി ഇതു അവിടത്തെ ജനങ്ങളെ വല്ലാതെ ക്ഷോഭിപ്പിച്ചു. ഇംഗ്ലണ്ടു് അവരുടെ സഹായാർത്ഥം ജനറൽ വെല്ലിംഗ്ടനെ അങ്ങോട്ടു നിയോഗിച്ചു. ആ യുദ്ധം നെപ്പോളിയൻെറ നാശഹേതുവായിത്തീരുകയും ചെയ്തു. അവിടെ അദ്ദേഹത്തിനു നേരിട്ട പരാജയങ്ങൾ നിമിത്തം ധൈര്യംപൂണ്ട അസ്ത്രിയാ ബുദ്ധിഹീനമായി ഫ്റാൻസുമായി യുദ്ധപ്രഖ്യാപനം ചെയ്തതിനാൽ, അദ്ദേഹം അസ്ത്രീയന്മാരെ പല യുദ്ധങ്ങളിൽ തുടരെ തോല്പിച്ചോടിച്ചു. അതിനാൽ അസ്ത്രിയാ വീണ്ടും സമാധാനത്തിനു് അപേക്ഷിക്കാൻ നിർബന്ധിതമായി.

ഈ അവസരത്തിൽ നെപ്പോളിയൻ തൻെറ പത്നിയായ ജോസഫൈനെ വിവാഹബന്ധത്തിൽനിന്നു വിടുത്തിയിട്ടു് അസ്ത്രിയായിലെ മേരിലൂയിസ എന്ന രാജ്ഞിയെ വിവാഹംചെയ്തു. ഇതു റഷ്യയുമായുള്ള സഖ്യത്തിനു ഭംഗം വരുത്തി. 1812-ൽ നെപ്പോളിയൻ റഷ്യ ആക്രമിച്ചു; പക്ഷേ അദ്ദേഹം മാസ്കോ പിടിച്ചെങ്കിലും അവിടെനിന്നുള്ള മടക്കത്തിൽ വിപുലമായ ഫ്രഞ്ചു സൈന്യം മുഴുവനും നശിച്ചുപോയി.

ഈ നല്ല അവസരംനോക്കി പ്രഷ്യന്മാർ യുദ്ധത്തിനൊരുങ്ങി; ജനങ്ങളെല്ലാം നെപ്പോളിയനു് എതിരായി അണിനിരന്നു. എന്നിട്ടും ശേഷിച്ച അല്പസൈന്യങ്ങളെക്കൊണ്ടു് അദ്ദേഹം പോരാടി; രണ്ടുമഹായുദ്ധങ്ങളിൽ പ്രഷ്യയെ തോല്പിച്ചു. അപ്പോഴേക്കും ആസ്ത്രീയായും പ്രഷ്യയോടു ചേൎന്നു. റഷ്യൻ യുദ്ധഫലമായി നെപ്പോളിയൻെറ സൈന്യത്തിനു് വലിയ ഹാനി സംഭവിച്ചിരുന്നു എന്നു മുൻപു പറഞ്ഞല്ലോ. മററൊരു സൈന്യവിഭാഗം ഉണ്ടായിരുന്നതു് സ്പെയിനിലും ആയിരുന്നു. അതിനാൽ ചില തോൽവികൾ അദ്ദേഹത്തിനുണ്ടായി എന്നു മാത്രമല്ല, 1814 ൽ ലൂയി പതിനെട്ടാമനുവേണ്ടി സിംഹാസനം ഉപേക്ഷിക്കുന്നതിനും എൽബായിൽ ബന്ധനസ്ഥനായി പാൎക്കുന്നതിനും അദ്ദേഹം നിർബന്ധിതനായി.

ഫ്രഞ്ചുകാരെല്ലാം പിന്തുണയായി നില്ക്കയാൽ, അദ്ദേഹം കാരാഗ്രഹത്തിൽനിന്നു രക്ഷപ്പെട്ടു. പ്രഷ്യ, ആസ്ത്രീയാ, ഇംഗ്ലണ്ടു് എന്നീ മൂന്നു രാജ്യങ്ങളിലെയും സൈന്യങ്ങൾ എതിരായി വൎത്തിച്ചിട്ടും അദ്ദേഹം യുദ്ധം തുടൎന്നുകൊണ്ടുപോയി. ഒടുവിൽ വാട്ടർലൂ യുദ്ധത്തിൽ അദ്ദേഹം വെല്ലിങ്ങ്ടണു കീഴടങ്ങി. ബ്രിട്ടീഷുകാർ അദ്ദേഹത്തിനെ സെൻറുഹെലീന എന്ന ദ്വീപിൽ പാൎപ്പിച്ചു. അവിടെവച്ചു് അദ്ദേഹം 1921 ൽ മരിച്ചു. പത്തൊൻപതു കൊല്ലങ്ങൾക്കുശേഷം നെപ്പോളിയൻെറ മൃതശരീരം ഫ്രാൻസിലേക്കു കൊണ്ടുവന്നു് ഫ്രഞ്ചുകാർ ആഘോഷപൂൎവ്വം സംസ്കരിക്കയും ഉണ്ടായി.

പാരമ്പൎയ്യത്താൽ ബാധിതനാവാതെ, ധാൎമ്മികമോ മതപരമോ ആയ പ്രേരണകൾക്കൊന്നിനും വശപ്പെടാതെ, കേവലം ബുദ്ധിശക്തിയേയും യുക്തിയേയും അവലംബിച്ചു് അദ്ദേഹം ലോകയാത്ര ചെയ്തു. എന്നാൽ

Napoleon declines

അദ്ദേഹം കേവലം യുക്തിവാദി മാത്രമായിരുന്നില്ല; വലിയ ആദർശവാദികൂടി ആയിരുന്നു. പക്ഷെ ആദർശത്തെക്കാൾ കൂടുതലായി യുക്തിയെ ആശ്രയിച്ചതാണു് അദ്ദേഹത്തിൻെറ പരാജയഹേതു. ഇംഗ്ലണ്ടിനെ മുട്ടുകുത്തിച്ച്, കഴിഞ്ഞ ശതാബ്ദത്തിൽ ബ്രിട്ടീഷുകാരിൽ നിന്നുണ്ടായ പരാജയങ്ങൾക്കു പരിഹാരം നേടുക എന്നതായിരുന്നു അദ്ദേഹത്തിൻെറ സ്വപ്നം. അതിനുവേണ്ടി യൂറോപ്പു മുഴുവനും തൻെറ കൊടിക്കു കീഴിൽ വരുത്താൻ അദ്ദേഹം ശ്രമിച്ചു. ആ ഉദ്യമം മഹനീയമായിരുന്നു, റഷ്യയുള്ളിൽ കടക്കാതെയും സ്പെയിനിനെ ഫ്രാൻസിനോടു ചേർക്കാൻ ശ്രമിക്കാതെയും ഇരുന്നെങ്കിൽ ആ ഉദ്ദേശം ഏറെക്കുറെ സഫലമാവുകയും ചെയ്യുമായിരുന്നു. പക്ഷെ ഇവ രണ്ടും സാധിക്കാതെ ഇരുന്നാൽ ഇംഗ്ലണ്ടിനെ മുട്ടുകുത്തിക്കുക എന്ന തൻെറ കർത്തവ്യം സാധിക്കാതെപോകുമെന്നു് അദ്ദേഹം വിചാരിച്ചു. അതു് അദ്ദേഹത്തിനെ പരാജയത്തിലേക്കു നയിക്കയും ചെയ്തു.

ഇങ്ങനെ നെപ്പോളിയൻ പരാജിതനായെങ്കിലും ലോകത്തിൽ ഇതിനേക്കാൾ മഹത്തരമായ ഒരു പരാജയം ഉണ്ടായിട്ടില്ല.

## ഫ്ളോറൻസ് നൈററിംഗേയിൽ

### 1820—1910

യുദ്ധകാലങ്ങളിൽ സൈനികന്മാർ അനുഭവിച്ചുപോന്ന ദുരിതങ്ങൾ ചില്ലറയൊന്നുമായിരുന്നില്ല. മുറിവേററവരായും അല്പപ്രാണരായും യുദ്ധക്കളങ്ങളിൽ വീണുപോകുന്നവരെ ശുശ്രൂഷിക്കുന്നതിനുള്ള ഏർപ്പാടുകൾ കേവലം തുച്ഛമായിരുന്നു. അതിലെല്ലാം മഹത്തായ പരിവർത്തനം വരുത്തിയ മഹതിയായിരുന്നു നൈററിംഗേ

യിൽ. അവരെ ഇന്നും ലോകം സ്നേഹപൂർവ്വം സ്മരിച്ചു പോന്നു.

ആ മഹതി ഫ്ളോറൻസ് നഗരത്തിൽ 1820-ാം മാണ്ടു് ജനിച്ചു. ജർമ്മനിയിൽ കൈസർവത്തിലെ പ്രോ



ഫ്ളോറൻസ് നൈററിംഗേൽ

ട്ടസ്റ്റൻറു ഡീക്കണെസ്സ് ഇൻസ്റ്റീററ്യൂട്ടിൽ പരിശീലനം പൂർത്തിയാക്കീട്ടു് അവർ പാരീസ്സിൽചെന്നു് ഫ്രഞ്ചുകാരുടെ

ആതുരശുശ്രൂഷാരീതികൾ മനസ്സിലാക്കി. അനന്തരം ഇംഗ്ലണ്ടിലേക്കു മടങ്ങി, ഗവൺമെന്റുകൾക്കായുള്ള സാന റേററാറിയത്തിൻെറ ഭരണരീതികൾ പരിഷ്കരിച്ചു, ക്രിമിയൻ യുദ്ധത്തിൽ ഏപ്പെട്ടിരിക്കുന്ന ഭടന്മാരുടെ ഹൃദയം വെന്തുരുകി. അവർ 1854–ൽ സ്കൂട്ടാരി എന്ന ദിക്കിലേക്കു കപ്പൽ കയറി. രണ്ടുകൊല്ലം–അതായതു് ബ്രിട്ടീഷ് ഭടന്മാർ അവിടം വിട്ടുംവരെ—അവർ രാപകൽ അവക്കു വേണ്ടി നിസ്വാത്ഥമായി പണിയെടുത്തു. ഒരു കൈവിളക്കും കത്തിച്ചു് അവർ രാത്രിതോറും മുറിവേററ ഭടന്മാർ കിടക്കുന്ന വാർഡുകളിൽ ചുററിത്തിരിഞ്ഞു്, അവരെ സമാശ്വസിപ്പിച്ചുപോന്നു. ഓരോ ഭടനും കൃതജ്ഞതാപൂർവ്വം അവരുടെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. മുറിവുകൾ കെട്ടുക, ഔഷധങ്ങൾ കൊടുക്കുക, മധുരമായ സാന്ത്വനവാക്കുകൾ പറയുക എന്നിങ്ങനെയുള്ള സേവനപരിപാടിയായിരുന്നു അവക്കുണ്ടായിരുന്നതു്. ശത്രുമിത്രോദാസീന ഭേദമില്ലാതെ എല്ലാവരേയും അവർ ശുശ്രൂഷിച്ചുവന്നു. 'കൈവിളക്കോടുകൂടിയ മഹതി' എന്നാണു് ഭടന്മാർ അവരെ വിളിച്ചുവന്നതു്.

ബ്രിട്ടീഷ് ജനത അവരുടെ മഹനീയ സേവനത്തിനു പ്രതിഫലമായി 50000 പവൻ സമ്മാനം നല്കി. ആ തുകകൊണ്ടു് അവർ ഒരു 'നഴ്സിങ്ഹോം' സ്ഥാപിച്ചു. ആ സ്ഥാപനം ഇന്നും അവരുടെ പേരിൽ വിളങ്ങുന്നു.

1858–ൽ രോഗപരിചര്യയെപ്പററിയുള്ള കുറിപ്പുകൾ അവർ പ്രസിദ്ധപ്പെടുത്തി. ക്രിമിയായിലെ സൈനിക മെഡിക്കൽ കോറിൻെറ പ്രവത്തനങ്ങളെപ്പററി ഒരു റിപ്പോർട്ടും അവർ തയ്യാറാക്കി. 1907 ൽ 'Order of merit'–ം 1908–ൽ ലണ്ടൻ നഗരിയിലെ 'ഫ്രീഡം അഫ് ദി സിററി'എന്ന ബിരുദവും അവക്കു നല്കപ്പെട്ടു.

# ടാൾസ്റ്റായി

## (1828–1910)

കൌണ്ട് ല്യോവ് നികോളോവിച്ച് ടാൾസ്റ്റായി 1828–ൽ റഷ്യയിലെ ഒരു ഉന്നത കുടുംബത്തിൽ ജനിച്ചു. 1851–ൽ കാക്കസ്സസ്സിലെ റഷ്യൻസേനയിൽ ഒരു വാളൻറീയറായി പ്രവേശിച്ചു. അക്കാലത്താണ് അദ്ദേഹം 'ശൈശവവും കൌമാരവും' എന്ന ഗ്രന്ഥം രചിച്ചതും കോസ്സാക്ക് എന്ന നോവലിൻെറ പ്ലാനിട്ടതും. ക്രിമിയൻ യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന കാലത്തും യുദ്ധത്തിൻെറ സ്ഥൂലരൂപം നൽകുന്ന സെബാസ്റ്റോപോൾ എന്ന വിശിഷ്ട നോവൽ രചിക്കാൻ അദ്ദേഹത്തിനു സമയം ലഭിച്ചു. സെബാസ്റ്റോപോൾ നഗരിയുടെ പതനത്തെപ്പററി അറിവിക്കാനായി അദ്ദേഹം സെൻറ് പീറേറഴ്സ് ബർഗ്ഗിലേക്ക് അയക്കപ്പെട്ടു. ഈ അവസരത്തിലാണ് അദ്ദേഹത്തിനു തുർഗ്ഗനേവ് എന്ന പ്രസിദ്ധ ഗ്രന്ഥകാരനെ പരിചയപ്പെടാൻ ഇടയായതു്.

1857–ൽ ടോൾസ്റ്റായി കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു. യുദ്ധവും സമാധാനവും എന്ന വിശ്വവിഖ്യാതമായ നോവലിൽ 1805 മുതല്ക്ക് 1815 വരെയുള്ള റഷ്യൻ സാമൂഹ്യജീവിതത്തിൻെറ ഒരു യഥാർത്ഥചിത്രം അദ്ദേഹം വരച്ചു കാണിച്ചു. അ കൃതി അല്പകാലത്തിനുള്ളിൽ ലോകപ്രസിദ്ധമായിത്തീരുകയും വിശ്വസാഹിത്യകാരന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന് അത്യുന്നതമായ സ്ഥാനം നല്കുകയും ചെയ്തു.

1871–ൽ അന്നാകരീന എന്ന നോവൽ എഴുതിത്തുടങ്ങി. അതും റഷ്യൻ സമുദായ ജീവിതത്തെ ചിത്രീ

കരിക്കുന്ന ഒരു ഉത്തമ നോവലാണ്. അതിൽ ഗ്രന്ഥകാരന്റെ മനോഭാവങ്ങളും ആദർശവും സ്ഫുടമായിനമുക്കു കാണാൻ കഴിയും. 1880–ൽ 'എന്റെ കുമ്പസാരം' എന്ന ഗ്രന്ഥം വെളിക്കു വന്നപ്പോൾ അദ്ദേഹം ക്രൈസ്തവസഭയുടെ ശത്രുതയ്ക്കു പാത്രമായി. ചർച്ചിനോട് അദ്ദേഹത്തിനു സമത്വവാദിയായ വിഗ്രഹഭഞ്ജകന്റെ നിലയാ



ടാൾസ്റ്റായി

ണുണ്ടായിരുന്നതു്. അതിനാൽ അദ്ദേഹത്തിനെ ചർച്ച് സഭാഭ്രഷ്ടനാക്കി. 1885–ൽ 'എന്റെ മതം' എന്ന ഗ്രന്ഥവും നാലുകൊല്ലങ്ങൾക്കുശേഷം ക്രൂട്സർ, സോണാററി എന്ന പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തി. അവയിൽ രണ്ടാമത്തെ കൃതി സാമുദായികസ്ഥിതികളുടെ മലിനമായ വശങ്ങളെ പ്രകാശിപ്പിക്കുന്നു.

189:–ൽ അദ്ദേഹത്തിൻെറ സോഷ്യലിസ്ററു് മനോഭാവം വ്യക്തമായ രൂപം കൈക്കൊണ്ടു. അദ്ദേഹം തൻെറ പുസ്തകങ്ങളിലുള്ള പകപ്പവകാശം മാത്രമല്ല, വസ്തുക്കളിലും പണത്തിലും ഉള്ള സവ്അവകാശങ്ങളേയും ഉപേക്ഷിച്ചിട്ടു്, തൻെറ ഭൂമിയിൽ കേവലം കഷകൻെറ ജീവിതം നയിച്ചുതുടങ്ങി. എന്നാൽ പുസ്തകരചനയിൽ നിന്നു വിരമിച്ചില്ല. പുനരുത്ഥാനം, 'ഈശ്വരസാമ്രാജ്യം നിൻെറ ഉള്ളിലാണു്' 'ഇവാൻ ഇലിച്ചു്' 'മതമെന്നാലെന്തു്?' 'യുഗാവസാനം' ഇത്യാദി കൃതികളെല്ലാം ഏററക്കുറെ ധമ്മോപദേശകവും എന്നാൽ അശ്രുഭാപ്തിവിശ്വാസപൂണ്ണവുമാകുന്നു. അദ്ദേഹത്തിൻെറ ധമ്മോപദേശങ്ങൾ സാവ്ദേശീയങ്ങളാണു്. അവ അദ്ദേഹത്തിൻെറ പരോപകാരശീലത്തേയും ത്യാഗബുദ്ധിയേയും പ്രകാശിപ്പിക്കുന്നു. മഹാത്മാഗാന്ധി അദ്ദേഹത്തിനെ ഒരു അധ്യാത്മഗുരുവെന്നോണം പൂജിച്ചുപോന്നു.

ടോൾസ്റ്റായിയുടെ കൃതികൾ തജ്ജിമചെയ്യപ്പെടാത്ത ഒരു ഭാഷയും ഇല്ല.

## എഡിസൺ

താമസ് അൽവാ എഡിസൺ അമേരിക്കയിലെ ഓഹിയോ സ്റ്റേററിൽ ഉള്ള മിലാൻ എന്ന ദിക്കിൽ 1847–ാമാണ്ടു് ജനിച്ചു. പത്രക്കടലാസു വില്ക്കുന്ന ഒരു പയ്യൻെറ നിലയിൽനിന്നു് വിശ്വവിശ്രുതനായ ഒരു ശാസ്ത്രജ്ഞൻെറ പദവിയിൽ അദ്ദേഹം എത്തിയതെങ്ങനെ എന്നു നമുക്കു് ഇനി പഠിക്കാം.

വിശ്രമാവസരങ്ങളിലും രാത്രികാലത്തും ആ ബാലൻ പ്രായോഗിക ടെലഗ്രാഫി പഠിച്ചുകൊണ്ടിരുന്നു. അന്നു് ഐക്യനാടുകളിൽ നടപ്പിലിരുന്ന കമ്പിവാത്താവിതരണ പദ്ധതിക്കുള്ള ന്യൂനതകളെ പരിഹരിച്ചു് അദ്ദേഹ

ഡ്യൂപ്ലക്സ്, ട്രിപ്ലക്സ്, മൾട്ടിപ്ലക്സ് എന്നീ രീതികൾ ഏപ്പെടുത്തി. ന്യൂയാക്ക് ഗോൾഡ് ആൻഡ് സ്റ്റോക്ക് ടെലിഗ്രാഫിക്ക് കമ്പിനിയുടെ സൂപ്രണ്ടായി നിയമിക്കപ്പെട്ടപ്പോൾ, ആ രീതികൾ പൂർത്തിയാക്കാൻ അദ്ദേഹത്തിനു നല്ല സൌകര്യം ലഭിച്ചു.



എഡിസൻ

1878-ൽ അദ്ദേഹം സ്വനഗ്രാഹിയന്ത്രം കണ്ടുപിടിച്ചു. പിന്നീട് സ്വന്തമായ ഒരു വക്ക്ഷാപ്പ് സ്ഥാപിച്ചിട്ട് അദ്ദേഹം മേഗാഫോണും കൈനെറേറാസ്കോപ്പും നിർമ്മിച്ചു. ഇന്നു നമുക്കു വീട്ടിലിരുന്നുകൊണ്ടു് വിദേശങ്ങളിലുള്ളവരുമായി സംസാരിക്കുന്നതിനു സാധിക്കുന്നു;

ചിത്രങ്ങൾ കണ്ടു് ആനന്ദിക്കുന്നതിനു കഴിയുന്നു. ഇതൊക്കെ സാധിതപ്രായമായതു് എഡിസൻെറ കണ്ടുപിടിത്തങ്ങൾ കൊണ്ടാണു്. ഈ എഡിസൻ തന്നെയാണു് വൈദ്യുതദീപനരീതി പരിഷ്കരിച്ചതും.

## റൈററു് സഹോദരന്മാർ

19-ാം ശതകത്തിൽ മനുഷ്യലോകത്തിനുണ്ടായിട്ടുള്ള പുരോഗതി അത്ഭുതാവഹമാകുന്നു. ഗതാഗതവിഷയത്തിലും വാർത്താവഹനത്തിലും ആണു് ആ പുരോഗതി പ്രത്യ



വിൽബർ റൈററു്

ക്ഷമായി കാണപ്പെടുന്നതു്. ലോകം തന്നെ തീരെ ചുരുങ്ങിപ്പോയതുപോലെ നമുക്കു തോന്നുന്നു. ഭൂമിയുടെ എല്ലാ

ഭാഗങ്ങളും പരസ്പരം അടുത്തു. കമ്പിത്തപാലും, തീവണ്ടിയും, മോട്ടാർക്കാറും, സ്വനഗ്രാഹിയും വന്നു് ദൂരം എന്നൊന്നു് ഇല്ലാതാക്കി.

ആകാശവിമാനവും കമ്പിയില്ലാക്കമ്പിയും കൂടിയായപ്പോൾ, ഭൂമിയുടെ ഒരു ഭാഗവും അവിജ്ഞാതമല്ലെന്നു വന്നു. ആകാശവിമാനത്തിൻെറ കഥ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാകുന്നു. ആകാശസഞ്ചാരത്തെപ്പററിയുള്ള കഥകൾ പലതും പുരാണങ്ങളിലുണ്ടെങ്കിലും, അവയെല്ലാം വിശ്വാസയോഗ്യമല്ലാതെയാണിരിക്കുന്നതു്. ഇന്നത്തെ ഏറോപ്ലെയിനിൻെറ പിതാക്കൾ വിൽബർറൈററു്, ഓർവിൽറൈററു് എന്നീ രണ്ടു അമേരിക്കൻ സഹോദരന്മാരായിരുന്നു അവർ 1903 ഡിസംബറിൽ 300 ഗജത്തോളം ഉയരത്തിലേ പറന്നുള്ളുവെങ്കിലും, അതു് അതുവരെ സാധിച്ചിട്ടില്ലാത്ത ഒരു മഹാകാൎയ്യമായിരുന്നു. അതിനുശേഷം വ്യോമയാനത്തിനു വളരെ പുരോഗതിയുണ്ടായിട്ടുണ്ടു്. 1909-ൽ ബ്ളേറിയോ എന്ന ഫ്രഞ്ചുകാരൻ ഫ്രാൻസിൽനിന്നു് ഇംഗ്ലണ്ടിലേക്കു് ഇംഗ്ലീഷുചാനലിനു മുകളിൽകൂടി പറന്നപ്പോൾ ജനതാമദ്ധ്യേ ഉണ്ടായ അത്ഭുതം പറഞ്ഞറിവിക്കത്തക്കതല്ല. ആകാശവിമാനനിൎമ്മിതിയിൽ പല പരിഷ്കാരങ്ങളും പിന്നീടുണ്ടായെന്നു വരികിലും വ്യോമയാനത്തിൻെറ ഉപജ്ഞാതാക്കൾ എന്ന നിലയിൽ റൈററു് സഹോദരന്മാരുടെ പേരുകൾ സ്മരണീയമായിരിക്കുന്നു.

## രവീന്ദ്രനാഥടാഗോർ

### 1861—1941

അധുനികകാലത്തെ ഇന്ത്യൻ സാഹിത്യകാരന്മാരിൽ അഗ്രഗണ്യനായ ടാഗോർ കവി, ചെറുകഥാകൃത്തു്, നോവലിസ്റ്റു്, നാടകകൎത്താവു്, തത്വജ്ഞാനി, ദേശസേ

വകൻ, വിദ്യാഭ്യാസപ്രവത്തകൻ എന്നീ നിലകളിലെല്ലാം ശോഭിച്ച ഒരു മഹാനായിരുന്നു. അദ്ദേഹത്തിൻെറ കൃതികളിലെല്ലാം തീവ്രമായ ധാമ്മികബോധവും, തത്വദശ്കതവും പ്രകാശിച്ചു കാണുന്നു. ഗീതാഞ്ജലി, പഞ്ചമി



രവീന്ദ്രനാഥടാഗോർ

ച്ചന്ദ്രൻ, തോട്ടക്കാരൻ എന്നീ കൃതികളിൽ അദ്ദേഹത്തിൻെറ കവിത്വശക്തിയും തത്വജ്ഞാനവും അത്യന്തം വിക

സിതാവസ്ഥയിൽ നമുക്ക ദർശിക്കാം. ചിത്രാ, ഡാക്ഖാനാ മുതലായ നാടകങ്ങൾ വിശ്വവിഖ്യാതങ്ങളാണ്. ചെറുകഥകളും നോവലുകളും ബംഗാളിജീവിതത്തിൻെറ വിവിധ വശങ്ങളെപ്പററിയുള്ള വിശദവും സഹാനുഭൂതിയോടുകൂടിയതുമായ പഠനങ്ങളാണ്. ശുഭ, പോസ്ററുമാസ്റ്റർ, കാബൂലിവാല, ഗൃഹപ്രത്യാഗമനം എന്നീ കഥകളിൽ ഒരു ഉത്തമ കലാകാരൻെറ തൂലികയാണ് കാണപ്പെടുന്നതു്. ഗോറാ, നൌഭാംഗം, വീടും ലോകവും ഇവ വിദേശഭാഷകളിൽപോലും തജ്ജമ ചെയ്യപ്പെട്ടുകഴിഞ്ഞ വിശിഷ്ട നോവലുകളാകുന്നു. എന്നാൽ ഗീതാഞ്ജലിയാണ് അദ്ദേഹത്തിനു നോബൽ സമ്മാനം നേടിക്കൊടുത്തതു്.

കലകൾ, സമുദായപരിഷ്കരണം, വിദ്യാഭ്യാസം, ദേശീയപുനരുത്ഥാപനം മുതലായ വിഷയങ്ങളെ അധികരിച്ച് അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതീട്ടുണ്ട്. വിദ്യാഭ്യാസവിഷയകമായി അദ്ദേഹം ചെയ്തിട്ടുള്ള നിരന്തരപ്രയത്നമാണ് ശാന്തിനികേതനം എന്ന വിദ്യാലയവും വിശ്വഭാരതിയും. ചുരുക്കിപ്പറഞ്ഞാൽ ഈ അടുത്തകാലത്തുണ്ടായിട്ടുള്ള ഭാരതീയ മഹാന്മാരിൽ പ്രഥമഗണനീയർ ഗാന്ധിജിയും രവീന്ദ്രനാഥടാഗോറുമായിരുന്നു. ഗാന്ധിജി അദ്ദേഹത്തിനെ ഗുരുദേവൻ എന്ന പേരിൽ സ്നേഹിച്ചാരാധിച്ചുപോന്നിരുന്നു.

## ചോദ്യങ്ങൾ.

1. ഹാനിബാളിൻെറ റോമാക്രമണത്തിനും പരാജയത്തിനും ഉള്ള ഹേതുക്കൾ വിവരിക്കുക?
2. ക്യാപ്ററൻ കുക്കിൻെറ ദേശാടനംകൊണ്ടു ലോകത്തിനു് എന്തു പ്രയോജനം സിദ്ധിച്ചു.
3. നെപ്പോളിയൻെറ ജീവചരിത്രം സംക്ഷേപിച്ച് അദ്ദേഹത്തിൻെറ ജയാപജയങ്ങൾക്കുള്ള കാരണങ്ങൾ ചൂണ്ടിക്കാണിക്കുക?

4. 'കൈവിളക്കോട്ടുകൂടിയ മഹതി' ആര്? അവരെ ലോകം ഇന്നും ആദരിക്കുന്നതിന്റെ കാരണമെന്ത്?

5. ടോൾസ്റ്റോയി ലോകത്തിനു നൽകിയ പ്രധാന സന്ദേശമെന്ത്?

6. എഡിസന്റെ പ്രധാന കണ്ടുപിടിത്തങ്ങൾ ഏവ? അവ ലോകത്തിന്റെ പുരോഗതിയെ എങ്ങനെ സഹായിക്കുന്നു.

7. റൈററു് സഹോദരന്മാരിൽനിന്നു ലോകത്തിനു ലഭിച്ച മഹത്തായ സംഭാവനയെന്ത്?

8. രവീന്ദ്രനാഥടാഗൂർ ഏതെല്ലാം നിലയിലാണ് ഭാരതീയരുടെ ആരാധനയ്ക്കു പാത്രമായിരിക്കുന്നത്?

---

## അദ്ധ്യായം 6

# ഭൂമിയും സൂര്യനും

സൂര്യനെ ചുററി സഞ്ചരിക്കുന്ന ഗ്രഹങ്ങളിൽ ഒന്നാണ് ഭൂമി. ഭൂമി സ്വയം അച്ചുതണ്ടിൽ കറങ്ങുന്നതിനോടൊപ്പം, സൂര്യനെ ചുററി ചലിച്ചുകൊണ്ടും ഇരിക്കുന്നു. അച്ചുതണ്ടിലുള്ള ചലനം നിമിത്തമാണ് നമുക്കു രാവും പകലുമുണ്ടാകുന്നത്. 24 മണിക്കൂർകൊണ്ട് ഭൂമി ഒരു പ്രാവശ്യം കറങ്ങുന്നു; എന്നാൽ സൂര്യനെ ചുററിവരുന്നതിനു ഭൂമിക്കു 365-ൽ ചില്വാനം ദിവസങ്ങൾ വേണം. അതിനെയാണ് ഒരു ആണ്ട് എന്നു പറയുന്നത്.

ഭൂമിയുടെ ദൈനംദിനചലനത്തിന്റെ ഫലമായി നമുക്കു രാവും പകലും ഉണ്ടാകുന്നു എന്നു പറഞ്ഞല്ലോ. ഭൂമി കറങ്ങുമ്പോൾ സൂര്യന് എതിരായ അർദ്ധഗോളത്തിന് പകലും മററ ഭാഗത്തിനു രാവുമായിരിക്കും. ഒരേ അക്ഷാംശത്തിലുള്ള എല്ലാ സ്ഥലങ്ങളിലും ഒരേ സമയമാ


പകലും രാത്രിയും
സൂര്യൻ
ചന്ദ്രൻ

യിരിക്കും. ഉത്തരഗോളാർദ്ധത്തിൽ കാററുകളും, സമുദ്രപ്രവാഹങ്ങളും വലത്തോട്ടും, ദക്ഷിണഗോളാർദ്ധത്തിൽ ഇടത്തോട്ടും ചായുന്നതിനുള്ള ഹേതുവും ഈ ചലനംതന്നെ.

## ശീതോഷ്ണമേഖലകൾ

ഭൂമി ഏതാണ്ട് അണ്ഡവൃത്താകൃതിയിൽ—അല്ലെങ്കിൽ നെടുവട്ടത്തിൽ—ഉള്ള ഒരു സഞ്ചാരപഥത്തിലൂടെ പടിഞ്ഞാറുനിന്നു കിഴക്കോട്ടു സഞ്ചരിക്കുന്നു. എന്നാൽ ഭൂമിയുടെ അച്ചുതണ്ട് ക്രാന്തിമണ്ഡലം എന്നു വിളിക്കപ്പെടുന്ന സഞ്ചാരപഥത്തിൻെറ അച്ചുതണ്ടിനോട് ഏതാണ്ട 23½ ഡിഗ്രി ചരിഞ്ഞിരിക്കുന്നതിനാലാണ് ശീതോഷ്ണസ്ഥിതിഭേദങ്ങൾ ഉണ്ടാകുന്നതു്. ക്രാന്തിമണ്ഡലവും മദ്ധ്യരേഖയും തമ്മിൽ സന്ധിക്കുന്ന രണ്ടു ബിന്ദുക്കളുണ്ടു്. അവയ്ക്കു് വിഷുവബിന്ദുക്കൾ എന്നു പേർ.

ആ വിഷുവബിന്ദുക്കളിൽ ഒന്നിനു് വാസന്തികവിഷുവം (vernal equinox) എന്നും, മറേറതിനു് ശാരദവിഷുവം (autumnal equinox) എന്നും പേരു്.

സൂര്യൻ വിഷുവബിന്ദുക്കളിൽ വരുന്ന ദിവസം രാവും പകലും എല്ലായിടത്തും തുല്യമായിരിക്കും. അടുത്തദിവസം മുതല്ക്കു് അവയുടെ ദൈർഘ്യത്തിനു് വ്യത്യാസം കണ്ടുതുടങ്ങുന്നു. മാർച്ച് 21-ാംതീയതി സൂര്യൻ വാസന്തവിഷുവത്തിൽ വരുന്ന അന്നാണ് പുതിയ ദേശീയപഞ്ചാംഗത്തിലെ വർഷാരംഭം. പിറേറദിവസം മുതല്ക്കു് ഉത്തരഗോളാർദ്ധത്തിൽ പകൽ കൂടിക്കൂടിയും രാത്രി കുറഞ്ഞുകുറഞ്ഞും വരും. സൂര്യൻ ഉദിക്കുന്നതു കിഴക്കേ ക്ഷിതിജത്തിൽ വടക്കോട്ടു വടക്കോട്ടു മാറിമാറിയായിരിക്കയും ചെയ്യും. ഇങ്ങനെ സൂര്യൻ 23½ ഡിഗ്രിയോളം വടക്കുവരെ മാറി ജൂൺ 21-ാംതീയതി ഉത്തരായണ രേഖയിൽ എത്തിയാൽ പി

ന്നെ സൂൎയ്യഗതി തെക്കോട്ടായിരിക്കും. അന്നു ദക്ഷിണായനം തുടങ്ങുന്നു.

സൂൎയ്യൻ ഉത്തരായനരേഖയിൽ എത്തുമ്പോൾ, സൂൎയ്യരശ്മികൾ തെക്കോട്ടു ദക്ഷിണധ്രുവത്തിൽനിന്നു് വടക്കു് $23\frac{1}{2}$ ഡിഗ്രിയോളമേ വ്യാപിക്കയുള്ളു. ദക്ഷിണധ്രുവത്തിനു തെക്കുള്ള സ്ഥലങ്ങളിൽ അപ്പോൾ സൂൎയ്യോദയം ഉണ്ടാകുന്നില്ല. അതുപോലെ ഉത്തരധ്രുവത്തിൽ നിന്നു $23\frac{1}{2}$ ഡിഗ്രി തെക്കുള്ള ഉത്തരധ്രുവവൃത്തത്തിനും വടക്കുള്ള സ്ഥല-




ഭൂമേഖലകൾ.

ങ്ങളിൽ സൂൎയ്യാസ്തമയവും ഉണ്ടാവുന്നില്ല. ഇങ്ങനെ ആ രണ്ടു ധ്രുവപ്രദേശങ്ങളിലും അറാറു മാസങ്ങൾ കൂടിയതാണു് പകലും രാത്രിയും. അവിടെ സൂൎയ്യരശ്മികൾ പതിക്കുന്ന കാലങ്ങളിൽ തന്നെയും തണുപ്പു കൂടുതലാകുന്നു. അതിനാൽ ധ്രുവം മുതല്ക്കു $23\frac{1}{2}°$ അകലെയുള്ള ധ്രുവവൃത്തം വരെയുള്ള പ്രദേശത്തെ ശൈത്യമേഖല എന്നു വിളിക്കുന്നു. ഉത്തരശൈത്യമേഖല എന്നും ദക്ഷിണ ശൈത്യമേഖലയെന്നും രണ്ടു ശൈത്യമേഖലകൾ ഉണ്ടെന്നു പറയേണ്ടതില്ലല്ലോ. ഉത്തര ശൈത്യമേഖലയിൽ ഗ്രീഷ്മ

കാലം വരുമ്പോൾ ദക്ഷിണ ശൈത്യമേഖലയിൽ ഹേമന്തമായിരിക്കും. അതുപോലെതന്നെ മദ്ധ്യരേഖയ്ക്കു തെക്കും വടക്കും 23½ ഡിഗ്രി വരെയുള്ള പ്രദേശങ്ങളിൽ, സൂര്യരശ്മി ഏറെക്കുറെ ലംബമായി പതിക്കുന്നതുകൊണ്ട് അവിടെ ചൂടു കൂടുതലായിരിക്കുന്നു. ആ പ്രദേശങ്ങളെ ഉത്തരോഷ്ണമേഖലയെന്നും ദക്ഷിണോഷ്ണ മേഖലയെന്നുമാണ് വിളിക്കുന്നത്.

ഉത്തരോഷ്ണ മേഖലയ്ക്കും ഉത്തര ശൈത്യമേഖലയ്ക്കും ഇടയ്ക്കുള്ള ഭൂഭാഗത്തിന് ഉത്തരസമശീതോഷ്ണ മേഖലയെന്നും ദക്ഷിണോഷ്ണമേഖലയ്ക്കും ദക്ഷിണശൈത്യമേഖലയ്ക്കും ഇടയ്ക്കുള്ളതിന് ദക്ഷിണ സമശീതോഷ്ണ മേഖലയെന്നും പേർ. അതായത് ഭൂമിയെ ആറു മേഖലകളായി വിഭജിച്ചിരിക്കുന്നു. 0° അക്ഷാംശത്തിൽനിന്നു (മദ്ധ്യരേഖയിൽനിന്ന്) ഉത്തരാക്ഷാംശം 23½° വരെ ഉത്തരോഷ്ണ മേഖല; 23½° മുതല്ക്ക് വടക്കേ അക്ഷാംശം 66½° വരെ ഉത്തരസമശീതോഷ്ണമേഖല. അവിടം മുതൽക്കു ഉത്തരധ്രുവം വരെ ഉത്തരശൈത്യമേഖല. ഈ മൂന്നു മേഖലകൾ കൂടിയതാണ് ഉത്തരാൎദ്ധഗോളം. അതുപോലെ ദക്ഷിണാൎദ്ധഗോളത്തിൽ മദ്ധ്യരേഖമുതല്ക്ക് ദക്ഷിണാക്ഷാംശം 23½° വരെ ദക്ഷിണോഷ്ണമേഖല; 23½° മുതൽക്ക് ദക്ഷിണാക്ഷാംശം 66½° വരെ ദക്ഷിണസമശീതോഷ്ണമേഖല; അവിടം മുതൽക്ക് ദക്ഷിണധ്രുവംവരെ ദക്ഷിണശൈത്യമേഖല. ഈ മൂന്നും ചേന്നതാണ് ദക്ഷിണാൎദ്ധഗോളം.

മാൎച്ച് 21-ാംതീയതിയും സെപ്റ്റംബർ 22-ാംതീയതിയും സൂൎയ്യൻ മദ്ധ്യരേഖയിൽ നേർകിഴക്ക് ഉദിക്കുകയും നേരെ പടിഞ്ഞാറു് അസ്തമിക്കയും ചെയ്യുന്നു. മാൎച്ച് 21-ാംതീയതിമുതല്ക്ക് ജൂൺ 21-ാംതീയതിവരെ ഉത്തരഭൂഗോളാൎദ്ധത്തിൽ വസന്തൎത്തുവാകുന്നു. അക്കാലത്തു സൂൎയ്യൻ കിഴക്കിന്റെ വടക്കായി ഉദിക്കുകയും പടി

ഞാറിൻെറ വടക്കായി അസ്തമിക്കയും ചെയ്യുന്നുവെന്നും നോക്കിയാൽ കാണാം.

സൂര്യൻ ഉത്തരായണരേഖയിൽ വരുമ്പോൾ ഉത്തര



ഗോളാർദ്ധത്തിൽ ഗ്രീഷ്മർത്തു തുടങ്ങുന്നു. ആ ഋതു സെപ്റ്റംബർ 22-ാംതീയതിവരെ നിൽക്കുന്നു. സെപ്റ്റംബർ 22-ാംതീയതി സൂര്യൻ ശാരദവിഷുവത്തിൽ വരുന്നതിനാൽ, അന്നു് മധ്യരേഖയിൽ എല്ലായിടത്തും രാപകലു് തുല്യമായിരിക്കുന്നു. സൂര്യൻ നേർകിഴക്ക് ഉദിക്കയും നേർപടിഞ്ഞാറു് അസ്തമിക്കയും ചെയ്യുന്നതിനാലാണു് അങ്ങനെ സംഭവിക്കുന്നതു്. അന്നുമുതല്ക്കു് ഡിസംബർ 21-ാംതീയതി സൂര്യൻ തെക്കോട്ടു മാറി സഞ്ചരിക്കുന്നതായി നമുക്കു തോന്നുന്നു. അപ്പോൾ ഉത്തരഗോളാർദ്ധത്തിൽ ശരല്ക്കാലവും, ദക്ഷിണഗോളാർദ്ധത്തിൽ വസന്തവുമാണു്.

ഡിസംബർ 21-ാംതീയതി സൂര്യൻ ദക്ഷിണായനരേഖയിൽ എത്തുന്നു. അന്നുമുതല്ക്കു് ഉത്തരായണം തുടങ്ങുന്നു. മാർച്ചു് 21-ാംതീയതി വരെ ദക്ഷിണഗോളാർദ്ധത്തിൽ ഗ്രീഷ്മർത്തുവും, ഉത്തരഗോളാർദ്ധത്തിൽ ഹേമന്തവുമാണു്.

ഇങ്ങനെ വസന്തം, ഗ്രീഷ്മം, ശരത്തു്, ഹേമന്തം എന്നു നാലു ഋതുക്കൾ ആണു് നമുക്കുള്ളതു്. എന്നാൽ ഉത്തരഗോളാർദ്ധത്തിൽ വസന്തമാവുമ്പോൾ, ദക്ഷിണഗോളാർദ്ധത്തിൽ ശരത്തും, വടക്കു് ഗ്രീഷ്മമാവുമ്പോൾ തെക്കു് ഹേമന്തവും, വടക്കു് ശരത്താകുമ്പോൾ തെക്കു് വസന്തവും. വടക്കു് ഹേമന്തമാവുമ്പോൾ തെക്കു് ഗ്രീഷ്മവും ആയിരിക്കും. ഇന്ത്യ ഉത്തരഭൂഖണ്ഡത്തിലും, ആസ്ട്രേലിയ ദക്ഷിണഭൂഖണ്ഡത്തിലും ആണല്ലോ. ജനുവരിമാസത്തിൽ ഇൻഡ്യയിൽ തണുപ്പുകാലമാണു്; എന്നാൽ ആസ്ട്രേലിയയിൽ അതാണു് ഏററവും ചൂടുള്ള മാസം. ജൂലൈ മാസം ആസ്ട്രേലിയയിൽ ശൈത്യമേറുമ്പോൾ, ഇൻഡ്യയിൽ അന്നാണു് ചൂടു കൂടുതലുള്ളതു്.

പ്രാണിജീവിതം സസ്യജീവിതത്തേയും, സസ്യജീവിതം മേഖലകളേയും ആശ്രയിച്ചിരിക്കുന്നു. അതിനാൽ ഓരോ മേഖലയിലും വളരുന്ന സസ്യാദികളും, ജീവിക്കുന്നു

ജീവജാലങ്ങളും പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നതായി നാം കാണുന്നു. മാനുഷികപ്രയത്നങ്ങളും സാമ്പത്തിക വികാസങ്ങളും അതുപോലെതന്നെ മേഖലതോറും വ്യത്യസ്തരീതിയിലായിരിക്കുന്നു.

## ഉഷ്ണമേഖലയിലെ വനപ്രദേശങ്ങൾ

ഉഷ്ണമേഖലയിൽ മഴ സൂര്യനെ അനുഗമിക്കുന്നു. അതിനാൽ മഴ ധാരാളം പെയ്യുകയും, വലിയ വനപ്രദേശങ്ങൾ കാണപ്പെടുകയും ചെയ്യുന്നു. ആമസോൺ തടം, കോംഗോ നദീതടം, ഫിലിപ്പൈൻദ്വീപുകൾ ഇവ ഇതിനുദാഹരണങ്ങളാണ്. വാണിജ്യക്കാററുകളാണ് ഇവിടങ്ങളിൽ ധാരാളം മഴ പെയ്യിക്കുന്നത്. കാലവർഷക്കാററുകൾ കൊണ്ടുവരുന്ന മഴയുടെ ഫലമായി ആസ്സാം, കേരളം മുതലായ പ്രദേശങ്ങളിൽ വലിയ വനങ്ങളുണ്ട്. ഈ പ്രദേശങ്ങളിലെ മണ്ണു പ്രായേണ ചെങ്കൽമയമായും, ചുണ്ണാമ്പ്, പൊട്ടാഷ്, ഫോസ്ഫേററുകൾ മുതലായ സസ്യാഹാരധാതുക്കൾ കലന്നവയുമാണ്.

ഉഷ്ണമേഖലയിൽ ചൂട് സാമാന്യം കൂടുതലായിരിക്കും; നല്ല വർഷപാതവും കാണും. ശീതോഷ്ണസ്ഥിതിയിൽ വലിയ മാററമൊന്നും ഉണ്ടാകാത്തതിനാലും,വായുവിൻെറ നിശ്ചലതകൊണ്ടും അവിടങ്ങളിലെ ശീതോഷ്ണാവസ്ഥ മനുഷ്യരുടെ ആരോഗ്യത്തിനു ഹാനികരമായിരിക്കുന്നു. ഋതുഭേദങ്ങൾ ഈ മേഖലയിൽ പ്രത്യക്ഷമായി അനുഭവപ്പെടാറില്ലാത്തതിനാൽ, എല്ലാക്കാലങ്ങളിലും കായ്കനികളും കുരുക്കളും ലഭിക്കുന്നു. അതുകൊണ്ട് അവ തിന്നു ജീവിക്കുന്ന ഗോറില്ല, ചിമ്പൻസീ, ഒറാംഗ് മുതലായ കുരങ്ങുവർഗ്ഗങ്ങളും, അണ്ണാൻ, കടവാതിൽ, കിളിവർഗ്ഗങ്ങൾ മുതലായവയും, പടിഞ്ഞാറേ ആഫ്രിക്ക, ബോർണ്ണിയോ, തെക്കുകിഴക്കേ ഏഷ്യ മുതലായ ദേശങ്ങളിൽ ധാരാളം കാണ

2564



പ്പെട്ടന്നു. മാംസഭുക്കുകളിൽ പ്രധാനമായവ ഇൻഡ്യൻ വനങ്ങളിലെ പുലിയും,തെക്കേ അമേരിക്കയിലെ(jaguar) എന്ന പുള്ളിപ്പുലിയും, തെക്കുകിഴക്കൻ ഏഷ്യയിലെ വെരുവും ആകുന്നു.

കുളമ്പുള്ള ജന്തുക്കളിൽ പലതും ഉഷ്ണമേഖലയിൽ ഉണ്ട്. മാനുകൾ, ഏണങ്ങൾ, കാണ്ടാമൃഗം ഇവയാണു പ്രധാനം. ഇലകൾ തിന്നു ജീവിക്കുന്ന ആനയ്ക്കു് ചൂട്ട ദുസ്സഹമാണ്. അതിനാൽ അവ ഇൻഡ്യ, ബമ്മ, ആഫ്രിക്ക എന്നീ ഉഷ്ണമേഖലാപ്രദേശങ്ങളിലെ കൊടുംവനങ്ങളിൽ നിർബാധം ജീവിക്കുന്നു.

ഇൻഡ്യയിലേയും ആഫ്രിക്കയിലേയും അണ്ണാക്കണ്ണനും, പറക്കുന്ന അണ്ണലും, മെക്സിക്കോവിലും, ബ്രസീലിലും ഉള്ള മരംകേറുന്ന മുള്ളനും, തെക്കേ അമേരിക്ക, ഇൻഡ്യ, ആഫ്രിക്ക ഇവിടെയൊക്കെ ഉള്ള ഉറുമ്പുതീനികളും, ന്യൂഗിനിയിലും, ക്വീൻസിലണ്ടിലും ഉള്ള ഉഷ്ണമേഖലാവനങ്ങളിൽ ജീവിക്കുന്ന കംഗാരുവും പ്രത്യേകം പ്രസ്താവ്യങ്ങളാണ്.

ഈ മേഖലാപ്രദേശങ്ങളിലെ വനഭൂമികൾ മനുഷ്യവാസത്തിനു പററിയവയല്ല. അതിനാൽ അവിടെയുള്ളവർ ദയനീയമായ ജീവിതം നയിക്കുന്നു. അവർ അപൂർവ്വമായിട്ടേ കൃഷിയിൽ പ്രവേശിക്കാറുള്ളു. അവരുടെ ആയുധങ്ങൾ തീരെ അപരിഷ്കൃതമാണ്; വസ്ത്രങ്ങൾ ധരിക്കുന്നതുതന്നെ ചുരുക്കം. കാകനികൾ തിന്നും വേട്ടയാടിയും അവർ ജീവിക്കുന്നു. ആമസോൺ തടത്തിലെ വന്യമനുഷ്യരും ആഫ്രിക്കൻ പിഗ്മികളും മററും അതിനു ദൃഷ്ടാന്തങ്ങളാണ്.

പരിഷ്കാരം പതുക്കെ പതുക്കെ അവിടങ്ങളിലും പ്രവേശിച്ചുവരുന്നുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.

## ഉഷ്ണമേഖലകളിലെ പുൽപ്രദേശങ്ങൾ



ഇവിടെ ചൂടു കൂടിയും മഴ മിതമായും ഇരിക്കുന്നു. അതിനാൽ വന്യപ്രദേശങ്ങളിലേക്കാറം ജനങ്ങൾ കൂടുതൽ കാണപ്പെടുന്ന ബ്രസീലിലെ കാമ്പോസ്, വെനിസുഘായിലെ ലാനോസ്, വടക്കേ അമേരിക്കയിലെ സൂസാൺ സമതലങ്ങൾ, മദ്ധ്യആഫ്രിക്കയിലെ സാംബെസീതടം, ഉത്തരഇൻഡ്യ, ഡക്കാൺ, സയാം, വടക്കേ ആസ്ത്രേലിയയിലെ സമുദ്രതീരപ്രദേശം ഇവിടെ ഒക്കെ വിസ്തൃതങ്ങളായ പുൽപ്രദേശങ്ങളുണ്ടു്. ഇൻഡ്യൻ സാവന്നാപ്രദേശങ്ങളൊഴിച്ചു് മറ്റെല്ലാ പുൽപ്രദേശങ്ങളിലും ജനങ്ങൾ പ്രായേണ പിന്നാക്കമാണു്. അവർ വേട്ടയാടിയും ആട്ടുമാട്ടുകളെ മേച്ചും, കായ്കനികൾ ശേഖരിച്ചും ചില്ലറ കൃഷികൾ നടത്തിയും ജീവിതം നയിക്കുന്നു.

ഇൻഡ്യയിലെ സാവന്നാപ്രദേശങ്ങളിൽ മതിയാവോളം മഴയുള്ളതുകൊണ്ടു് കൃഷിക്കു നല്ല വികാസം സംഭവിച്ചിട്ടുണ്ടു്. നെല്ലു്, ചണം, ചോളം, പരുത്തി, ഗോതമ്പു്, യവം ഇവയെല്ലാം കൃഷിചെയ്യുവരുന്നു. ഡക്കാണിൽ മാത്രം ആട്ടുവളത്തലാണു് പ്രധാന തൊഴിൽ.

## ഉഷ്ണമേഖലയിലെ മരുപ്രദേശങ്ങൾ

1. വടക്കേ അമേരിക്കൻ മരുപ്രദേശം.
2. തെക്കേ അമേരിക്കയിലെ അററക്കാമാ.
3. കിഴക്കൻ പാററഗോണിയാ.
4. കലഹാരി മരുഭൂമി.
5. ആഫ്രിക്കയിലെ സഹാറാ.
6. അറേബ്യൻ മരുഭൂമി.
7. പെർഷ്യൻ മരുഭൂമി.
8. താർ എന്ന ഇൻഡ്യൻ മരുഭൂമി.
9. ടൂറാൻ (തുർക്കിസ്ഥാനിൽ).


മധ്യരേഖ
സമശീതോഷ്ണമേഖലാമരുപ്രദേശങ്ങൾ
ഉഷ്ണമേഖലാ മരുപ്രദേശങ്ങൾ
ശീതമേഖലാമരുപ്രദേശങ്ങൾ

10. ഗോബി.

11. ആസ്ട്രേലിയൻ മരുഭൂമി.

ഇവയെല്ലാം മഴയില്ലാതെ വിഷമിക്കുന്ന പ്രദേശങ്ങളാണ്. ചൂട്ട കൂടിയും മഴ ഇല്ലാതെയും ഇരിക്കുന്നതിനാൽ ജനങ്ങൾ കുറയും; ഉള്ളവർ ഒരു സ്ഥലത്തു സ്ഥിരതാമസക്കാരായിരിക്കയുമില്ല.

കൃത്രിമജലസേചനത്താൽ ഈ പ്രദേശങ്ങളെ സസ്യസമൃദ്ധമാക്കിത്തീർക്കാനുള്ള യത്നങ്ങൾ നടന്നുവരുന്നു. ഇപ്പോൾ അവിടെ ഈന്തൽപന, കരിമ്പന മുതലായവ മാത്രമേ വളരുന്നുള്ളു. കലഹാരിമരുഭൂമിയിൽ സിംഹവും ഒട്ടകപ്പക്ഷിമാനും, സഹാറയിൽ ചെവിയൻ കുറുനരിയും, വടക്കേ അമേരിക്കൻ മരുപ്രദേശത്ത് കാട്ടുകഴുതയും ജീവിക്കുന്നു.

## ഉപോഷ്ണമേഖലാപ്രദേശങ്ങൾ

കാലിഫോർണിയായുടെ തെക്കുപടിഞ്ഞാറെത്തീരം, മധ്യചിലി, ആഫ്രിക്കയുടെ തെക്കേ തീരവും മെഡിറ്ററേനിയൻതീരവും, യൂറോപ്പിന്റെ മെഡിറ്ററേനിയൻതീരപ്രദേശം, ഏഷ്യാമൈനർ, സിറിയാ, ആസ്ട്രേലിയയുടെ തെക്കുപടിഞ്ഞാറും ദക്ഷിണമധ്യപ്രദേശത്തും ഉള്ള തീരഭൂമികൾ ഇവയാണ് അവയിൽ പ്രധാനം. കന്നുകാലിവളർത്തൽ, ഗോതമ്പുകൃഷി, പഴവർഗ്ഗക്കൃഷി ഇവയാണ് പ്രധാന തൊഴിലുകൾ. ശീതോഷ്ണസ്ഥിതി വളരെ സുഖാവഹമായിരിക്കുന്നതിനാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. പല പ്രാചീന പരിഷ്കാരങ്ങൾ ഈ പ്രദേശത്താണുണ്ടായിട്ടുള്ളത്. പട്ടുവ്യവസായം, ഖനിവ്യവസായം, തടിവ്യാപാരം ഇവയും വളരെ വികസിച്ചിട്ടുണ്ട്.

ഈ പ്രദേശങ്ങളെല്ലാം വരണ്ട ഉപോഷ്ണമേഖലാപ്രദേശങ്ങളാണെങ്കിൽ, തെക്കുകിഴക്കേ ഐക്യരാജ്യപ്ര

ദേശം, തെക്കേ ബ്രസീൽ, നേററൽ, ചൈനയുടെ മധ്യ ദക്ഷിണഭാഗങ്ങൾ, തെക്കേ ജപ്പാൻ, ആസ്ട്രേലിയയുടെ കിഴക്കേ തീരം ഇവ നനവുള്ള ഉപോഷ്ണമേഖലാപ്രദേശങ്ങളാകുന്നു. ഇവിടെ ഗ്രീഷ്മർത്തുവിൽ ധാരാളം മഴ പെയ്യുന്നു. ശീതോഷ്ണസ്ഥിതി സുഖാവഹമാണ്. ധാരാളം മഴ പെയ്യുന്നതിനാലും, മണ്ണ് ഫലപുഷ്ടി ഉള്ളതായതുകൊണ്ടും കൃഷിക്ക നല്ല സൌകര്യമുണ്ട്. യൂക്കാലിപ്ററസ്, മുള, കർപ്പൂരമരം ഇവ വനപ്രദേശങ്ങളിൽ നട്ടുവളർത്തിവരുന്നു. നെല്ല്, ചോളം, പരുത്തി, കരിമ്പ് ഇവ വിപുലമായ തോതിൽ മധ്യചൈനയിലും ഐക്യനാട്ടുകളുടെ തെക്കേഭാഗത്തും കൃഷി ചെയ്യപ്പെടുന്നു. മഞ്ഞിൻെറ കാഠിന്യമില്ലാത്തതും ജലസമൃദ്ധിയുള്ളതുമായ ഇതര ഭാഗങ്ങളിൽ ഗോതമ്പ്, യവം, പുല്ലുണ്ണക്കരുക്കൾ, തിന മുതലായവയും വളരുന്നു. ചൈനയിലും തെക്കുകിഴക്കേ ആഫ്രിക്കൻദേശങ്ങളിലും തേയിലക്കൃഷിയും നടത്തുന്നുണ്ട്. ചൈനയിൽ അമാറത്തി ((mulberry) ധാരാളമുള്ളതിനാൽ, പട്ടുനൂൽവ്യവസായത്തിനു് ആ രാജ്യം പ്രസിദ്ധമാണ്. ഫ്ളാറിഡായിൽ മെഡിററേനിയൻ ശീതോഷ്ണസ്ഥിതിയുള്ളതുകൊണ്ട് അവിടെ മധുരനാരകവും അറഞ്ചും കൃഷി ചെയ്യപ്പെടുന്നു.

വന്യമൃഗങ്ങൾ ഇവിടെ കുറവായിരിക്കുന്നതു്, കാട്ടു വെട്ടിത്തെളിച്ച് മിക്ക സ്ഥലങ്ങളും കൃഷിഭൂമിയാക്കപ്പെട്ടതുകൊണ്ടാകുന്നു. കോഴി, പട്ടുനൂൽപ്പുഴു, പന്നികൾ മുതലായവയാണ് സാധാരണ വളർത്തപ്പെടുന്നതു്. ഇപ്പം കലന്ന ഈ പ്രദേശങ്ങൾ ഭൂമിയിലെ പകുതിയോളം ജനങ്ങൾക്ക് ആഹാരസാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുവെങ്കിലും ഫ്ളാറിഡാ ഒഴിച്ചുള്ള മററു ദേശങ്ങൾ ആരോഗ്യത്തിനു പററിയതല്ല.

സമശീതോഷ്ണപ്രദേശങ്ങളെ, പുൽപ്രദേശങ്ങൾ ഇല പൊഴിക്കുന്ന ഫലവൃക്ഷങ്ങളോടുകൂടിയ പ്രദേശങ്ങൾ എന്നു രണ്ടായി തിരിക്കാം.

വടക്കേ അമേരിക്കയിലെ പ്രയറികൾ, അർജൻറീനയിലെ പാമ്പാസ്, പടിഞ്ഞാറേ പാററഗോണിയ, കലഹാരി മരുഭൂമിക്കും തെക്കേ അഫ്രിക്കയ്ക്കും മദ്ധ്യത്തിലുള്ള വെൽട്ട്, ഗ്രേററ് കാരൂ എന്ന ദേശങ്ങൾ, തെക്കേ റഷ്യയിലും മദ്ധ്യസൈബീരിയയിലും ഉള്ള സ്റ്റെപ്പീസ്, മഞ്ചൂറിയയുടേയും കൊറിയയുടേയും പടിഞ്ഞാറേ ഭാഗം, വടക്കു പടിഞ്ഞാറേ ആസ്ത്രേലിയ, തെക്കുകിഴക്കേ ആസ്ത്രേലിയയിലെ മുറേ ഡാർലിങ് തടം ഇവ പുൽപ്രദേശങ്ങളാകുന്നു. ഇവിടങ്ങളിൽ മണ്ണിനു നല്ല ഉരമുണ്ട്. ശീതോഷ്ണസ്ഥിതി മിതവും സുഖപ്രദവുമാണ്. അതിനാൽ ഗോതമ്പ്, യവം, ചോളം മുതലായവ ധാരാളം കൃഷിചെയ്യപ്പെടുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്നു; അവർ പരിഷ്കാരത്തിൽ മുന്നിട്ടുനില്ക്കുകയും ചെയ്യുന്നു.

മദ്ധ്യഏഷ്യയിലെ പുൽപ്രദേശങ്ങളിൽ സൈഗ് ഏണങ്ങളും, രോഹിഷമൃഗങ്ങളും, കാട്ടുകുതിര, കാട്ടുകഴുത, ഇരട്ടക്കുളമ്പുള്ള ഒട്ടകം ഇവയും, അമേരിക്കൻ പുൽപ്രദേശങ്ങളിൽ കാട്ടുപോത്ത്, മലയെലി, പ്രാങ്ബക്ക് എന്ന കലമാനും കാണപ്പെടുന്നു. വളരെ ഫലപുഷ്ടിയുള്ള പ്രദേശങ്ങളാണിവ.

കിഴക്കേ ഐക്യനാടുകൾ, തെക്കേ ചിലി, ബ്രിട്ടീഷ് ദ്വീപുകൾ ഉൾപ്പെടെയുള്ള പശ്ചിമ മദ്ധ്യയൂറോപ്പ്, വടക്കു കിഴക്കേ ചീനാ, ഉത്തരജപ്പാൻ, ഡക്കാണിലെ ചില പ്രദേശങ്ങൾ, ബർമ്മയിലെ ഇരാവതീതടം, ന്യൂസീലണ്ട്, ടാസ്മീനിയാ മുതലായവ ഫലവൃക്ഷനിബിഡമായ സമശീതോഷ്ണമേഖലാപ്രദേശങ്ങളാണ്.

ഇവിടങ്ങളിലെ മണ്ണ് പ്രകൃത്യാ നല്ല ഉരമുള്ളതല്ല. അതിനാൽ കൃത്രിമവളങ്ങൾ ധാരാളം ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഗോതമ്പ്, യവം, ഉരുളൻകിഴങ്ങ്, മധുരക്കിഴങ്ങ് മുതലായവ കൃഷിചെയ്യാം. ഇരുമ്പും കൽക്കരിയും ധാരാളം കിട്ടുന്നതിനാൽ ഈ പ്രദേശങ്ങൾ വ്യവസായത്തിൽ മുന്നിട്ടുനിൽക്കുന്നു. കാലാവസ്ഥ കൂടക്കൂടെ മാറിക്കൊണ്ടിരിക്കുന്നതുകൊണ്ട് ജനങ്ങൾ നല്ല ദൃഢഗാത്രരായിരിക്കുന്നു. ഓക്ക്, ബീച്ച്, മാപ്പിൾ, ഭൂർജ്ജവൃക്ഷം, നാരകം, തുലിപ്, പോപ്ലർ മുതലായവയാണ് ഈ പ്രദേശങ്ങളിലെ പ്രധാന വൃക്ഷങ്ങൾ.

## ശീതമേഖലപ്രദേശങ്ങൾ

ഉത്തരധ്രുവം, അമേരിക്കയിലെ തുന്ദ്രാസ്, ഗ്രീൻലണ്ട്, അൻഡീസ്, ദക്ഷിണധ്രുവം, യൂറോഷ്യയിലെ തുന്ദ്രാസ് ഇവ ശൈത്യമേറിയ പ്രദേശങ്ങളാണ്. ഇവിടെ കൃഷി സാദ്ധ്യമല്ല. സസ്യങ്ങളും വിരളമാകുന്നു. അവിടെയുള്ള ജന്തുക്കളിൽനിന്നും വിലയേറിയ തുവലുകളും ഫർ (തൊപ്പത്തോൽ) എന്ന ചർമ്മവിശേഷവും ലഭിക്കുന്നു. എസ്കിമോനായ്, ധ്രുവീയ ജംബുകം, വെള്ളനീർനായ്, വെള്ളക്കരടി മുതലായ ജന്തുക്കൾ ഉത്തരധ്രുവപ്രദേശങ്ങളിലുണ്ട്. ലാപ്സ്, എസ്കിമോ മുതലായ വർഗ്ഗക്കാർ ആണ് അവിടെ ജീവിക്കുന്നതു്. എസ്കിമോകൾ ഹേമന്തകാലത്ത് ഭൂമി തുരന്നുണ്ടാക്കുന്ന ഗുഹകളിൽ പാർക്കയും, നായ്ക്കളാൽ വലിക്കപ്പെടുന്ന സ്ലെഡ്ജുകളിൽ സഞ്ചരിക്കയും ചെയ്യുന്നു. മാംസം, മത്സ്യം പക്ഷികളുടെ മുട്ടകൾ മുതലായവയാണ് അവരുടെ ആഹാരം. അവരുടെ ആയുധങ്ങൾ അപരിഷ്കൃതങ്ങളാണ്. തൊപ്പത്തോലുകൊണ്ടുള്ള ഉടുപ്പുകൾ ധരിക്കുന്നു. ഉത്തരധ്രുവപ്രദേശങ്ങളിൽ ജനങ്ങൾ മകരമത്സ്യത്തെ വേട്ടയാടി ജീവിക്കുന്നു.

2564

## ചോദ്യങ്ങൾ

1. ശീതോഷ്ണ സ്ഥിതിഭേദങ്ങൾക്കുള്ള കാരണമെന്തു്?
2. ഭൂമിയെ എത്ര മേഖലകളായി തിരിച്ചിരിക്കുന്നു. എന്തു് അടിസ്ഥാനത്തിൽ?
3. പ്രാണിജീവിതം സസ്യജീവിതത്തേയും, സസ്യജീവിതം പ്രാണിജീവിതത്തേയും ആശ്രയിക്കുന്നു എന്നുള്ളതിനു ചില ഉദാഹരണങ്ങൾ പറക.
4. വിവരിക്കുക:—
    1. ഉഷ്ണമേഖലയിലെ വനപ്രദേശങ്ങൾ.
    2. ഉഷ്ണമേഖലയിലെ പുൽപ്രദേശങ്ങൾ.
    3. ഉഷ്ണമേഖലയിലെ മരുപ്രദേശങ്ങൾ.
5. ഉപോഷ്ണമേഖലകളുടെ സ്വഭാവം എന്തു്?
6. ഇൻഡ്യയിൽ വസന്തമാവുമ്പോൾ ആസ്ത്രേലിയയിൽ ശരത്താവാൻ കാരണമെന്തു്?
7. ഉഷ്ണമേഖലാ പ്രദേശങ്ങളിലെ വനഭൂമികൾ മനുഷ്യവാസത്തിനു പററിയതല്ലാത്തതു് എന്തുകൊണ്ടു്?
8. കാരണം പറക:—
    1. പുൽപ്രദേശങ്ങളിലെ ജനങ്ങൾ പ്രായേണ പരിഷ്കാരത്തിൽ പിന്നാക്കമാണു്.
    
       ഇൻഡ്യ, ബർമ്മ, ആഫ്റിക്ക എന്നീ ഉഷ്ണമേഖലകളിലെ കൊട്ടംവനങ്ങളിൽ ആന നിർബ്ബാധം ജീവിക്കുന്നു.
    3. ഇൻഡ്യയിലെ സാവന്നാപ്രദേശങ്ങളിൽ കൃഷിക്കു നല്ല വികാസം സംഭവിച്ചിരിക്കുന്നു.
    4. വരണ്ട ഉപോഷ്ണ ശീതമേഖലാപ്രദേശങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.

---

Printed at the V. V. Press, Quilon.

UL ISLAM HIGH SCHOOL
ERNAKULAM
2564

2564

ISLAND HIGH SCHOOL
2564
ERNAKULAM

# സാമൂഹ്യപാഠങ്ങൾ

ഏഴാം സ്റ്റാൻഡേർഡിലേയ്ക്കു്

എസ്സ് ആർ ബുക്ക് ഡിപ്പോ
തിരുവനന്തപുരം